T61
S58

Malayalam Text Series

Intermediate Examination

1937.

# ത്രിപുരദഹനം

(പറയൻതുള്ളൽ)

---

ശ്രീമാൻ കെ. ശങ്കരപ്പിള്ള അവർകൾ ബി. ഏ.
എഴുതിയ
നിരൂപണവും വ്യാഖ്യാനവും കൂടിയുള്ളതു്.

---

1/54

KERALA KESARI PRESS, TRIVANDRUM.

1935.

---

ാഖ്യാതാവിൻെറ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു.

# Malayalam Text Series

## Intermediate Examination

## 1937.

# ത്രിപുരദഹനം

(പറയൻതുള്ളൽ)

---

ശ്രീമാൻ കെ. ശങ്കരപ്പിള്ള അവർകൾ ബി. ഏ.

എഴുതിയ

നിരൂപണവും വ്യാഖ്യാനവും കൂടിയുള്ളതു്.

---

KERALA KESARI PRESS, TRIVANDRUM.

1935.

DEFINITOR... CANCELLED ... No. ... LIBRARY

DHARMARAM COLLEGE LIBRARY BANGALORE 3950

S. H. BOOK DEPOT CHANGANACHERRY

---

വ്യാഖ്യാതാവിന്റെ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു.

# ശുദ്ധിപത്രിക

| ഭാഗം | | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|---|
| അവതാരിക | | | | |
| പേജ് | 4 | 25 | മെയ്പഴക്കാ | മെയ്വഴക്കാ |
| ,, | 12 | 3 | അത്ര്യയും | അത്ര്യയ്ക്കു |
| ,, | 14 | 7 | മുഖ | മുഖ്യ |
| ,, | 15 | 22 | ഹനത്തിനു | ഹനത്തിനെ |
| ,, | ,, | , | ഹതയ്യു | ഹിക്കുന്നു |
| ,, | 18 | 14 | ക്രൂടിയം | ക്രൂടിയ |
| ,, | 19 | 13 | പരിത്യാജ്യം | അപരിത്യാജ്യം |
| ,, | 20 | 5 | രീതി | രീതിയ്ക്കു |
| ,, | 22 | 5 | സ്വരള | സരള |
| ,, | ,, | 9 | എന്നു | എന്നും |
| ,, | ,, | 11 | ശക്തരി | ശക്തര |
| ,, | 27 | 15 | ആശകുള | ആശയങ്ങളേ |
| പാഠം | 3 | 63 | ഈശര | ഈശ്വര |
| ,, | 8 | 1 | വനായ | ഭവനായ |
| ,, | 10 | 279 | കുട | കുംഭ |
| ,, | 11 | 298 | അധവിധി | അധമവിധി |
| ,, | 16 | 455 | | |
| ,, | ,, | 456 | ത്ധ | ദ്ധ |
| ,, | ,, | 458 | ബ്ധടാഹം | ബ്ധകടാഹം |
| ,, | 17 | 488 | കഞ്ചന | കാഞ്ചന |
| ,, | 18 | 509 | ങ്ങടയ്ക്കുന്നു | ങ്ങളടയ്ക്കുന്നു |
| ,, | 19 | 540 | നിങ്ങളുടെ | നിങ്ങടെ |
| ,, | 20 | 553 | പാടരെ | പാഴരൊ |
| ,, | 22 | 614 | ക്കില്ലിലെ | ക്കിലേ |
| ,, | 27 | 777 | മാനങ്ങൾ | പാ നങ്ങൾ |
| രണ്ടാംകളം | 29 | 21 | സമുഖ | സമമുഖ |
| ,, | 31 | 77 | കൊട്ടുത്തു | കെട്ടുത്തു |
| ,, | 39 | 296 | ഈശ്വൻ | ഈശ്വരൻ |
| ,, | 40 | 315 | ക്രൂടെ | ക്രൂടവേ |
| ,, | ,, | 342 | പൊങ്ങിയെന്നല്ല | പൊങ്ങി |
| ,, | ,, | ,, | മെന്നല്ല | മെന്നെല്ലാം |
| ,, | 41 | 355 | സരജി | സരസി |

# അവതാരിക.

ഭാഷാസാഹിത്യത്തിൽ, എഴുത്തച്ഛൻ കഴിഞ്ഞാൽ പിന്നത്തെ ഉയൎന്ന സ്ഥാനം കലക്കത്തു കുഞ്ചൻനമ്പ്യാൎക്കുതന്നെ കിട്ടുന്നു. താൻ പുതുതായി നടപ്പിൽവരുത്തിയ തുള്ളൽപ്രസ്ഥാനം, രചിച്ചിട്ടുള്ള കൃതികളുടെ ബാഹുല്യം, അവയിലെ രസസമൃദ്ധി, എന്നീ കാരണങ്ങളാണു് അദ്ദേഹത്തിനെ ഈ സ്ഥാനത്തിന്നൎഹനാക്കുന്നതു്. ആധുനികമലയാളഭാഷയുടെ ജനിതാവെന്ന നിലയ്ക്കു എഴുത്തച്ഛനെ ഒരാചാൎയ്യനായും, ആയതിനു ഒരു ശതാബ്ദം കഴികെ നാന്ദോൻമുഖപുഷ്ടി വരുത്തിയ കുഞ്ചൻനമ്പ്യാരെ നയജ്ഞനായ തൽപ്രചാരകനായും മലയാളികൾ ആദരിച്ചുവരുന്നു.

## I. ജീവചരിത്രം.

മുൻകാലങ്ങളിലെ കേരളീയകവികളുടെ ജീവചരിത്രങ്ങളെ സാധാരണ ബാധിച്ചുകാണുന്ന അജ്ഞാനതിമിരം കുഞ്ചൻനമ്പ്യാരുടെ ജീവിതഘട്ടത്തേയും വ്യാപിച്ചിട്ടുണ്ടെങ്കിലും, തൽകൃതികളിലെ ആഭ്യന്തരലക്ഷ്യങ്ങളോടുകൂടി അന്നത്തേചില ചരിത്രവസ്തുതകളേ കൂട്ടിയിണക്കിനോക്കുമ്പോൾ നമ്പ്യാരുടെ കാലം ഏറെക്കുറെ നിൎണ്ണയിക്കാൻ തരമുണ്ടെന്നു കാണുന്നു.

നമ്പ്യാരുടെ ജനനം കൊച്ചിയിൽ തിരുവില്വാമലയ്ക്കടുത്തുള്ള കിള്ളിക്കുറിശ്ശിമംഗലം ഗ്രാമത്തിലെ "കലക്കത്തു" എന്ന കുടുംബഭവനത്തിലായിരുന്നു. കേരളത്തിലെ പഴയ തറവാട്ടുപാരമ്പൎയ്യമനുസരിച്ചു നമ്പ്യാരുടെ കൌമാരംവരെയുള്ള ആദ്യഘട്ടം, ഗുണവതിയായ സ്വമാതാവിന്റെ പരിചരണവും സംസ്കൃതപണ്ഡിതനായ സ്വമാതുലന്റെ സംരക്ഷയും ഏറ്റുതന്നെ വഴിയാംവണ്ണം കഴിഞ്ഞുകൂടി. "ഐരാവതപൂജ" എന്ന തുള്ളൽ കൃതിയിലെ പാണ്ഡവന്മാർ കുന്തിയോടു കാണിക്കുന്നതായി നമ്പി

യാർ വിവരിക്കുന്ന മാതൃഭക്തിലക്ഷ്യങ്ങൾ, നമ്പിയാരുടെ സ്വന്തം മാതൃപൂജയുടെ പ്രതിബിംബസ്മരണയായിട്ടുതന്നെ വിചാരിക്കണം.

കുഞ്ചൻനമ്പ്യാരുടെ സാക്ഷാത്തായ പേരു 'രാമൻ' എന്നാണെന്നും അതല്ല 'കൃഷ്ണൻ' എന്നാണെന്നും, അഭിജ്ഞന്മാരുടെ ഇടയിൽത്തന്നെ ഈയിടയ്ക്കു പരസ്പരം അഭിപ്രായവ്യത്യാസം ഉണ്ടായിട്ടുള്ളതായിക്കാണുന്നു. ചന്ദ്രികാവീഥി, ലീലാവതി, സീതാരാഘവം മുതലായ സംസ്കൃതരൂപകങ്ങളുടെ കർത്താവായ രാമപാണിവാദനും കലക്കത്തു കുഞ്ചൻനമ്പ്യാരും ഒരാൾതന്നെ എന്ന് ഇപ്പോൾ ഉണ്ടായിട്ടുള്ള പണ്ഡിതാഭ്യൂഹത്തിനു്, വിദഗ്ദ്ധദൃഷ്ടിയിൽ കാണുന്ന രണ്ടു പ്രധാന വൈകല്യങ്ങളേമാത്രം ഇവിടെ കുറിക്കാം. ൧. കുഞ്ചൻനമ്പ്യാരുടെ സ്വദേശം, കൊച്ചിയിലുള്ള "കിള്ളിക്കുറുശ്ശിമംഗല"വും, രാമപാണിവാദൻെറ സ്വദേശം വെട്ടത്തുനാട്ടിലുള്ള (മലബാറിലെ) വെറും മംഗലവും ആണെന്നു അവരവരുടെ കൃതികൾകൊണ്ടുതന്നെ തെളിയുന്നുണ്ടു്. 'മംഗലം' എന്ന പേരുള്ള ഒരു പ്രദേശം കൊച്ചിയിൽ തിരുവില്വാമലയ്ക്കടുത്തും മറെറാന്നു,മലബാറിലെ തൃപ്രങ്ങോട്ടുക്ഷേത്രത്തിനടുത്തും ഇപ്പോഴും ഉണ്ടെന്നു കാണുന്നു. കുഞ്ചൻനമ്പ്യാർ തൻെറ കൃതികളുടെ പ്രാരംഭത്തിൽ വന്ദിച്ചിരിക്കുന്നതു "കിള്ളിക്കുറിശ്ശി"യിലൊ, അതിൻെറ സംസ്കൃതരൂപമായ "ശുകപുരി"യിലൊ ഉള്ള ഭഗവതിയെയാകുന്നു. "കിള്ളിക്കുറിശ്ശി"യെന്ന പൂർവപദത്തെച്ചേർക്കാതെ മംഗലംതന്നെയായി ഈ സ്ഥലത്തെ കുഞ്ചൻനമ്പ്യാർ തൻെറ കൃതികളിലൊന്നിലും നിർദ്ദേശിച്ചുകാണുന്നില്ല. നേരേമറിച്ചു ചന്ദ്രികാവീഥിയിലെ പ്രസ്താവനയിൽ വെട്ടത്തുനാട്ടിലുള്ള തൃപ്രങ്ങോട്ടു ക്ഷേത്രപ്രതിഷ്ഠയായ ശിവൻെറയും (കിള്ളിക്കുറിശ്ശിയെന്ന പൂർവപദം കൂടാതെയുള്ള വെറും മംഗലഗ്രാമവാസിയായ തൻെറയും കാര്യങ്ങളാണു പാണിവാദൻ കുറിച്ചിട്ടുള്ളതു്. അതിനാൽ കൊച്ചിയിലെ മംഗലം കുഞ്ചൻനമ്പ്യാരുടെ സ്വദേശമായ കിള്ളിക്കുറിശ്ശിമംഗലമെന്നും, വെട്ടത്തുനാട്ടിലെ വെറും മംഗലമെന്ന ഗ്രാമം സംസ്കൃതകവിയായ രാമപാണിവാദൻെറ സ്വദേശമെന്നും

ഗ്രഹിക്കാവുന്നതാണു്. വ. രാമപാണിവാദൻെറ മുഖ്യഗുരു, ഒരു നാരായണഭട്ടതിരിയായിരുന്നുവെന്നു അദ്ദേഹത്തിൻെറ കൃതികൾ കൊണ്ടുതന്നെ കാണാം. എന്നാൽ അങ്ങനെ ഒരു ഗുരു കുഞ്ചൻ നമ്പ്യാക്കു ഉണ്ടായിരുന്നെങ്കിൽ തൻെറ കൃതികളുടെ പ്രാരംഭത്തിൽ മററു ഗുരുക്കന്മാരെ വാഴ്ത്തിയിരിക്കുന്ന കൂട്ടത്തിൽ, ഇദ്ദേഹത്തെ പേരുപറഞ്ഞു സ്തുതിക്കാതിരിക്കില്ലതന്നെ. സ്വതേ ബ്രാഹ്മണ ഭക്തനായ നമ്പിയാർ, ബ്രാഹ്മണരെ പൊതുവേയും ദ്രോണമ്പള്ളി ആചാര്യനെ പ്രത്യേകിച്ചും സ്തുതിച്ചുകാണുന്നുണ്ടു്. എന്നാൽ തൻെറ തുള്ളൽകൃതികളിലെങ്ങും, ഈ നാരായണഭട്ടതിരിയെപ്പററി പ്രസ്താവിച്ചുകാണാത്തതിനാൽ, അങ്ങനെയൊരു ഗുരു നമ്പ്യാക്കു ണ്ടായിരുന്നിരിക്കാനിടയില്ലെന്നുവേണം വിചാരിക്കുവാൻ. അതിനാൽ കുഞ്ചൻനമ്പ്യാരും രാമപാണിവാദനും രണ്ടും രണ്ടുതരത്തിലുള്ള കവികൾ എന്നു വിശ്വസിക്കാനെ തരമുള്ളു എന്നാണു് ഈ വിദ്വൽപക്ഷം.

സ്വമാതുലൻെറ അദ്ധ്യാപനംകൊണ്ടു സംസ്കൃതത്തിൽ സാമാന്യവ്യുൽപത്തി സമ്പാദിച്ചശേഷം, കുഞ്ചൻനമ്പ്യാർ ഒരു ചെറിയ ദേശസഞ്ചാരം ചെയ്തതായിക്കാണുന്നു. തൻെറ കുടുംബം സമ്പൽസമൃദ്ധമല്ലാതിരുന്നതുകൊണ്ടു് വല്ല പ്രഭുക്കളേയും ആശ്രയിച്ചു്, അന്നത്തെ നിലയ്ക്കു മാന്യമായ ഉപജീവനം കഴിക്കണമെന്നു കരുതിത്തന്നെയായിരിക്കണം, നമ്പ്യാർ ഈ ഘട്ടത്തിൽ ദേശസഞ്ചാരം ചെയ്തിട്ടുള്ളതു്. ഈ സഞ്ചാരത്തിനിടയ്ക്കു വടക്കാഞ്ചേരിക്കു് അടുത്തുള്ള "തിങ്കൾക്കാടെ"ന്ന സ്ഥലത്തെ ഒരില്ലത്തു്, നമ്പ്യാർ ചെന്നു താമസിച്ചതായും, അവിടെവെച്ചു അന്തർജ്ജനങ്ങളുടെ ആവശ്യത്തിനായി "രുഗ്മിണീസ്വയംവരം പത്തുവൃത്തം" അദ്ദേഹം രചിച്ചതായും തെളിയുന്നുണ്ടു്. നമ്പിയാരുടെ ഇത്താമസത്തെപ്പററിയുള്ള സ്മരണയെ പിൽക്കാലത്തു അദ്ദേഹം രചിച്ച നളചരിതം തുള്ളലിലെ 'ഹരിണാങ്കാടവിചരണിശോഭിതാ'ദിപ്രാരംഭപ്രസ്താവം സൂചിപ്പിക്കുന്നുമുണ്ടു്. ശീലാവതി (നാലുപാദം) ഭാഗവതം(ഇരുപത്തുനാലുവൃത്തം); ഭഗവദ്ദൂതു് (പതിനാലുവൃത്തം)

നളചരിതം (കിളിപ്പാട്ടു) എന്നീ കൃതികൾ നമ്പിയാർ തന്റെ സഞ്ചാരഘട്ടത്തിൽ നിർമ്മിച്ചിട്ടുള്ളവതന്നെയായിരിക്കണം.

കിടങ്ങൂർ ക്ഷേത്രത്തിൽ കഴകമായി താമസിച്ചിരുന്ന തന്റെ അച്ഛൻ നമ്പ്യാക്കു പ്രായാധിക്യംകൊണ്ടുള്ള ക്ഷീണംബാധിച്ചിരിക്കുന്നതായ്ക്കണ്ടു്, കുഞ്ചൻനമ്പ്യാർ സഞ്ചാരം മതിയാക്കി അച്ഛനോടുകൂടി ഒരുമിച്ചുതാമസിക്കേണ്ടിവന്നു. ഈ താമസത്തിനിടയ്ക്കു് നമ്പ്യാക്കു കിടങ്ങൂർ ദേവസ്വത്തിന്നധിപതിയായ ചെമ്പകശ്ശേരിരാജാവിനേയും, അദ്ദേഹത്തിന്റെ രാജധാനിയിലെ സാഹിത്യസഭാദ്ധ്യക്ഷനായ തെക്കേടത്തു ഭട്ടതിരിയേയും കണ്ടുപരിചയപ്പെടാനിടയായി. നമ്പിയാർ കിടങ്ങൂർ താമസിച്ചിരിക്കുംപോഴാണു കുമാരനല്ലൂർ ഭഗവതിയെപ്പററിയുള്ള "കുമാരപുരേശ്വരീസ്തവം" (ആറുപാദം) താൻ രചിച്ചിട്ടുള്ളതു്. വയോധികനായ അച്ഛൻനമ്പ്യാരുടെ മരണശേഷം, കുഞ്ചൻനമ്പ്യാർ അമ്പലപ്പുഴച്ചെന്നു്, ചെമ്പകശ്ശേരിരാജധാനിയിലെ കവികളുടെ കൂട്ടത്തിലൊരംഗമായ് തീരുകയും അവിടെത്തന്നെ താമസമുറപ്പിക്കയുംചെയ്തു. ഇങ്ങനെ അമ്പലപ്പുഴ താമസിക്കുംപോഴാണു ചാക്യാരോടു പിണങ്ങി പകവീട്ടാൻ കുഞ്ചൻനമ്പ്യാർ തുള്ളൽ കഥ നിർമ്മിക്കാൻ ഇടയായതു്. ആദ്യമായ് ഉണ്ടാക്കിയ തുള്ളക്കഥ കല്യാണസൌഗന്ധികം തന്നെയായിരിക്കാമെന്നു അതിലേ പ്രാരംഭപ്രസ്താവനകൾ കൊണ്ടൂഹിക്കേണ്ടിയിരിക്കുന്നു. നമ്പ്യാക്കു അമ്പലപ്പുഴവെച്ചുണ്ടായ ഗുരുക്കന്മാരെ നന്ദിക്കാട്ടു ഉണ്ണിരവിക്കുറുപ്പിനേയും ദ്രോണമ്പള്ളി ആചാൎയ്യനേയും നമ്പ്യാർ മിക്ക തുള്ളക്കഥകളിലും പ്രാരംഭത്തിൽ സ്തുതിച്ചു കാണുന്നു. തന്റെ പുതിയ കലാപ്രയോഗത്തിൽ നൃത്യശാസ്ത്രവിഷയകമായ് നന്ദിക്കാട്ടു കുറുപ്പിനേയും, മെയ്പഴക്കപ്രയോഗങ്ങൾക്കായ് ദ്രോണമ്പള്ളി ആചാൎയ്യനേയും കുഞ്ചൻനമ്പിയാർ യഥായോഗ്യം ഗുരുക്കന്മാരായ് സ്വീകരിച്ചിട്ടുള്ളതായിരിക്കാം. നന്ദിക്കാട്ടുകുറുപ്പിന്റെ സഹായം ആദികാലത്തു് അപരിമേയമായ് നമ്പ്യാൎക്കു സിദ്ധിച്ചുവന്നിരുന്നുവെന്നുള്ളതു് ആദ്യത്തേ തുള്ളൽകൃതിയായ കല്യാസൌഗന്ധി

കത്തിൽ നമ്പ്യാർ നന്ദിക്കാട്ടുകുറുപ്പിനെ കല്പവൃക്ഷമായിട്ടുതന്നെ പറഞ്ഞിരിക്കുന്നതിൽ നിന്നൂഹിക്കണം. തന്റെ തുള്ളൽകഥാപ്രസ്ഥാനത്തിനു പ്രചാരം വരുത്തുവാൻ വേണ്ടി നമ്പ്യാർ, ക്രമേണ തുള്ളലിനു, ഓട്ടൻ, ശീതങ്കൻ, പറയൻ, എന്നുള്ള മൂന്നു രീതിഭേദങ്ങളുണ്ടാക്കി, അതിന്റെ വൈചിത്ര്യഭംഗി വർദ്ധിപ്പിച്ചു. ചെമ്പകശ്ശേരിയിലെ വിദ്വൽസഭാദ്ധ്യക്ഷനായ തെക്കേടത്തു ഭട്ടതിരിയെ സഹായിപ്പാനാണു കുഞ്ചൻനമ്പ്യാർ ശ്രീകൃഷ്ണചരിതം മണിപ്രവാളം ഒരു രാത്രികൊണ്ടു രചിപ്പാനിടയായതെന്നാത്രേ ഐതിഹ്യം. ഏതായാലും പ്രസ്തുതകൃതിയിൽ, ദ്രുതകവനത്തിനുള്ള ചില കുറവുകൾ കാണ്മാനുണ്ടെന്നു അഭിജ്ഞന്മാരും സംവദിക്കുന്നുണ്ട്.

ഇങ്ങനെ നമ്പിയാർ ഏകദേശം പന്ത്രണ്ടുസംവത്സരങ്ങളോളം അമ്പലപ്പുഴെ താമസിച്ചുവന്ന കാലത്തിനുള്ളിൽ, കുറയാതെ ഇരുപതു തുള്ളക്കഥകളും രചിക്കയുണ്ടായി. ഈ സന്ദർഭത്തിലാണ് ൯൨൯-ൽ വഞ്ചിരാജാവായ മാർത്താണ്ഡവർമ്മ മഹാരാജാവു് ചെമ്പകശ്ശേരിരാജ്യം പിടിച്ചടക്കിയതു്. ഇതോടുകൂടി മാത്തൂർ പണിക്കരുടെ ശുപാർശ അനുസരിച്ചു് വഞ്ചിമഹാരാജാവ് കുഞ്ചൻനമ്പ്യാരെ ന...രാജധാനിയായ തിരുവനന്തപുരത്തു കൊണ്ടുപോയിത്താമസിപ്പിച്ചു.

തിരുവനന്തപുരത്തു താമസമായപ്പോൾ നമ്പ്യാർ രചിച്ചിട്ടുള്ള തുള്ളക്കഥകളിൽ വഞ്ചിമഹാരാജാവിനേയും ശ്രീപത്മനാഭസ്വാമിയേയും തൽപരിസരങ്ങളേയും പററിയുള്ള പ്രസ്താവങ്ങൾ മാത്രമേ ചെയ്തുകാണുന്നുള്ളു. ൯൩൧-ൽ അയ്യപ്പൻമാർത്താണ്ഡപ്പിള്ള, ദളവാപ്പട്ടമേററതുമുതൽ അതുകഴിയുന്നതുവരെ, നമ്പ്യാർക്കു നല്ല കാലമായിരുന്നിരിക്കണം. കൃഷ്ണലീല, ഹരിണീസ്വയംവരം മുതലായ ചില തുള്ളൽക്കഥകൾ നമ്പ്യാർ നിർമ്മിച്ചതു് അദ്ദേഹത്തിന്റെ പ്രേരണയനുസരിച്ചാണെന്നു്, അതതു കൃതികളുടെ പ്രാരംഭങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നു. ഈ കൃതികളിൽ തിരുവട്ടാർ, ശുചീന്ദ്രം മുതലായ തെക്കൻതിരുവിതാംകൂറിലെ മഹാക്ഷേത്രങ്ങളെപ്പററി പ്രസ്താവിച്ചുകാണുന്നതിൽനിന്നും മഹാരാജാവുതി

രുമനസിലെ എഴുന്നള്ളത്തോടൊരുമിച്ചു് കുഞ്ചൻനമ്പ്യാർ അക്കാലത്തു ഈ സ്ഥലങ്ങളിൽ പോക പതിവായിരുന്നുവെന്നു വിചാരിക്കണം. ഈ ദളവായുടെയും മാർത്താണ്ഡവർമ്മ തിരുമനസ്സിലേയും കാലംകഴിഞ്ഞു കാർത്തികതിരുനാൾ മഹാരാജാവിന്റെ കാലത്തും നമ്പ്യാർ ആദ്യഘട്ടത്തിൽ രാജപ്രീതിക്കു പാത്രമായ്ത്തന്നെ കുറെ സംവത്സരംകൂടി തിരുവനന്തപുരത്തു തുടർന്നു താമസിച്ചു. കഥകളിയിൽ കണക്കിലധികം ഭ്രമമുണ്ടായിരുന്ന കാർത്തികതിരുനാൾ മഹാരാജാവുതിരുമനസ്സിലെ പ്രീതിക്കുവേണ്ടി, നമ്പ്യാർ രചിച്ചിട്ടുള്ള ആട്ടക്കഥകളാണു്, ശംബരവധം, സ്യമന്തകം. ബാണയുദ്ധം എന്നിവ. നമ്പ്യാർക്കു, കഥകളിയോടും ആട്ടക്കാരോടും സ്വതേ ഒരു വിപ്രതിപത്തിയാണുണ്ടായിരുന്നതെന്നു ഹരിണീസ്വയംവരം, കൃഷ്ണലീല മുതലായ ചില തുള്ളൽക്കഥകളിലെ അതികർക്കശമായ തൽപരാമർശനംകൊണ്ടു സ്പഷ്ടമാണെങ്കിലും അദ്ദേഹം അവിടെ കഴിച്ചുകൂട്ടാൻ കഥകളി നിർമ്മിച്ചു. പക്ഷേ കഥകളി രചിച്ചെങ്കിലും രാജപ്രീതിയെ പുലർത്തിക്കൊള്ളാമെന്നുള്ള നമ്പ്യാരുടെ ഉദ്ദേശം സാധിച്ചില്ല. ൯൪൦-ൽ തിരുവനന്തപുരത്തെ താമസം മതിയാക്കി നമ്പ്യാർ അമ്പലപ്പുഴക്കുപോവാൻ തിരുമനസ്സിലെ അനുവാദം ചോദിച്ചതായും തിരുമനസ്സിൽനിന്നും ഉടൻ അനുവാദം നൽകിയതായും അറിയുന്നു. യാത്രാനുവാദത്തിനായ് നമ്പിയാർ അടിയറവെച്ച ശ്ലോകം താഴെപ്പറയുന്നതാണെന്നത്രേ ഐതിഹ്യം.

നാലഞ്ചക്ഷരവും പഠിച്ചു ഗുരുവിൻപാദം തലോടിച്ചിരം
പാലഞ്ചും മൊഴിതന്നപാംഗവലയിൽ ചാടിട്ടുഴന്നേൻ ചിരം
കോലംകെട്ടുക കോലകങ്ങളിൽ നടക്കെന്നുള്ളവേലക്കിനി-
ക്കാലം വാർദ്ധകമാകകൊണ്ടടിയനെച്ചാടിക്കൊലാ, ഭൂപതേ!

ഈ പദ്യംകണ്ടു സന്തോഷിച്ചു രാജാവു് വീരശൃംഖല സമ്മാനിക്കയും അമ്പലപ്പുഴ ക്ഷേത്രത്തിൽനിന്നും ദിവസംതോറും പാല്പായസവും പ്രതിമാസം പതിനഞ്ചുപണവും നമ്പ്യാർക്കു കൽപിച്ചനുവദിക്കയുംചെയ്തു. നമ്പ്യാർ ഈ അനുഭവങ്ങളുംപററി മരണപര്യന്തം

അമ്പലപ്പുഴത്തന്നെയാണു താമസിച്ചതു്. ഏതായാലും നമ്പിയാർ തിരുവനന്തപുരത്തുനിന്നും പിരിഞ്ഞതു നല്ല സൈ്വരമില്ലാതെയാണെന്നുള്ളതു് ആയിടക്കു താൻ രചിക്കയുണ്ടായ കൃതികളിൽ അവിടവിടെ സന്ദർഭവശാൽ "പക്കത്തുണ്ണിനേ"യും "കൊട്ടണത്തരി"യേയും പൊതുവെ രാജസേവയുള്ള വൈഷമ്യങ്ങളേയും ദൂഷ്യങ്ങളേയും പററി പരാമർശിച്ചു കാണുന്നതിൽ നിന്നൂഹിക്കാം. നമ്പ്യാർ പേപ്പട്ടിക്കടിയേററു ചികിത്സയിലരിക്കുമ്പോൾ പത്ഥ്യം കാക്കാതെ പത്ഥ്യയിലുണ്ടു മരിക്കാനിടയായെന്നാണു ഐതിഹ്യം. ൯൫൪-ൽ അമ്പലപ്പുഴദേവസ്വത്തിലെ കണക്കു സക്കാരിൽനിന്നും തിട്ടപ്പെടുത്തിയപ്പോൾ കുഞ്ചൻനമ്പ്യാരുടെ പതിവിനേപ്പററി ഒന്നും പറഞ്ഞുകാണാത്തതിനാൽ, ഈ കൊണ്ടിനു മുമ്പുണ്ടായ കുഞ്ചൻനമ്പിയാരുടെ മരണം മുതൽ ആരും ഈ അവകാശംപററി വന്നില്ലെന്നു തെളിയുന്നുണ്ടല്ലോ. അതിനാൽ 954നു മുമ്പും തിരുവനന്തപുരത്തു നിന്നു് താമസം മാററിയ 94൦നു പിമ്പും ആയുള്ള കാലത്തായിരിക്കണം. കുഞ്ചൻ നമ്പിയാരുടെ നിര്യ്യാണമെന്നുള്ളതിനു തക്കമില്ല.

## II. നമ്പ്യാരുടെ കവിതകളിലെ സ്വഭാവപ്രതിബിംബതം.

ഓരോ വ്യക്തിക്കും മററുള്ളവരിൽനിന്നും വ്യത്യസ്തമായ ചില പ്രത്യേകതകൾ ഉണ്ടായിരിക്കുന്നതാണെല്ലോ. അതാതു വ്യക്തിപരമായ ഈ സ്വഭാവവിശേഷങ്ങളുടെ സമുച്ചയത്തിനാണു് ഇവിടെ (Indi viduality) പ്രത്യേകതയെന്നു പേർ കല്പിച്ചിട്ടുള്ളതു്. ഇങ്ങനെയുള്ള സ്വയംപ്രകാശിതങ്ങളായിക്കാണുന്ന കവിത, കുഞ്ചൻനമ്പ്യാക്കുള്ളതുപോലെ മററു കവികളിൽ സാധാരണ കാണാറില്ല. അതായതു് നമ്പ്യാരുടെ ഏതു കവിത വായിച്ചാലും ആൾ എത്തരക്കാരനായിരുന്നു, എന്തെല്ലാമായിരുന്നു അദ്ദേഹത്തിൻെറ പ്രത്യേക സ്വഭാവങ്ങൾ, എന്നു നമ്മുടെ ഉള്ളിൽ താനേതന്നെ പതിയാതിരിക്കയില്ല. നമ്പ്യാരുടെ കവിതകളിൽക്കൂടി പ്രത്യക്ഷപ്പെടുന്ന തൻെറ ഇത്തരം പ്രത്യേകസ്വഭാവങ്ങളെയാണു് ഇവിടെ പരിഗണിക്കുന്നതു്. ആദ്യമായി

ഈശ്വരഭക്തി മുതലായ സൽഗ്ഗുണങ്ങളുടെ പ്രകടനം നമ്പ്യാരുടെ ഏതുകവിതയിലും കാണ്മാനുണ്ട്. ഈശ്വരനോടും ഗുരുക്കന്മാരോടും യഥാൎത്ഥബ്രാഹ്മണരോടും അദ്ദേഹത്തിനുണ്ടായിരുന്ന ഭക്തി, അളവററതായിരുന്നു. പ്രായേണ എല്ലാ കൃതികളുടേയും പ്രാരംഭഘട്ടം ഇതിനു സാക്ഷ്യം വഹിക്കുന്നുണ്ട്. കൃതജ്ഞതയും പരിതഃസ്ഥിതികളേപ്പററിയുള്ള സ്മരണയും തൻെറ മനോവ്യാപാരങ്ങളോടെപ്പോഴും അനുഷംഗിതമായിരുന്നു. ആരുടെ ആശ്രയത്തിൽ താൻ കഴിഞ്ഞുകൂടിവന്നുവോ അവരേപ്പററി വാഴ്ത്താതേയോ, അവരുടെ ഹിതം നോക്കാതേയോ, നമ്പ്യാർ കവിത രചിക്കുന്നതല്ല. തിരുവനന്തപുരത്തുവെച്ചു രചിച്ചിട്ടുള്ള കൃതികളിൽ ചെമ്പകശ്ശേരിയിലേ കാൎയ്യമൊന്നും പ്രസ്താവിച്ചു കാണാത്തതു്, വഞ്ചിരാജാവിൻെറ ഹിതപ്രതീക്ഷയിലുള്ള നമ്പ്യാരുടെ ഔൽസുക്യംകൊണ്ടു മാത്രമാണ്. നമ്പ്യാർ എവിടെത്താമസിച്ചു കവിത രചിക്കുന്നുവോ അതിനടുത്തുള്ള ദേവാലയങ്ങളേപ്പററി പ്രസ്താവിക്കുന്നതിലും തനിക്കു വിസ്മൃതി പററുകില്ല. വിനയാന്വിതമായ ആത്മവിശ്വാസപ്രകാശനമാണ്, നമ്പ്യാരുടെ മററൊരു പ്രത്യേകസ്വഭാവം. താൻ ഭോഷനാണ്. മന്ദനാണ്, പൂൎവകവികളേപ്പോലെ കവിതാഗുണമില്ലാത്ത മൂഢനാണ്. എന്നെല്ലാം വിനയം പ്രകാശിപ്പിക്കുന്ന കൂട്ടത്തിൽതന്നെ, കണ്ഠമാനമായുള്ള മററുള്ളവരുടെ ആക്ഷേപങ്ങളേ താൻ വകവയ്ക്കുയില്ലെന്നും തനിക്കു, (കീചകവധത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം)

ഭാഷയായ്പറയാനു മടിയനു

സംസ്കൃതത്തിലുമൊന്നുപോൽ ദോഷഹീനപടുത്വമല്പമുദിച്ചിട്ടുണ്ടെന്നും ഉള്ളതരത്തിൽ ആത്മവിശ്വാസത്തേയും പ്രകടിപ്പിക്കുന്നുണ്ട്. സ്വഭാഷാപ്രതിപത്തിയാണു നമ്പിയാൎക്കുണ്ടായിരുന്ന മററൊരു സ്വഭാവവിശേഷം. മുൻപറഞ്ഞപ്രകാരം അദ്ദേഹത്തിനു സംസ്കൃത് പരിചയമുണ്ടെങ്കിലും ജനങ്ങളുടെ ആവശ്യം പ്രമാണിച്ചു താൻ ഭാഷാകവനത്തിനാണുദ്യമിക്കയുണ്ടായതു്.

ശേഷിയില്ല ഭടജ്ജനങ്ങൾക്കു ധരിച്ചീടാകടുസംസ്കൃതം

എന്നും,

"ഭടജനങ്ങടെ നടുവിലുള്ളോരു പടയണിക്കിഹ ചേരുവാൻ
വടിവിയന്നൊരു കേരളഭാഷതന്നെ ചിതം വരൂ"

എന്നും ഉള്ളകാരണത്താൽ,

"ശേഷമുള്ള ജനത്തിനു ഭാഷണത്തിന്നൊരുമാറ്റ്"മായിത്തീരത്തക്കവണ്ണം അദ്ദേഹം കേരളഭാഷയിൽ തന്റെ കഥകളെല്ലാം പറയാമെന്നുവെച്ചതു് ഈ സ്വഭാഷാപ്രതിപത്തികൊണ്ടാണു്.

നമ്പ്യാരുടെ നിരീക്ഷണപാടവമാണു് അടുത്ത സംഗതി. പ്രകൃതിയെ സൂക്ഷ്മമായ് അവലോകനം ചെയ്തു് അതിനുള്ള സ്വഭാവലക്ഷണങ്ങളേ നല്ലവണ്ണം ധരിച്ചുവെച്ചിരിക്കകൊണ്ടത്രേ നമ്പിയാരുടെ സ്വഭാവോക്തികൾക്കു ഇത്ര തന്മയത്വം സിദ്ധിക്കുന്നതു്. നമ്പിയാക്കു എല്ലാവിഷയത്തിലും സാമാന്യജ്ഞാനം ഉണ്ടായിരുന്നു. വൈദ്യം, ജ്യോതിഷം, തച്ചുശാസ്ത്രം, കൃഷി, കച്ചവടം ചിത്രമെഴുത്തു, മന്ത്രവാദം, എന്നീപ്പലവൃത്തിവിശേഷങ്ങളേപ്പററിയും അദ്ദേഹം തന്റെ കൃതികളിൽ പലേടത്തും പരാമർശിച്ചിട്ടുണ്ടു്. അതുപോലെതന്നെ കേരളത്തിൽ വന്നുകൊണ്ടിരുന്ന പലേതരം ജനങ്ങളുമായി ഇടപഴകി പലഭാഷകളിൽ അദ്ദേഹത്തിനു പരിചയം സിദ്ധിച്ചിരുന്നുവെന്നു നാളായണീചരിതത്തിലെ തമിഴ്, തെലുങ്ക്, കർണ്ണാടകം എന്നീ ഭാഷകളിൽ ചെയ്യിച്ചിരിക്കുന്ന സംഭാഷണം കൊണ്ടുതെളിയുന്നു. തനിക്കു പറയാനുള്ള സംഗതികളേ ഏതുപ്രകാരമെങ്കിലും ഭംഗിയായും വിശദമായും പുറത്തറിയിക്കുവാനുള്ള ശക്തിയും നമ്പിയാർക്കു നല്ലവണ്ണം ഉണ്ടായിരുന്നു. മനോധർമ്മമെന്നോ, ഔചിത്യഗുണമെന്നോ, വാസനാബലമെന്നോ, പേരെന്തായാലും ശരി-ഒരു യഥാർത്ഥകവിക്കു വേണ്ട ഈ ഗുണം കൊണ്ടുണ്ടാകുന്ന ആശയപ്രകാശകശക്തിയാണു നമ്പ്യാരുടെ വർണ്ണനകൾക്കു വർണ്ണ്യപ്രതീതിപ്രാഭവം വരുത്തികൊടുക്കുന്നതു്. ഇതിലേയ്ക്കു് നമ്പ്യാർ പ്രായോഗിക്കുന്ന വഴികളും വിവിധങ്ങളാകുന്നു. ചിലപ്പോൾ വർണ്ണ്യവിഷയത്തിലുൾപ്പെട്ട ഒന്നോ രണ്ടോ വ്യക്തികളുടെ അനുഭവത്തെ മാത്രം വളരെ സംക്ഷിപ്തമായ് ചൂണ്ടിക്കാണിച്ചും, മററുചിലപ്പോൾ പരി

ചിതങ്ങളിൽക്കൂടി അപരിചിതങ്ങളിലേക്കു കടത്തിവിടുന്ന മട്ടിൽ പുരാണലോക പ്രകൃതികളിൽ കേരളീയവിധാനങ്ങളേ ആരോപിച്ചും നമ്പിയാർ പലവിധം വർണ്ണിച്ചു കാട്ടാറുണ്ട്. ഇദ്ദേഹം സ്വതേ ഒരു വിവരണപ്രകൃതക്കാരനും കൂടി ആയിരുന്നു. ഏതെങ്കിലും ഒരു സംഗതി പറയേണ്ടിവരുന്നിടത്തു് അതിനോട് സ്മൃതിബന്ധത്താൽ അനന്തരംഘലിതമായുള്ള മററു സംഗതികളേയും കൂടി വിവരിക്കാതെ,നമ്പിയാർ അടങ്ങാറില്ല. പലതരം വൃക്ഷങ്ങൾ, മൃഗങ്ങൾ, ഗ്രന്ഥങ്ങൾ, രാഗങ്ങൾ, എന്നിവയെ പേരുപറഞ്ഞുപരിഗണിക്കുന്നതും, ഒരാശയത്തെ സമർത്ഥിക്കുന്നതിനുവേണ്ടി അതുപോലെയുള്ള പല അപ്രസ്തുതങ്ങളേപ്പററി അടുത്തു പ്രസ്താവിക്കുന്നതും ഈ വിവരണപ്രകൃതികൊണ്ടാണ്. ഈ രീതിവിശേഷം, നമ്പ്യാരുടെ കൃതികളിലെ ഭൂരിഭാഗം ചമൽക്കാരഭംഗിക്കു നിദാനവുമായിത്തിരുന്നു. ഇതിനും പുറമേ നമ്പിയാർ ഒരു സംഭാഷണപ്രിയനായിരുന്നുവെന്നു്, അദ്ദേഹം തന്റെ ഏതുതുള്ളൽക്കഥയിലും സംഭാഷണങ്ങളേ സന്ദർഭമുണ്ടാക്കിവെച്ചെങ്കിലും പ്രയോഗിച്ചുകാട്ടുന്നതുകൊണ്ടു തെളിയുന്നു. അതുപോലെ സദ്യവിഭവങ്ങളേ വിവരിക്കുന്നതിൽ നമ്പ്യാർ കാണിക്കുന്ന കുലശലായ പ്രതിപത്തിയോർത്താൽ, അദ്ദേഹം ഒരു ഭോജനപ്രിയനായിരുന്നുവെന്നും ഊഹിക്കണം. ഇതിനെല്ലാററിലും ഉപരിയായ് നമ്പിയാക്കുണ്ടായിരുന്ന ഫലിതപ്രസക്തി സുപ്രസിദ്ധമാകയാൽ അതിനേപ്പററി ഇവിടെ വിസ്തരിക്കണമെന്നു വിചാരിക്കുന്നില്ല. എന്നാൽ നമ്പിയാരുടെ ഫലിതം, മററുള്ളവരെ വെറുതെ പുഛിച്ച് വിനോദരസം ജനിപ്പിക്കയല്ലായിരുന്നുവെന്നും താൻ ചുററുപാടും കണ്ടദൂഷ്യങ്ങളേ, വിനോദവഴിക്കു ചൂണ്ടിക്കാണിച്ചു് അവയെ പരിഹരിച്ചുകൊള്ളുവാൻ ഉപദേശിക്കത്തക്കതായിരുന്നുവെന്നും നാം പ്രത്യേകം ഓർക്കേണ്ടതാണ്. ഹരിശ്ചന്ദ്രചരിതത്തിൽ കാണുന്നവിധം,

ധരിത്രീവാനവന്മാൎക്കും ധരിത്രീപാലകന്മാൎക്കും
തനിച്ച വൈശ്യശൂദ്രാദിപ്രജാവൎഗ്ഗത്തിനും മല്ലാം

ഹരിപ്രീതിപ്രഭാവംകൊണ്ടഭിപ്രായം ലഭിക്കേണം
അരിഷ്ഡ്വംസം ഭവിക്കേണം ഗുരുത്വം സംഭവിക്കേണം"

എന്ന സകലർക്കും ശുഭോദയമുണ്ടാകണമെന്നുള്ളതായിരുന്നു നമ്പിയാരുടെ പരമോദ്ദേശം. എങ്കിലും തന്റെ ഇത്തരം ഭാഷണം കേട്ടു ആരും മുഷിയരുതെന്നും നമ്പ്യാർ കൂടെക്കൂടെ ദസഭാവാസികളോടു, അപേക്ഷിക്കാവുണ്ടു്.

"കഥയിൽ സംഗതിചേർത്തു കഥിക്കുമ്പോളതിൽകൂടി
ക്കഥിക്കേണ്ടിവരും കുത്തുകവികളും ചിലടിക്കിൽ
അതുകൊണ്ടു ഭവാന്മാക്കു വൈരമാക്കും ഭവിച്ചൊല്ല
ഹിതന്മാരറിഞ്ഞെല്ലാം സഹിക്കേണം വണങ്ങുന്നേൻ."

എന്നിങ്ങനെയുള്ള ക്ഷമായാചനം, നമ്പ്യാർ പല കൃതികളിലും അനുഷ്ഠിച്ചുകാണുന്നു. "കാലാനുരോധനം കാര്യസാദ്ധ്യം നൃണാം" എന്ന ആപ്തവാക്യത്തിന്റെ തത്വം മനസ്സിലാക്കിയിട്ടുള്ള ഒരു ഉചിതജ്ഞനും കൂടിയായിരുന്നു നമ്പിയാർ. അക്കാലങ്ങളിലെ കേരളീയരുടെ സാഹിത്യാഭിരുചി, വിനോദരസാസ്വാദനത്തിലായിരുന്നുവെന്നു, നമ്പിയാർ കണ്ടറിഞ്ഞിട്ടുതന്നെയാണു് ഇപ്രകാരമുള്ള ഫലിതപ്രസരത്തിനു താൻ ഒരുങ്ങിയിട്ടുള്ളതു്.

"ചിരിക്കുന്ന കഥകേട്ടാലിരിക്കുമായതല്ലെങ്കിൽ
തിരിക്കുമങ്ങനെ ഭാവിച്ചിരിക്കുന്ന ഭടന്മാരെ
ചിരിക്കാതെ രസിപ്പിക്കാനൊരിക്കലുമെളുതല്ലെ-
ന്നിരിക്കുന്നെങ്കിലമ്മാത്രമുരയ്ക്കാമെന്നതേ വേണ്ടു"

എന്നീ പ്രസ്താവംകൊണ്ടു നമ്പിയാർ ലക്ഷികരിച്ചിരിക്കുന്നതു ജനസാമാന്യത്തിന്റെയിടയിൽ തന്റെ കൃതികൾക്കുണ്ടാകേണ്ട മതിപ്പാണെന്നു സ്പഷ്ടമാകുന്നുവെല്ലൊ. ഒരു കൃതിക്കു പ്രചാരം സിദ്ധിക്കണമെങ്കിൽ ജനസാമാന്യാഭിനന്ദനമാണു പണ്ഡിതമണ്ഡനത്തേക്കാൾ അവശ്യം പ്രതീക്ഷിക്കേണ്ടതെന്നറിഞ്ഞതിലാണു് നമ്പിയാരുടെ ഉചിതജ്ഞത, സവിശേഷം പ്രശംസാർഹമാ

യിരിക്കുന്നതു്. ആക്കെല്ലാമെന്തെല്ലാം തോന്നിയാലും തനിക്കു പറയാനുള്ളതു്, പറയാതെ ഒതുക്കിവെയ്ക്കാൻ തന്നേക്കൊണ്ടാകാത്തവിധം നമ്പിയാർ അത്രയും ഒരു സ്വാതന്ത്ര്യം ശുദ്ധമനസ്ക്കനുംകൂടി ആയിരുന്നു. "ഗണപതിപ്രാതലിൽ" നമ്പ്യാർ പറയുന്നതു നോക്കുക.

"പരബോധംവരുത്തുവാനെളുതല്ലെന്നിരുന്നാലും
ഉരിയാടാതിരിപ്പാൻ ഞാൻ പഠിച്ചില്ല കണിപോലും."

വ്യക്തിപരമായ വിദ്വേഷം വെച്ചുംകൊണ്ടു തന്റെ കൃതികളെ ആരെങ്കിലും പഴിക്കുന്നുവെങ്കിൽ,

"മനസ്സിൽ ദ്വേഷമുള്ളോർക്കുമിതംതന്നെ പറഞ്ഞാലും
കനക്കെക്കോപമുണ്ടാകുമതിന്നു നിക്കുപോക്കില്ല."

എന്നും, അങ്ങനെയുള്ളവരെപ്പററി നമ്പിയാക്കു "തരിമ്പും പേടിയിന്നില്ല" എന്നും മററും പല കൃതികളിലും പറഞ്ഞുകാണുന്നതിൽനിന്നു്, തന്റെ സ്വാതന്ത്ര്യോൽപന്നമായ നിരങ്കുശത്വം പ്രകാശിക്കുന്നു. ഭാഷാകവനത്തിനു ദ്രാവിഡവൃത്തങ്ങളാണനുയോജ്യമെന്നും, അവയ്ക്കു ശബ്ദഭംഗി അപരിത്യാജ്യമെന്നുമുള്ള സ്ഥിരാഭിപ്രായമായിരുന്നു നമ്പിയാക്കുണ്ടായിരുന്നതു്. പ്രാസഭ്രമംനിമിത്തം നമ്പ്യാരുടെ കൃതികളിൽ ചിലേടത്തു അർത്ഥക്ലേശം വന്നുപോവാനിടയായിട്ടുണ്ടെന്നും കാണാവുന്നതാണു്.

## III. തുള്ളൽക്കഥാപ്രസ്ഥാനം.

കുഞ്ചൻനമ്പ്യാർ ചാക്യാരോടു മത്സരിച്ചുണ്ടാക്കിത്തുടങ്ങിയ തുള്ളൽകൃതികൾ അരങ്ങത്തുവെച്ചു പ്രയോഗിക്കപ്പെടേണ്ടവയാകയാൽ, അവ ദൃശ്യകാവ്യജാതിയിൽ ഉൾപ്പെടുന്നു. കേവലം പാരായണയോഗ്യങ്ങൾ മാത്രവും കണ്ടു രസിക്കാൻ വകയൊന്നുമില്ലാത്തതും ആയ കാവ്യങ്ങളെ ശ്രവ്യജാതിയിലാണല്ലൊ ചേത്തുവരുന്നതു്. വേഷംകെട്ടി അരങ്ങത്തുവരുന്ന ഒരു നടൻ ഭാവര

സങ്ങളും, ഇടയ്ക്കും മുറയ്ക്കും മുദ്രക്കൈകളും കാട്ടി, ഗാനരീതിക്കു കഥാഖ്യാനം ചെയ്യുന്ന ഒരുതരം കേരളീയനാട്യകലാപ്രയോഗമാണു്, നമ്പിയാർ നടപ്പിലാക്കിയ തുള്ളൽപ്രസ്ഥാനം. ഇതു ചാക്യാർകൂത്തിൻെറ ഒരു പരിവത്തനമായിരുന്നതാനും. വേഷസമ്പ്രദായങ്ങളിലും കഥാഖ്യാനരീതിയിലും നടൻെറ നൃത്തത്തിലും നമ്പിയാർ ചില മാററങ്ങൾ വരുത്തിയെന്നുമാത്രം. വേഷത്തേ സംബന്ധിച്ചു തുള്ളക്കാരൻെറ മുടിയും, മുഖത്തേ പച്ചതേയ്പുംമററും പഴയകണിയാൻതുള്ളലിലെ ഗന്ധർവവേഷത്തെ അനുകരിച്ചും, കഥകളിച്ചമയമനുസരിച്ചു പരിഷ്ക്കരിച്ചിട്ടുള്ളതും, ആകുന്നു. ചാക്യാന്മാർ ഗദ്യപദ്യസമ്മിശ്രമായും സംസ്കൃതപ്രചുരമായും പറഞ്ഞുവന്നിരുന്ന കഥാഖ്യാനരീതിയെ, നമ്പ്യാർ ദ്രാവിഡഗാനരീതിക്കു മാത്രമേ തുള്ളലിൽ കഥപറയാൻ പാടൊള്ളൂഎന്നു് മാററുകയും ചെയ്തു. അരങ്ങത്തുവന്നു കൂത്തുപറയുന്ന ചാക്യാരുടെ നില്പിനും നടപ്പിനും പകരം തുള്ളൽക്കാരൻ, കഥകളിച്ചടങ്ങനുസരിച്ചു ആദ്യവസാനം പാടുകയും ആടുകയും ചെയ്തുകൊണ്ടിരിക്കണം. ഈ കലാപ്രയോഗത്തിനു തുള്ളൽ എന്ന പേരു കിട്ടുന്നതിനുള്ള കാരണവും ഇതുതന്നെ. ചാക്യന്മാരെപ്പോലെ മുദ്രക്കൈകൾ തുള്ളൽക്കാരനും കാണിച്ചേതീരൂ. ഈ കേരളീയകലയിൽ, അതു കൊണ്ടു് സംസ്കൃതദൃശ്യപ്രയോഗങ്ങളുടെ വിഭാഗങ്ങളായ നൃത്തം-നൃത്യം-നാട്യം എന്നീ മൂന്നുജാതികളുടേയും ലക്ഷണാംശങ്ങൾ വഴിയാംവണ്ണം ചേർന്നുകാണുന്നു. നൃത്തത്തിൻെറ വകയായ് തുള്ളലും, നൃത്യത്തിൻേറതായ് വേഷസ്വീകരണവും മുദ്രക്കൈയ്യോയ പദാർത്ഥാഭിനയവും പാട്ടും, നാട്യാംശമായ്, ഭാവാർത്ഥാഭിനയവും, നടൻെറ വാക്യോച്ചാരണ സ്വാതന്ത്ര്യവും തുള്ളൽ കളങ്ങളിൽ നാം കണ്ടു വരുന്നു. ഒററപ്പാച്ചിലിൽ തീരാത്ത നീണ്ടകഥകളെ തുടർച്ചയായുള്ള അരങ്ങുകളിൽ തുള്ളിമുഴമിപ്പിക്കാമെന്നുണ്ടു്. അരങ്ങിനു കളമെന്നും പേരുള്ളതുകൊണ്ടു ചില കഥകൾക്കു് ഒന്നിലധികം അരങ്ങോ (കളമോ) വേണമെന്നു വന്നേക്കാം. നമ്പിയാർ, ത്രിപുരദഹനംകഥതന്നെ രചിച്ചിരിക്കുന്നതു്, രണ്ടുകളമായ് തുള്ളിത്തീർക്കത്തക്കവിധത്തിലാണു്.

ചാക്യാർക്കൂത്തിലെ ഹാസ്യരസത്തേയും ഇതിവൃത്തങ്ങൾക്കുള്ള ഭക്തിപ്രകർഷത്തെയും നമ്പിയാർ, തുള്ളലിൽ നല്ലവണ്ണം സംക്രമിപ്പിച്ചിട്ടുണ്ട്. കേരളത്തിലെ ഹിന്ദുമതസ്ഥരുടെ ദേവാലയങ്ങളിലും ഭവനങ്ങളിലും ഒരു വിനോദച്ചടങ്ങായ് തുള്ളലിനു ഇപ്പോഴും കഥകളിയേക്കാൾ പ്രചാരമുണ്ടെന്നുതന്നെ പറയണം. ഇതിനുള്ള ചില പ്രത്യേകകാരണങ്ങൾ താഴെപ്പറയുന്നവയാണ്. (1) പ്രയോഗസൌകര്യമാണു തുള്ളലിന്റെ പ്രചാരത്തിനു ഒരു മുഖ്യകാരണം വേഷം കെട്ടി വന്നു പാടിക്കൊണ്ടു തുള്ളുന്നതിനുള്ള നടനും, പുറകു പാട്ടിനു കൈമണിക്കാരനായ ഒരു പാട്ടുകാരനും ഒരു മദ്ദളക്കാരനും ഉണ്ടെങ്കിൽ തുള്ളലായി. അതുപോലെതന്നെ രാത്രിയും പകലും മുൻകൂട്ടിയുള്ള സജ്ജീകരണങ്ങളൊന്നും കൂടാതെ എവിടെവെച്ചും തുള്ളൽ നടത്താവുന്നതാണ്. കുറഞ്ഞ സമയത്തിനുള്ളിൽ തുള്ളൽ കഴിഞ്ഞുകൂടുമെന്നുള്ളതും, തൽപ്രചാരത്തെ വർദ്ധിപ്പിക്കുന്ന മറെറാരുസംഗതിയാകുന്നു. വിനോദമായാലും, ഒരു പരിമിതിക്കുള്ളിൽ നിന്നെങ്കിലെ അതിന്റെ ആസ്വാദ്യത വർദ്ധമാനമാകയൊള്ളുവെന്ന തത്വത്തെ 'തുള്ളൽ,' അനുസരിക്കുന്നുണ്ട്. (2) തുള്ളൽകഥകളിലെ സാഹിത്യഗുണം, ജനങ്ങൾക്കു അത്യന്തം ആസ്വാദ്യമാകുമാറുള്ളതാണ്. ചാക്യാർക്കൂത്തിലെ ഇതിവൃത്തങ്ങളേത്തന്നേ നമ്പിയാർ, തന്റെ തുള്ളൽകൃതികളിലും സ്വീകരിച്ചിരുന്നതിനാൽ അവയിൽ ഓരോന്നും ഏററവും ഭക്തിസംവർദ്ധകമായിരുന്നു. നമ്പിയാരുടെ ഫലിതരസികത്വവും ഭാഷാസാരള്യവും അവയെക്കൂടുതൽ ജനാകർഷകമാക്കുകയും ചെയ്തു. ഇതിനും പുറമേ, നമ്പിയാരുടെ തുള്ളൽകൃതികളിലെ കേരളീയ പ്രകൃതിവർണ്ണന, കേരളക്കരയിലെ സദസ്യർക്കു തന്മയത്വപ്രതീതിയെ ഉളവാക്കത്തക്കതുമായിരുന്നു. (3) കേരളത്തിൽ പ്രചരിച്ചുകൊണ്ടിരുന്ന നൃത്തനൃത്യനാട്യകലാപ്രയോഗങ്ങളിലെ രസവത്തായ പല അംശങ്ങളും തുള്ളലിൽ കലർന്നു കാണ്മാനുണ്ടായിരുന്നതിനാൽ, അവകൊണ്ടുള്ള പ്രയോജനങ്ങളെല്ലാം തന്നെ, സാമാന്യജനങ്ങളുടെ ദൃഷ്ടിയിൽ തുള്ളൽകൊണ്ടു സാധിക്കുന്നതായ് വന്നുകൂടി. കൂത്തിലെ വ്യക്തിപരമെന്നമട്ടിൽ നടന്നുവന്ന പരിഹാസത്തിന്റെ പരു

ഷത കുറഞ്ഞു, തുള്ളലിൽ, സമുദായവിമർശകമായ ഫലിതോക്തികളായി മാറിക്കിട്ടി. കഥകളിയിലെ കഥാഗ്രഹണത്തിനു സദസ്യർ അവശ്യം അറിയേണ്ടിയിരുന്ന മുദ്രകൈളുടെ പരിജ്ഞാനം കൂടാതെതന്നെ, തുള്ളൽ, ആളുകളെ കഥ മനസ്സിലാക്കിത്തുടങ്ങി. തുള്ളലിൽ, ഇടയ്ക്കുചിലപ്പോൾ സംസ്കൃതപദ്യങ്ങളുദ്ധരിച്ച് വ്യാഖ്യാനിച്ചുചേർക്കാറുള്ളതുകൊണ്ട് സംസ്കൃതപദ്യങ്ങളുടേയും ദ്രാവിഡഗാനങ്ങളുടേയും പ്രകാരാന്തരങ്ങളെ ഇതു് സദസ്യർക്ക് അടുത്തടുത്തുപ്രകാശിപ്പിച്ചിട്ട് അവരുടെ സഹൃദയതയെ ഉന്മേഷിപ്പിക്കയും ചെയ്തു. ഇനിയും ദ്രാവിഡഗാനരീതികളെപ്പററിയാണെങ്കിൽ, ആ ജാതിയിൽപ്പെട്ടഎല്ലാത്തരം പാട്ടുകളേയും തുള്ളലിൽ പ്രതിനിധീകരിച്ചിട്ടുണ്ട്. ആട്ടത്തിലെ പാടിപ്പദംപോലെ ഈഴത്തമട്ടിലുള്ള ശൃംഗാരഗാനങ്ങളും, എഴുത്തച്ഛന്റെ കിളിപ്പാട്ടുകളും, പഴയ കൈകൊട്ടിക്കളിക്കുള്ള പാട്ടുകളും, കീർത്തനഗീതങ്ങളും ഏതുതരം തുള്ളലിനും വൈചിത്ര്യസുഖം കൊടുക്കുന്നുണ്ട്. ഇങ്ങനെ മേൽപ്പറഞ്ഞവിധം തുള്ളൽ, കേരളീയരിൽ ഭക്തിയേയും മനോന്മേഷത്തേയും ഉൽപ്പാദിപ്പിക്കുന്നതിനും പുറമേ സന്മാർഗ്ഗബുദ്ധിയേയും ജനിപ്പിക്കുന്നു. ഏതു പുരാണ പുരുഷന്റെ ചരിത്രമായാലും നമ്പ്യാരുടെ പ്രതിപാദനയ്ക്കു വിഷയമായാൽ അതിൽനിന്നും ജനങ്ങൾക്കു പല സന്മാർഗ്ഗപാഠങ്ങൾ ഗ്രഹിക്കുവാനിടയാകുന്നതുമാണ്.

ഇങ്ങിനെ പല പ്രയോജനങ്ങളോടുകൂടിയ തുള്ളൽ കലാപ്രയോഗം, സ്വദേശാഭിമാനികളായ കേരളീയരുടെ പ്രോൽസാഹനത്തിന് എല്ലാം കൊണ്ടും അർഹതയുണ്ടെന്നു കാണാം.

# IV. ത്രിപുരദഹനം

നമ്പിയാർ, തൻെറ തുള്ളൽക്കഥകളിലെ ഇതിവൃത്തത്തെസംബന്ധിച്ചു്, പൂർണ്ണമായു് ചാക്യാർകൂത്തിനെ അനുകരിക്കുന്നു. പ്രസ്തുത തുള്ളൽകൃതി, അതിനു വ്യത്യസ്തമാകുന്നില്ല. മഹാഭാരതത്തിൽ ദുര്യോധനൻ ശല്യരെപ്പറഞ്ഞുകേൾപ്പിക്കുന്നതായ ത്രിപുരദഹനംകഥയിൽ സാരമായ ഒരു സംഗതിയെ കൂട്ടിച്ചേർത്തിട്ടാണു ചാക്യാർകൂത്തിലും അതിനെ അനുകരിച്ചുള്ള തുള്ളൽക്കഥയിലും ഇതിവൃത്തനിബന്ധനം ചെയ്തുകാണുന്നതു്. മഹാവിഷ്ണു ബുദ്ധതാപസൻെറയും, നാരദൻ ശിഷ്യൻെറയും വേഷം സ്വീകരിച്ചു ത്രിപുരന്മാരോടു അടുത്തുകൂടി അവരുടെ മതവിസ്വാസങ്ങൾ മാററി അവരെക്കൊണ്ടു ശിവദ്വേഷകരങ്ങളായ പല പ്രവൃത്തികൾ ചെയ്യിക്കയെന്നുള്ളതാണു് ഈ പുതിയ സംഗതി. പുരാണകഥയനുസരിച്ചു ത്രിപുരന്മാരുടെ അക്രമങ്ങളെപ്പററിയുള്ള ദേവന്മാരുടെ പരാതിമാത്രമാണു് ശിവനെ ത്രിപുരദഹനത്തിനു പ്രേരിപ്പിക്കുന്നതു്. തുള്ളലിലാകട്ടെ, മുൻപറഞ്ഞപ്രകാരം ബുദ്ധസന്ന്യാസിയുടേയും ശിഷ്യൻേറയും നാട്യത്തിൽ വന്ന വിഷ്ണുവും നാരദനും പ്രേരിപ്പിച്ചതനുസരിച്ചു് ത്രിപുരന്മാർ കാട്ടിത്തുടങ്ങിയ ശിവനിന്ദ, തൽകോപോജ്ജ്വലനത്തിനു പററിയ ഒരു പുതിയ കാരണംകൂടി ആയിത്തീരുന്നു. ഇങ്ങനെയൊരു കാരണംകൂടി ഉണ്ടായാൽ കഥാഗതിക്കു കുറേക്കൂടി സ്വാഭാവികത സിദ്ധിക്കുമെന്നു കരുതിത്തന്നെയായിരിക്കണം ഈ വ്യതിയാനം വരുത്തിയിട്ടുള്ളതു്. എത്രതന്നെ അക്രമങ്ങൾ ചെയ്താലും, ശിവനോടുള്ള ഭക്തിക്കു കുറവു ഒട്ടും വരാതെയിരിക്കയാണെങ്കിൽ, കഥയിൽ പറഞ്ഞിരിക്കുന്നപ്രകാരം ത്രിപുരന്മാരെ ശിവൻ ദഹിപ്പിക്കയെന്നതു, ശിവൻെറ സുപ്രസിദ്ധമായ ഭക്തവാത്സല്യപ്രകൃതിക്കു അത്രതന്നെ യോജിക്കയില്ല. എന്നാൽ, തുള്ളലിൽപറയുംപ്രകാരം ത്രിപുരന്മാർ ശിവനെ പഴിച്ചും ദ്രോഹിച്ചും തുടങ്ങിയിരിക്കുന്നു എന്നുവരുന്നതു മുൻകോപിയായ ശിവനു്

അവരോട്ട പെട്ടെന്നുപാരുഷ്യം ജനിപ്പിക്കുന്നതിൽ മതിയായ കാരണമാകുന്നുണ്ടതാനും.

ഭാരതത്തിൽ ത്രിപുരദഹനംകഥദുര്യ്യോധനൻ ശല്യരോട്ട പറയുന്നതു കർണ്ണന്റെ സാരഥിയാവാൻ ശല്യരെ പ്രേരിപ്പിക്കുന്ന സന്ദർഭത്തിലാണു്. സാരഥ്യം വഹിക്കുന്നതു തന്റെ അഭിമാനത്തിന പോരാ എന്നു് ആദ്യം വൈമനസ്യം കാണിച്ച ശല്യരെ അനുകൂലിപ്പിക്കുവാൻ, ത്രിപുരദഹനാവസരത്തിൽ ബ്രഹ്മാവുപോലും ശിവന്റെ സാരഥ്യം വഹിക്കയുണ്ടായെന്നും അതിനാൽ സാരഥ്യം വഹിക്കുന്നതു ഒരു കുറവായ് വിചാരിക്കാനില്ലെന്നുമുള്ളതിനൊരുദാഹരണമായിട്ടാണു് ഈ കഥ വിസ്തരിച്ചുപറയുന്നതു്.

തുള്ളൽകഥാപ്രാരംഭം—പ്രസ്തുത കൃതി പ്രാരംഭത്തിൽ, പതിവുംപ്രകാരം, നമ്പിയാർ ഗണപതിയേയും സരസ്വതിയേയും ആദ്യം വന്ദിച്ചിട്ടു്, പിന്നെ അമ്പലപ്പുഴ കൃഷ്ണനേയും തകഴിയിൽ ശാസ്താവിനേയും വരപ്രാർത്ഥനയ്ക്കായി സ്മരിക്കുന്നു. ഇതു കഴിഞ്ഞു തന്റെ ബ്രാഹ്മണഗുരുവായ ദ്രോണമ്പള്ളി ആചാര്യനേയും നന്ദിക്കാട്ട ഉണ്ണിരവികുറുപ്പിനേയും,കണ്ടങ്കരിബ്ഭഗവതിയേയും, കള്ളർകോട്ട ശിവനേയും, പിന്നെ തന്റെ കുലദൈവമായ കിള്ളിക്കുറിശ്ശിയിലെ ശിവനേയും യഥാക്രമം വാഴ്ത്തിസ്തുതിക്കുന്നു. ഇപ്രസ്താവങ്ങളാൽ, നമ്പിയാർ ചെമ്പകശ്ശേരിയിൽ നിന്നും തിരുവനന്തപുരത്തേക്കു താമസം മാററിയ തൊള്ളായിരത്തിഇരുപത്തയ്യാമാണ്ടിടയ്ക്കു മുമ്പായിട്ടു്, അമ്പലപ്പുഴപ്പരിസരങ്ങളിൽ താമസിച്ചിരുന്നപ്പോഴാണു ത്രിപുരദഹനംകൃതി നമ്പിയാർ രചിച്ചിട്ടുള്ളതെന്നു തീർച്ചയാക്കാം.

ഈ കൃതിയുടെ മുഖവുരയിൽ സമയം വെറുതെ വ്യയംചെയ്തു കളയുന്ന മനുഷ്യരെപ്പററി നമ്പിയാർ അനുശോചിക്കയും ബ്രാഹ്മണപൂജയുടെ അത്യാവശ്യകതയെക്കുറിച്ചുപന്യസിക്കയും ചെയ്തിട്ടു് യഥാർത്ഥബ്രാഹ്മണ്യത്തിന്റെ ലക്ഷണങ്ങളായ ശാസ്ത്രപഠനവും വേദാദ്ധ്യയനവും തികഞ്ഞിട്ടുള്ള ഒരു പറയൻ, പറയാൻ പോകുന്ന

ത്രിപുരദഹനമെന്ന ശിവകഥയെ സദസ്യർ ശ്രദ്ധിച്ചു കേൾക്ക ണമെന്നപേക്ഷിക്കുന്നു. "പറയൻതുള്ളൽ" എന്ന ജാതിയിൽപ്പെട്ട എല്ലാ കൃതികളും, തത്വചിന്തകപ്രസിദ്ധിയുള്ള പാക്കനാരുടെ വംശജനായ ഒരു പറയൻ ഉച്ചരിക്കുന്നതായിട്ടത്രേ നമ്പിയാർ ആവിഷ്ക്കരിപ്പിച്ചു കാണുന്നതു്.

## സന്മാർഗ്ഗപാഠങ്ങൾ

നമ്പ്യാർ തൻെറ തുള്ളൽക്കൃതികളിൽ അതാതു് ഇതിവൃത്ത ങ്ങളെ പ്രതിപാദിക്കുന്ന രീതിവിശേഷംകൊണ്ടു്, അതിലോ രോന്നിലും അനവധി സന്മാർഗ്ഗപാഠങ്ങൾ പ്രത്യക്ഷപ്പെടാറു ണ്ടു്. മദാന്ധമായ അക്രമപ്രവൃത്തികൾ തൽക്കാരകന്മാൎക്കു് അവി ചാരിതമായ വിനാശമുണ്ടാക്കുന്നുവെന്നുള്ളതാണു് ത്രിപുരദഹന ത്തിലെ വലിയ പാഠം. ദേവന്മാൎക്കുപോലും അജയ്യമായുള്ള ശക്തി വർദ്ധന, ത്രിപുരന്മാൎക്കു് സിദ്ധിച്ചതു്, ഏകാഗ്രനിഷ്ഠയോടുകൂടി യം അവരുടെ തപഃപ്രഭാവംകൊണ്ടാണെന്നോൎക്കുമ്പോൾ, സ്ഥിര പരിശ്രമത്തിൻെറ മഹിമയാണു് നമുക്കു് ബോദ്ധ്യപ്പെടുന്നതു്. ത ൽപരിശ്രമത്തിൽ ത്രിപുരന്മാർ അനുഭവിച്ച കഷ്ടപ്പാടുകൾ,

"വെയിലുതട്ടിശ്ശരീരങ്ങൾ
കോലുപോലെ മെലിഞ്ഞാശു
തോലുചുക്കിച്ചുളിഞ്ഞിട്ടും.
ഭാവമേതും പകന്നില്ല."

എന്നു പറഞ്ഞിരിക്കുന്നതിൽ നിന്നു് സ്പഷ്ടം. ഉദ്ദേശിച്ച കാൎയ്യം സാധിക്കാതെ പിന്മാറാൻ ഭാവമില്ലെന്നുള്ള നിഷ്ഠയും ധൈൎയ്യവും

"ഭംഗിവാക്കൊന്നാരുരം ചെയ്താൽ
കൂട്ടകില്ലെന്നറിഞ്ഞാലും
ഹിന്തകൊണ്ടും കണക്കില്ലാ
കിട്ടിയല്ലാതയക്കില്ലാ."

എന്നു ത്രിപുരന്മാർ ബ്രഹ്മാവിനോടറിയിക്കുന്നതിൽനിന്നു് വ്യക്തമാകുന്നു. ഉപകാരസ്മരണയില്ലാതെ പോയാൽ, അവിടെപ്പിന്നെ ഉൽക്കർഷത്തിനു പകരം അപകർഷമേ ഉണ്ടാകയുള്ളു—ഇതാണു് മറെറാരു പാഠം. ത്രിപുരന്മാരുടെ അഭ്യുദയങ്ങൾക്കെല്ലാം നിദാനമായ ശിവനെ പരസ്യമായി അവർ നിന്ദിക്കയും ദ്രോഹിക്കയും ചെയ്തു. അതിഘോരമായ ഈ കൃതഘ്നത, ശിവൻെറ നിരസാഗ്നിയെ ഉജ്വലിപ്പിക്കുന്നതിനും ത്രിപുരന്മാരെ അതിൽ നീററിക്കളയുന്നതിനും ഇടയായി. ദുഷ്പ്രഭുക്കൾ തങ്ങളുടെ മർദ്ദനപ്രവൃത്തികളെ സാധൂകരിക്കുവാൻ ചില ന്യായങ്ങൾ പറയാറുള്ള ലോകരീതിക്കു്, ഇതിലെ ത്രിപുരന്മാർ ദേവന്മാരിൽ ആരോപിക്കുന്നകുററങ്ങൾ, മതിയായ ലക്ഷ്യമാകുന്നു. പൌരാണികമായി നോക്കുമ്പോൾ ത്രിമൂർത്തികളിൽ വെച്ചു ശിവനുള്ള പ്രാധാന്യത്തേയും മനുഷ്യോൽക്കർഷത്തിനു് ആസ്തിക്യബുദ്ധി എന്തുമാത്രം പരിത്യാജ്യമാണെന്നുള്ളതിനേയും, ഈ ത്രിപുരദഹനം തുള്ളൽ, നല്ലവണ്ണം സമർത്ഥിക്കുന്നുണ്ടു്.

## വർണ്ണന

നമ്പ്യാരുടെ വർണ്ണനകൾക്കുള്ള ചിത്രീകരണസാമർത്ഥ്യം ത്രിപുരദഹനത്തിൽ പല ദിക്കിലും പ്രകാശിക്കുന്നുണ്ടു്. "നാലുഭാഗങ്ങളിൽ നല്ല മലരിയുമെരിയിച്ചു്" പ്രചണ്ഡതപം ചെയ്യുന്ന ത്രിപുരന്മാരുടേയും, "മാടവും മണിമാടവും പതിനെട്ടുകെട്ടുനിരക്കവെ" എന്നിങ്ങനെ പലതരം ഏടുപ്പുകളോടുകൂടിയ മൂന്നുഭവനങ്ങളുടേയും,

ഇത്തരമങ്ങുരചെയ്താരു ദാനവ-
സത്തമനെത്തിന ഭൃത്യജനത്തൊടും
ഒത്തുതകത്തുതിമിത്തു പുറപ്പെട്ടു്"

ത്രിപുരന്മാരുടെ യുദ്ധയാത്രയുടേയും, അവരുടേ അക്രമങ്ങൾ നിമിത്തം ദേവലോകത്തും ഭൂമിയിലും നടന്നുകൂടിയ അമളികളുടേയും മഹാവിഷ്ണുവും നാരദനും വേഷംമാറി വന്ന സന്ന്യാസിയുടേയും

ശിഷ്യന്റേയും, ഭീകരവേഷധാരികളായ ഭൂതഗണങ്ങളുടെ അകമ്പടിയോടുകൂടിയ ശിവന്റെ കോപോദ്ദീപ്തപുറപ്പാടിന്റേയും ഒത്ത ചിത്രങ്ങൾ തന്നെയാണ്, നമ്പ്യാർ ഇതിലവിടവിടെ നമുക്ക് പ്രദർശിപ്പിച്ചു തരുന്നതു്.

സൂക്ഷ്മസ്വഭാവങ്ങളെ നമ്പ്യാർ യാഥാസ്ഥിതികരീതി (Realistic) വർണ്ണിക്കുന്നതു് ചിലപ്പോൾ വളരെ സംക്ഷേപിച്ചും മററു ചിലപ്പോൾ അസാരം വിസ്തരിച്ചുമായിരിക്കും ത്രിപുരന്മാർ മദ്യം കണക്കിലധികം സേവിക്കകൊണ്ടു്, "നല്ല പാട്ടുകളങ്ങു പാടിയൊടുക്കമങ്ങു പിഴച്ചു പോയതും, അവരെപ്പോലെയുള്ള സുഖലോലുപന്മാർ "ആഹാരം കഴിച്ചുകൊണ്ടാഹായെന്നിരിക്കുന്നതും", ദരിദ്രന്മാർ "പൊക്കണങ്ങളണിഞ്ഞു് കൊണ്ടു് തെണ്ടെക്കിറങ്ങി നാട്ടിലൊക്കെ നടന്നലയുന്നതും, മററും, ചെറു വർണ്ണനങ്ങളെങ്കിലും എത്ര ശക്തിമത്താണെന്നു് നോക്കുക. "പട്ടിപോലെ നടന്നോരോ കോട്ടിലെല്ലാം നടാന്നൽപ്പം" എന്നു തുടങ്ങി "പട്ടിണി പ്രായമായുള്ള കഷ്ടകർമ്മ"മെന്നുവരെയുള്ള വരികൾ നമ്പിയാരുടെ മറേറവിധത്തിലുള്ള യാഥാസ്ഥിതികവർണ്ണനയേയും ഉദാഹരിക്കുന്നു.

കേരളീയകവികൾ, ഈശ്വരസ്തുതികളെ് ഭക്തിസംവർദ്ധകമായ വർണ്ണനാന്തരങ്ങളായി മാത്രം ഗണിച്ചിട്ടുള്ളനിലക്കു് ഇതിലെ സ്തുതികളെപ്പററിയും നാം ഇവിടെയാണു് പ്രസ്താവിക്കേണ്ടതു. ത്രിപുരന്മാർ, ശിവനേയും,ദേവന്മാർ മഹാവിഷ്ണുവിനേയും ഇതിൽ സ്തുതിച്ചുകാണുന്നതു്. സങ്കീർത്തനഭാഷയിൽ തന്നെയാണു്. "കമലലോചന ഹരേ" എന്നു തുടങ്ങുന്ന വിഷ്ണുസ്തുതി, മലയാള അക്ഷരമാലാക്രമത്തെ അനുസരിക്കുന്നുവെന്നുള്ള വിശേഷംകൂടി നമ്പ്യാർ ഇവിടെ സംഘടിപ്പിച്ചിട്ടുണ്ടു്.

സംഭാഷണംവഴി, നമ്പ്യാർ വരുത്തിവയ്ക്കുന്ന തന്മയത്വത്തിനും ഇതിൽ ധാരാളം ദൃഷ്ടാന്തങ്ങളുണ്ടു്. ബ്രഹ്മാവും ത്രിപുരന്മാരും

തമ്മിൽ താരകാക്ഷൻ സ്വമന്ത്രിമാരോട്, ത്രിപുരന്മാരുടെ സഹിക്കവയ്യാത്ത അക്രമങ്ങളേററ ബഹുജനങ്ങൾ തമ്മിൽ, ത്രിപുരന്മാരും ബുദ്ധസന്യാസിയും തമ്മിൽ, മഹാവിഷ്ണുവും ദേവന്മാരും തമ്മിൽ, ശിവനും നാരദനും തമ്മിൽ ഇങ്ങിനെയുള്ള പല സന്ദർഭങ്ങളിലും, നമ്പിയാരുടെ സംഭാഷണരസികത്വം പ്രദീപിക്കുന്നുണ്ട്.

ത്രിപുരന്മാരുടെ ഭവനങ്ങളിലെ ഐശ്വര്യസമൃദ്ധി കാണിക്കുവാൻ തദുദ്യാനങ്ങളിലെ പലതരം വൃക്ഷങ്ങളേയും, അവിടെ മുഴങ്ങുന്ന വാദ്യവിശേഷങ്ങളേയും സ്ത്രീജനങ്ങൾ ആലാപിക്കുന്ന പല രാഗങ്ങളേയും അവർ അണിഞ്ഞിരിക്കുന്ന വിവിധഭൂഷണങ്ങളേയും ത്രിപുരന്മാരോടു യുദ്ധത്തിനൊരുങ്ങിച്ചെന്ന് തോററു തൊപ്പിയിട്ട കുന്തിഭോജൻ തുടങ്ങി പാണ്ടിക്കധിപനായ വീരപ്പനായിക്കൻവരെയുള്ള എല്ലാ ഭാരതീയരാജാക്കന്മാരെയും, പരിഗണിച്ചിരിക്കുന്നിടങ്ങളിൽ നമ്പ്യാരുടെ മുൻപറഞ്ഞ വിവരണപ്രകൃതി പ്രത്യക്ഷപ്പെടുന്നുണ്ടല്ലോ.

## ചമൽക്കാരം.

ഡംബരത്വമൊട്ടുമില്ലാതെ ആശയപ്രകാശനം മാത്രം മുൻനിറുത്തി, സാധാരണമായ സംഭാഷണരീതിക്ക് അലങ്കാരങ്ങൾ പ്രയോഗിക്കുവാൻ നമ്പ്യാർക്കുള്ള സാമർത്ഥ്യം, ഒന്നു പ്രത്യേകം തന്നെയാണ്. "മണമുള്ള മലർതന്നിലണയും വണ്ടുകൾ പോലെ" വണങ്ങുന്ന ജനങ്ങളിൽ ദേവതമാർ ഇണങ്ങിക്കൊള്ളുന്നതും; "വാണികൊണ്ടു ഫലിപ്പിക്കാൻ ശേഷിയില്ലാത്തവർ സദസ്സിൻെറ" കോണിലെങ്ങാനൊരേടത്ത് തൂണുപോലെയിരി"ക്കാറുള്ളതും; ഭയങ്കരസ്വരൂപികളായ ത്രിപുരന്മാർ "അന്തകൻെറ കിങ്കരന്മാരെന്നപോലെ കാട്ടിലിരുന്നു തപസ്സുചെയ്യുന്നതും; ത്രിപുരന്മാരുടെ ദൃഷ്ടിയിൽ, തൽഭടന്മാർ അതുവരെ വിഷ്ണുഭക്തിമൂലം "നാരിമാരെന്നപോലെ" ഭയപ്പെട്ടുവസിച്ചുവന്നതും; അചരനായതാരകാസുരൻെറ കാലത്തു" ദേവന്മാർ "പൂച്ചയെക്കണ്ടെലിപോലെ വിറച്ചുകൊണ്ടിരുന്ന"തും

"കരിമ്പിൻതണ്ടെന്നപോലെ" ദേവന്മാരെ അസുരന്മാർ "പിടിച്ചൊക്കെപ്പിഴി"യുന്നതും; ദേവന്മാർ, ത്രിപുരന്മാരെന്ന കേരം ക്കുംപോരം 'തുമ്പിപോലെ പറന്നോരോദിക്കിലെല്ലാമൊളി'ക്കുന്നതും; മററുമാണു് നമ്പിയാരുടെ സുഖവഴിക്കുള്ള ഉപമാലങ്കാരങ്ങരം. ഇദ്ദേഹത്തിൻെറ അതിസാരളമായ മറെറാരുചമല്ക്കാരരീതി, "അപ്രസ്തുത പ്രശംസ"യാകുന്നു. ഇണക്കവും ഘ്ണവും ഉണ്ടെങ്കിലേ ആളുകരം ആശ്രയിക്കാൻ കാണുകയൊള്ളൂ എന്ന അഭിപ്രായം പ്രകാശിപ്പിക്കുവാൻ "രണ്ടീരുക്കളെ വേണ്ടാ' തന്നിച്ച മന്നവന്മാക്കും" എന്ന ശിവപ്രീതി നിമിത്തം പ്രബലന്മാരായ്ത്തീന്നിരിക്കുന്ന ത്രിപുരന്മാരുടെ അക്രമങ്ങരം തട്ടപ്പാൻ ദേവന്മാർ ശക്തരില്ലെന്നു് തെളിയിക്കുവാൻ,

"ഈററപാമ്പിൻ വിഷമെല്ലാം പാററകരംക്കു സഹിക്കാമോ,
നീററിലുള്ള മുതലകരം ചീററിവന്നങ്ങടുക്കുമ്പോരം
മാററിയാകും തവളയ്ക്കങ്ങേററുപോവാനെളുതാമോ"

എന്നും, നാരദൻ ശിവനോടു് പരാതി പറയുന്ന കൂട്ടത്തിൽ

അവിടത്തെ ഭക്തന്മാരാകയാൽ ശാന്തന്മാരായിരിക്കാനേ തരമുള്ളൂ എന്നു വിചാരിച്ചിരുന്ന ത്രിപുരന്മാർ നേരെ മറിച്ചു് മഹാ അക്രമികളായിത്തീന്നിരിക്കുന്നുവെന്നു് വ്യഞ്ജിപ്പിക്കുവാൻ "ചന്ദനമെന്നോത്ത വൃക്ഷം കാഞ്ഞിരമായ് വന്നിതിപ്പോരം, മാലയെന്നു നിനച്ചേവം വിശ്വസിച്ച വസ്തുവല്ലോ കാലസർപ്പങ്ങളായ്" എന്നും മററും ചെയ്തുകാണുന്ന പ്രസ്താവങ്ങരം നമ്പ്യാരുടെ അപ്രസ്തുതപ്രശംസയ്ക്കുള്ള മാധുര്യത്തെ പ്രസരിപ്പിക്കുന്നു. ഇതുപോലെ ഒരു കവിക്കു് സ്വായത്തമായുള്ള ആശയസമ്പത്തി നിമിത്തം അനായാസമായുണ്ടാകുന്ന "ഉല്ലേഖം" "അർത്ഥാന്തരന്യാസം" 'ദൃഷ്ടാന്തം' മുതലായ മററുംപല അലങ്കാരങ്ങളേയും, നമ്പിയാർ അവസരോചിതമായ പഴഞ്ചൊല്ലുകളും ലോകോക്തികളും ഉപയോഗിച്ചു നിമ്മിക്കാറുണ്ടു്. പഴഞ്ചൊല്ലുകളെ ഇടയ്ക്കു് കലത്തി പ്രയോഗിച്ചിട്ടുള്ള ഈഭാഗങ്ങളിലെ ചമൽക്കാരസ്വാരസ്യം നോക്കുക:—

i. അന്നു വെട്ടം വാൾക്കു നെയ്യിട്ടിരിക്കുന്ന ലോകരെല്ലാം.
ii. ചുമരുണ്ടെങ്കിലേ നല്ല ചിത്രമൊള്ളു ധരിച്ചാലും.
iii. ചോറൊണ്ടെങ്കിലേ നല്ല കറികൊണ്ടുകണക്കുള്ളൂ.
iv. പൈയ്യ് കുത്തുമ്പൊഴിപ്പഞ്ചൊക്ഷരംകൊണ്ടു കണക്കുണ്ടോ?
v. പടിക്കൽപാറ പൊന്നെങ്കിൽ പാതി ദേവനെന്നപോലെ.
vi. വാളെടുക്കുന്നവരെല്ലാം വെളിച്ചപ്പാടെന്ന പോലെ
vii. ഉറക്കത്തിൽ പണിക്കത്തമൊരുത്തർക്കും വരത്തില്ല.
viii. കുംഭകോണേ കൃതം പാപം കുംഭകോണേ വിനശ്യതി.
ix. കയ്യിലെപ്പുണ്ണിന്നു പിന്നെ കണ്ണാടിയും കൂടെ വേണോ?

സംഭാഷണശൈലികളെ കവിതയ്ക്കുള്ളിൽ നിബന്ധിച്ചു ചേർക്കുവാൻ നമ്പിയാർക്കു വളരെ താൽപര്യമാണ്. "വേണ്ടാ വേണ്ടാ എന്നുവച്ചിതേവരെ ക്ഷമിക്ക"; "ഉണ്ടചോറുമറക്കുക" കൈക്കലൊന്നുമില്ലാത്തവനെ നാപോലും നോക്കാതിരിക്കുക" "തോളിൽ ഇരുന്നു ചെവി തിന്നുക" "നിന്നു കാലുകഴപ്പിക്കാതെ വന്നകാര്യം പറയുക" എന്നിങ്ങനെയുള്ള ശൈലികൾ, നാം എന്നും സാധാരണ സംഭാഷണത്തിൽ സന്ദർഭംപോലെ ഉപയോഗിച്ചു വരുന്നതാണല്ലോ.

ഇക്കഥ മുഴവൻ വിസ്തരിപ്പാൻ,"പോരാ നേരവും പിന്നെത്തീരാ ശേഷവും ചൊന്നാൽ" എന്നവിധമുള്ള അതിശയോക്തികളും, "രജനിചരകുലശലഭകാലമഹാനലൻ" എന്നമട്ടിലുള്ള പരമ്പരിതരൂപകങ്ങളും, നമ്പ്യാർ പൂർവകവികളുടെ വഴി പിടിച്ച് യഥായോഗ്യം പ്രയോഗിച്ച് ആകപ്പാടെ, തന്റെ ചമൽക്കൃതിയ്ക്കും വൈചിത്ര്യഭംഗിവരുത്തുന്നുണ്ട്.

## ഫലിതം

സാഹിത്യത്തിന്റെ ഹൃദ്യതയേ വർദ്ധിപ്പിക്കുന്ന ഫലിതപ്രയോഗത്തിൽ ഇത്ര പ്രകടതയും പ്രചുരിമയും തികഞ്ഞിട്ടുള്ള കേരളീയകവി, നമ്പ്യാരെപ്പോലെ മററില്ലെന്നു തന്നെ പറയാം. നമ്പ

ജാരുടെ ഫലിതത്തിന്, കേൾക്കുമ്പോൾ ഏതെങ്കിലുംതരത്തിലുള്ള
നേരമ്പോക്കു മാത്രമല്ല ഉള്ളതു്; സന്ദർഭത്തിനനുസരണമായുള്ള അർ
ത്ഥയോജനയും തന്മൂലം വർണ്ണ്യ പ്രതീതിക്കുതകത്തക്ക പ്രോജ്ജ്വ
ലതയും ഉണ്ടായിരുന്നു. ഏതെങ്കിലും ഒരാശയം പ്രകാശിപ്പിക്കാൻ
വഴികൾ പലതുണ്ടായിരിക്കെ, ഏതുവിധം പറഞ്ഞാൽ, കേൾവി
ക്കാർക്കു ഇതുതന്നെയായിരുന്നു ഇവിടെ പറയേണ്ടിയിരുന്നതെന്നു
തോന്നിക്കുമോ, അതേവിധംതന്നെ പറയുന്ന പ്രകൃതക്കാരനായിരു
ന്നു നമ്പിയാർ എന്നോ, ചുരുക്കത്തിൽ പറയാനുള്ളൂ. ഭൂമിയിലുള്ള എ
ല്ലാ വീടുകളേയും 'പത്തുനൂറുദനുജന്മാർ'ഓരോ സംഘമായി ചേന്നു
ചെന്നു കൊള്ളയിട്ടു കുത്തിവാരിയ സന്ദർഭത്തിൽ, ഭീതരായ ഗൃഹ
വാസികളിൽ ഒരുവൻ വീട്ടിലെ ഉത്തരത്തിന്മേലേറി ഒളിച്ചിരുന്നു
എന്നുപറഞ്ഞു കേൾക്കുമ്പോൾ, ഈ വൃത്താവിശേഷം പുരുഷത്വ
ത്തിനു പോരാഞ്ഞതാകയാൽ കേൾക്കുന്ന മാത്രയിൽ ആളുകൾക്കു
ഹാസ്യരസത്തേയും, എന്നാൽ അതേസമയം തന്നെ, മുറിക്കകത്തു്
അസുരന്മാരെക്കണ്ടു പെട്ടെന്നു ജീവഭയം നിമിത്തം മരവിച്ചുപോയ
ആ ആൾ, "കുത്തിവച്ചമരപ്പാവ പോലെ" അവിടെ ദൃശ്യമാ
യെന്നുള്ളതു് സന്ദർഭാനുയോജ്യമായ സംഭവ്യതയേയും ഉൽപന്നമാ
ക്കുന്നതിനാൽ, വർണ്ണ്യമായ അവിടത്തെ 'അമിളി' യെപ്പററി ശരി
യായ ഒരുൽബോധനം കേൾവിക്കാരിൽ ജനിപ്പിക്കുവാൻ ഇതു് എ
ത്രയും ഉൽബലകമായിത്തീരുന്നു. അതുപോലെ തന്നെ ദേവലോ
കത്തു് അസുരന്മാർ, അവരെ എതൃത്ത ദേവന്മാരെ ഓരോരുത്ത
രെയായി അടിച്ചു വീഴ്ത്തിപ്പിടിച്ചു കെട്ടി കൊണ്ടു പോയതു
കണ്ടു് ദേവേന്ദ്രൻ, "ആസനത്തേ വെടിഞ്ഞോടിത്തിരിച്ചാ
നങ്ങൊരു ദിക്കിൽ" എന്നു പറഞ്ഞിരിക്കുന്നിടം കൊണ്ടു്,
ത്രിപുരന്മാരുടെ ശക്തിപ്രാഭവവും, ഇന്ദ്രന്റെ ജാള്യവും പെട്ടെ
ന്നു ശ്രോതാക്കൾക്കു് പ്രസ്ഫുരിതമാകുന്നുണ്ടു്. അഹങ്കാരപ്രമത്ത
നായ കമലാക്ഷനേക്കൊണ്ടു് ചന്ദ്രബിംബത്തെ ചാണയാക്കണ
മെന്നും മററുമുള്ളമനോരാജ്യപ്രലപനങ്ങൾ ചെയ്യിക്കുന്നതും, ദേ
വഭടന്മാർക്കു മീശവിറച്ചതും, "കാത്തുനിൽക്കുമവരെല്ലാമേത്തമിട്ടവ

ലക്ഷത്തതും", ദേവേന്ദ്രൻ ഓടിയൊളിച്ചെന്നു കണ്ടപ്പോൾ, അസുരന്മാർ ദേവസ്ത്രീകളോടു സൌമ്യത്തിൽ അടുത്തുകൂടി "എങ്ങുപോയീശചിദേവി മേനകേ! നീയെങ്ങുപോയീ" എന്നു തിരക്കിത്തുടങ്ങിയതും; അസുരന്മാരെ പേടിച്ചു് നാടുവിട്ടുഴലുന്ന നായന്മാർ "കാശിക്കു തിരിപ്പാനോ ദേശങ്ങളറിവി"ല്ലെല്ലോ എന്നു സങ്കടപ്പെടുന്നതും; നാട്ടിലെ ഈ അമളി ത്രിപുരന്മാരുടെ അക്രമങ്ങൾ നിമിത്തമുണ്ടായതെന്നുള്ള വസ്തുത അറിയാതെ "കണ്ണും കിടയുംകെട്ട" ഒരു വയസ്സൻ, വിശേഷങ്ങളറിഞ്ഞു രസിപ്പാൻ തപ്പിത്തടഞ്ഞു വഴിയിലിറങ്ങിവന്നതും കെട്ടുകെട്ടിപ്പുറപ്പെട്ടപട്ടരച്ഛനെക്കൊണ്ടു തമിഴിൽത്തന്നെ സങ്കടം പറയിച്ചിരിക്കുന്നതും, മററും നമ്പ്യാരുടെ ഫലിതപ്രയോഗസാമർത്ഥ്യത്തെ ഉദാഹരിക്കുന്നു.

കവിയുടെ പരിസരവിമർശനം:-

നമ്പ്യാർ തൻെറ ചുററും, കണ്ട സംഗതികളിലെ ന്യൂനതകളെപ്പററി സ്വകവിതയ്ക്കുള്ളിൽ യഥാസന്ദർഭം ചേർത്തു പരാമർശിക്കാറുണ്ടെന്നു മമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇവയിൽ അതിപ്രധാനമായ്, രാഷ്ട്രീയകാര്യങ്ങളിൽ അന്നത്തേ നാടുവാഴികൾക്കുണ്ടായിരുന്ന കുറവുകളാണു് നമ്പ്യാരുടെ ദൃഷ്ടിയിൽ അധികം പതിഞ്ഞുകാണുന്നതു്. ത്രിപുരന്മാരുടെ ശക്തിപ്രാഭവം വർണ്ണിക്കുന്നിടത്തും, കമലാക്ഷൻ കാര്യക്കാരന്മാരോടു് ആജ്ഞാപിക്കുന്നിടത്തും, അസുരന്മാർ കൊള്ളയിട്ടപ്പോഴത്തെ മനോഭാവം വിവരിക്കുന്നിടത്തും അന്നത്തെ നാട്ടുവാഴികളും മന്ത്രിമാരും തമ്മിലുള്ള ബന്ധത്തേയും മന്ത്രിമാരുടെ അഴിമതികളേയും നാട്ടുകാർക്കു തന്നിമിത്തം കേൾപ്പോരും കേൾവിയുമില്ലാത്ത മട്ടിൽ അനുഭവിക്കേണ്ടിവന്ന ദുരിതങ്ങളേയും നമ്പിയാർ നല്ലവണ്ണം വിവരിച്ചുകാട്ടുന്നുണ്ടു്. പ്രജകൾക്കു രാജസന്നിധിയിൽ ചെന്നു സങ്കടമറിയിക്കുവാൻ, രാജസേവന്മാരായിത്തീർന്നിരുന്ന ഈ മന്ത്രികൾ അനുവാദം കൊടുത്തുവന്നില്ല. ഈ മന്ത്രികളോ, എല്ലായ്പോഴും സേവനടിച്ചു്, മൂക്കിൽ വിരലും തള്ളി, പഞ്ചപുഛവുമടക്കിക്കൊണ്ടു

പള്ളിശ്ശാമ്പിയിൽ സദാ ഹാജരാണുതാനും. രാജാവു മനസ്സിൽ കാണുംമുമ്പുതന്നെ കടന്ന കൈ പ്രവൃത്തിച്ചു കഴിയുന്നവരാണു ഈ മന്ത്രികൾ. "നമ്മുടോർക്കു പണത്തിനാഗ്രഹമേററമുണ്ടതു നിർണ്ണയം" എന്നുള്ള പ്രമാണവാക്യം സ്വീകരിച്ചിട്ടുള്ള ആ മന്ത്രിവിരന്മാർ, നാട്ടാരുടെ 'ഉടുക്കും വസ്ത്രവുംകൂടെപ്പിടുങ്ങി" വന്നതിൽ, അത്ഭുതപ്പെടാനില്ലല്ലൊ. എന്തിനേറെ? അവരുടെ കൈക്കൂലി പ്രതിപത്തി,

കരത്തിൽ നാലെട്ടുത്തങ്ങുകൊടുത്താൽ കാര്യമൊട്ടെല്ലാം-
വരുത്തുംശീലമവർണ്ണ്യ!മായിരുന്നുവെന്നേ പറയേണ്ടതുള്ളൂ.

ദുർമ്മന്ത്രികളുടെ ഇത്തരത്തിലുള്ള ദുർഭരണംമൂലം കർഷകരായ നാട്ടുകാരുടെ നിലങ്ങളെല്ലാം കണ്ടുകെട്ടി വെറുംകൂലിക്കാരെക്കാൾ കഷ്ടമായി കഴിഞ്ഞുകൂടേണ്ടിവന്നു. അന്നു നാടുവാഴികൾതമ്മിൽ നടന്നുകൊണ്ടിരുന്ന യുദ്ധങ്ങളിൽ തോൽവി പററിയവരുടെ പണ്ടത്തെ കാര്യക്കാരന്മാക്കു് "പിന്നെ കായക്ലേശവുംവേണ്ടാ, കോയിക്കലെഴുതേണ്ടാ വായിക്കുന്നതും പക്ഷേ" യെന്നമട്ടിൽ കൈയിൽക്കാശില്ലാതെ അവർ അലഞ്ഞുനടക്കുന്നതും; യുദ്ധമില്ലാത്തകാലത്തു ചില നാടുവാഴികൾ, (ദേവന്മാർ, ഇന്ദ്രനേപ്പററി മഹാവിഷ്ണുവിനോടു പരാതിപറയുന്നപ്രകാരം) "പെട്ടകം കുട്ടകംകെട്ടിപ്പട്ടരുംവാലിയക്കാരുംമററു വിഭവങ്ങളുമായി വലിപ്പംനടിച്ചു നടക്കുന്നതും; യുദ്ധംകഴിയുമ്പോൾ മുറയ്ക്കുള്ള വേതനംമുഴുവൻകൊടുത്തുതീർക്കാതെ പറഞ്ഞയക്കുന്ന ദുർമ്മന്ത്രികളിൽ അതൃപ്തിയോടെ ഭടന്മാർ പിറുപിറുത്തുംകൊണ്ടുപോകുന്നതും; നമ്പ്യാർ ഈ കൃതിയിലങ്ങിങ്ങായി സൂചിപ്പിക്കുന്നുണ്ടു്. ത്രിപുരന്മാരുടെ യുദ്ധസന്നാഹത്തെപ്പററിയുള്ള നമ്പ്യാരുടെ വിവരണംകൊണ്ടു അന്നത്തെ കേരളീയ യുദ്ധകോലാഹലമാണു് നമുക്കു ഗോചരമാകുന്നതു്. അശ്വപ്പട, ആനപ്പട, കാലാൾപ്പട, എന്നു മൂന്നു അംഗങ്ങൾമാത്രമേ കേരളസൈന്യത്തിൽ അന്നു ഉൾപ്പെട്ടിരുന്നൊള്ളു. "ചട്ടയുംതൊപ്പി"യുമിട്ടിട്ടുള്ള സാധാരണ ഭടന്റെയും, "കച്ചകെട്ടിമുറുക്കി നല്ലൊരു വാലുമിട്ടൊരു സുന്ദരൻ" ആയ സേനാനിയുടേയും, തൊങ്കൽവാളും പരിചയും

ഇളക്കികൊണ്ടു താണുനിന്നുപയററുന്ന" അങ്കച്ചേവകൻേറയും (തൽക്കാലസഹായം ചെയ്തുകൊടുപ്പാൻ വേതനം വാങ്ങി യുദ്ധത്തിനു പുറപ്പെടുന്നവൻ) വേഷസന്നാഹങ്ങളെ നമ്പ്യാർ നമുക്കു പ്രസ്തുത കൃതിയിൽ കാട്ടിത്തരുന്നുണ്ടു്.

ഇനി സാമുദായികമായി നോക്കുന്നതായാൽ അന്നു വർത്തിച്ചിരുന്ന പല ജാതിക്കാരുടേയും സ്ഥിതിഗതികളെ നമ്പ്യാർ ഇതിൽ ചൂണ്ടിക്കാണിക്കുന്നുണ്ടെന്നു പറയാം. നാലു ജാതിക്കാരിൽ വെച്ചു ആചാരവശാലുള്ള സംപൂജ്യത ബ്രാഹ്മണക്കു സിദ്ധിച്ചുവന്നിരുന്നുവെങ്കിലും യഥാർത്ഥബ്രാഹ്മണ്യം അനുഷ്ഠിക്കുവാൻ വളരെ പ്രയാസമാണെന്നും പറയുന്ന ആളിൻെറ ജാതിയെക്കാൾ പറയുന്ന തത്വത്തെയാണു ആദരിക്കേണ്ടതെന്നും നമ്പിയാർ ഈ സന്ദർഭത്തിൽ പ്രസംഗിക്കുന്നു. ദേവസ്വങ്ങളും ബ്രഹ്മസ്വങ്ങളും മുടിച്ചു തുടങ്ങുവാൻ ആളുകൾ മടിക്കുന്നില്ലെന്നും "പക്ഷപാതമതു പിന്നെ അക്ഷരവിദ്യയിൽ വേണ"മെന്നും 'സാരബോധം കലികാലേ നീചജാതിക്കേറുമത്രേ"യെന്നുമുള്ള ആശകളെക്കൊണ്ടു കേരളത്തിൽ ജാതിവ്യവസ്ഥയ്ക്കെതിരായി തുടങ്ങിയിരിക്കുന്ന ഉണർവിനേയും വിദ്യാഭ്യാസപ്രചരണത്തേയും കുറിച്ചു നമ്പിയാർ ജനങ്ങളെ ഉൽബോധിപ്പിക്കതന്നെയാണു ചെയ്യുന്നതു്. പുരാണം, കാവ്യം, ശാസ്ത്രം, വേദാന്തംഎന്നിവകളിൽ പാണ്ഡിത്യം നേടിയിട്ടുള്ള വിദ്വാന്മാരെ രാജാക്കന്മാർ അവരവരുടെ രാജധാനികളിൽ താമസിപ്പിച്ചു വാദപ്രതിവാദങ്ങൾ നടത്തിക്കയും അതു കേട്ടു രസിക്കയും ശാസ്ത്രിസ്ഥാനാദിബിരുദുകൾ കൊടുക്കയും ചെയ്തുവന്നിരുന്നുവെന്നു "ശാസ്ത്രികൾ പലരേയും പറഞ്ഞങ്ങു ജയിച്ചെങ്കിൽ ശാസ്ത്രി ശാസ്ത്രിയെന്നല്ലാജ്ജനങ്ങളുമുരചെയ്യും" എന്നു ആദ്യഘട്ടത്തിലും, ത്രിപുരന്മാർ അവരുടെ മന്ദിരങ്ങളിലിരുന്നു 'ഗദ്യപദ്യമുരയ്ക്കയും പല വിദ്യകണ്ടു രസിക്കയും ചെയ്തതായി മദ്ധ്യഘട്ടത്തിലും, 'ഗ്രന്ഥമെന്തുപുരാണമോ അഥ കാവ്യമോ ബത ശാസ്ത്രമോ സിന്ധുപോലെ പെരുത്ത വിദ്യയിലേതിലിങ്ങു പരിശ്രമം" എന്നു ബുദ്ധസന്യാസിയോടു ത്രിപുരന്മാർ ചോദിക്കുന്ന ദിക്കിലും ഉള്ള പ്രസ്താവംകൊണ്ടു തെളിയുന്നു. അന്നത്തെ പൌരന്മാരായിരുന്ന ധനികർ, കൃതികർ, അമ്പലവാസികൾ, കർഷകർ, മാപ്പിളമാർ, കച്ചവടത്തിനു എത്തിയിരിക്കുന്ന വിദേശബ്രാഹ്മണർ, ഊരുചുററിസ്സഞ്ചരിക്കുന്ന മുനികൾ, യതികൾ, ഇവരെപ്പററിയെല്ലാം ഇതിൽ നമ്പ്യാർ സംഗതിവശാൽ പരാമർശിച്ചിരിക്കുന്നു.

നാടകം, പാഠവം, കൂത്തു, ആട്ടം, പാട്ട് എന്നിങ്ങനെ കേരളത്തിൽ അന്നു പ്രചരിച്ചിരുന്ന കലാവിനോദങ്ങളേയും, ഓണം, വിഷു, വേല, വിളക്കു മുതലായ കേരളീയവിശേഷച്ചടങ്ങുകളേയും, സ്നാനം, ജപം, യാഗം, ഹോമം, ഊട്ട് മുതലായ കേരളീയബ്രാഹ്മണാനുഷ്ഠാനങ്ങളേയും, അങ്കം, ചുങ്കം മുതലായ രാജ്യഭരണവ്യവസ്ഥകളേയും, "നൂറും മഞ്ഞളും കൂട്ടിയണിഞ്ഞും കൊണ്ടും", മററുമുള്ള നൃത്യവേഷവിശേഷങ്ങളേയും, കവി ഇതിനുള്ളിൽ എണ്ണിയെണ്ണിപ്പറഞ്ഞിരിക്കുന്നു.

അടുത്തതായി ഗാർഹ്യം തുടങ്ങിയുള്ള മററിനത്തിൽപെട്ട പതിതസ്ഥിതികളും നമ്പ്യാരുടെ നിരൂപണത്തിനു ഇതിൽ പാത്രീഭവിച്ചിട്ടുണ്ടെന്നു കാട്ടാൻ ചില ലക്ഷ്യം പറയാം. "നാട്ടിലും മലമുട്ടിലും ചില വലിയ മലയുടെ ഗുഹയിലും തോട്ടിലും പല കോട്ടിലും ചില പുഴകളൊഴികിന കുഴിയിലും" എന്ന രീതിക്കുള്ള പ്രകൃതിയോടുകൂടിയ കേരളത്തിലെ രാജധാനിയും അതിൽ ചേന്ന എടുപ്പുകളും, അവയുണ്ടാക്കാൻവേണ്ടി വരുന്ന വാളു, അരം, വാച്ചി, ഉളി മുതലായ ആയുധോപകരണങ്ങളും സാധാരണക്കാരുടെ വീടും മഠവും, അമ്പലവും, കളിത്തട്ടും, കിണറും, കുളവും, വീട്ടിനകത്തുള്ള പായ്, കട്ടില്, പാണ, ചെല്ലം പെട്ടകം, വല്ലം മുതലായ സാമാനങ്ങളും, കച്ചമുണ്ട്, പട്ടുപുടവ, ചന്ദ്രകാവി മുതലായ കേരളീയ വസ്ത്രവിശേഷങ്ങളും, "വെള്ളിവെററില ജാതിപത്രിക പാക്കുമുക്കുപ്പുകേലയും" എന്നിത്തരം താംബൂലോപകരണങ്ങളും, ഭസ്മം, ചന്ദനം, കുങ്കുമം, പനിനീരു് എന്നിവ കൊണ്ടുള്ള ലേപനവിധങ്ങളും, കള്ളുകുടി, കൊറ്റപ്പുതീററി മുതലായ ധൂർത്തുകളും എന്നുവേണ്ടാ കേരളീയങ്ങളായ എണ്ണങ്ങളിൽ ഒന്നുംതന്നെ നമ്പിയാർ വിട്ടുകാണുന്നില്ല. പക്ഷേ ദേവലോകത്തേ കളിത്തട്ടിൽ ത്രിപുരന്മാർ അനുവാദം കൂടാതെ കയറിയിരുന്നു വിനോദിക്കുന്നതായും അസുരന്മാരെ യുദ്ധത്തിൽ തോല്പിക്കാൻ ത്രാണിയില്ലാതെ ദേവേന്ദ്രന്റെ ചെമ്പിലെച്ചോറു ദേവസൈന്യങ്ങൾ വെറുതെ തിന്നു തീക്കുന്നതായും വിവരിച്ചായിരിക്കും നമ്പിയാർ കേരളീയപ്രകൃതികളെ തന്റെ കഥാഖ്യാനസന്ദർഭങ്ങളോടു സംഘടിപ്പിക്കുകയെന്നുമാത്രം ധരിച്ചുകൊള്ളണം.

---

DEFINITORY T.O.C. No. 1127 LIBRARY

# * ത്രിപുരദഹനം.

(തുള്ളക്കഥ)

## പറയൻ തുള്ളൽ.

പ്രണതവത്സലൻ ദേവൻ പ്രണവപാവനാകാരൻ
പ്രണയപേശലൻ ലോകപ്രണയദായകൻ വീരൻ
ത്രിണയനാത്മജൻ ധീരൻ തൃണീഭൃതാരിസംഘാതൻ
ഗണനഹീനമാമോരോ ഗുണങ്ങൾക്കാശ്രയഭൃതൻ
ഗണപതി ഭഗവാൻ മേ തുണയായി ഭവിക്കേണം,
ക്ഷണനേരമിളയ്ക്കാതെ വണങ്ങുന്നേൻ വടിവോടെ
തണുത്ത കണ്ണിണകൊണ്ടു തണുപ്പിച്ചീടണമെന്നെ
വണങ്ങുന്ന ജനങ്ങളിലിണങ്ങും ദേവതമാരും,
മണമുള്ള മലർതന്നിലണയും വണ്ടുകൾപോലെ
പിണങ്ങുന്ന ജനങ്ങൾക്കു തുണചെയ്‌വാനാരുമില്ല
തണലില്ലാത്ത വൃക്ഷത്തെഗ്ഗണിക്കുമോ പഥികന്മാർ?
ഗുണമില്ലാത്തവരെക്കൊണ്ടിണങ്ങർക്കും ഫലമില്ല;
രണഭീരുക്കളെ വേണ്ടാ തനിച്ചു മന്നവന്മാർക്കും
പ്രാണികൾക്കു മനക്കാമ്പിൽ പ്രീണനങ്ങൾ വരുത്തുന്ന

---

* ഇപ്പോൾ പുസ്തകരൂപത്തിൽ പ്രചരിക്കുന്ന പല പാഠങ്ങളെ തമ്മിൽ താരതമ്യപ്പെടുത്തിയിട്ടാണു് പ്രസ്തുതഗ്രന്ഥത്തിലെ ഈ പാഠം ഞാൻ സ്വീകരിച്ചിട്ടുള്ളതു്. ഇതിൻെറ ഒന്നാംകളം അവസാനത്തിലെ പ്രാകൃത സംഭാഷണവും, രണ്ടാംകളം ഏകദേശം ഒടുവിൽ നാരദൻ ത്രിപുരന്മാരുടെ ഭാര്യമാരെ വഴിപിഴപ്പിക്കുന്നിടത്തെ ഭൂരിഭാഗവും, ഞാൻ വിട്ടുകളഞ്ഞിട്ടുണ്ടു്.

വാണിഭംഗി വിലാസങ്ങൾ വേണമെങ്കിൽ ബുധന്മാരെ
ഊണുറക്കം നിനയ്ക്കാതെ കാണിനേരമിളയ്ക്കാതെ
ഏണശാബമിഴിയാളാം വാണിതന്റെ ചരണാന്തേ,
പാണിരണ്ടും കൂപ്പിമെല്ലെത്താണുവീണു വണങ്ങേണം
വാണിതന്റെ കൃപയാലി ക്ഷോണിചക്രം ജയിച്ചീടാം;
ക്ഷീണഭാവമൊരുനേരം കാണുകില്ലെന്നറിഞ്ഞാലും.
വാണിമാതാവിനെത്താണു വണങ്ങുവാൻ മടിക്കുന്ന
പ്രാണികൾക്കു സമക്ഷത്തു നാണക്കേടുഭവിച്ചീടും
കോണിലെങ്ങാനൊരേടത്തു തൂണുപോലെയിരിക്കാതെ
വാണികൊണ്ടു ഫലിപ്പിച്ചീടേണമെല്ലാജനങ്ങളും,
നാണിയത്തിന്നിതു തന്നെ വേണമെന്നേ മതിയാവൂ.
ഭോഷനായ ഞാനുമിപ്പോൾ ഭാഷതന്നെ ചമയ്ക്കുന്നു,
ശേഷമുള്ള ജനങ്ങൾക്കു ഭാഷണത്തിനൊരുമാർഗ്ഗം
ഏഷണിക്കാരിതുകൊണ്ടു ദൂഷണങ്ങൾ പറഞ്ഞാലും
ശേഷശായീകൃപയാലെ ഭൂഷണമായ്‌വരുമത്രെ.

അമ്പലപ്പുഴമേവുമംബുജലോചനൻ കരുണാകരൻ
ഇമ്പമോടടിയന്റെ മാനസകമ്പമമ്പൊടകററണം
വൻപനായ കിരീടിതന്നുടെ തേരിലേറിനടന്നുടൻ
വൻപടയ്ക്കിട കൂടിയേററൊരു നൂററുപേരെ മുടിച്ചവൻ
കുമ്പിടുന്നു നമുക്കു വാക്കിനു ജൃംഭണങ്ങൾ വരുത്തണം
ചെമ്പകശ്ശേരി നാടുവാണരുളീടുമെന്നുടെ തമ്പുരാൻ
ചമ്പകാവലികോമളാകൃതിയായ ദേവനാരായണൻ
സാമ്പ്രതം തുണയായ്‌വരേണമെനിക്കു നൽകുലഭൂഷണൻ
സകലഗുണഗണനിലയനാകിയഭൂതനാഥനനാമയൻ
തകഴിയിൽക്കുടി കൊള്ളുമീശ്വരനഖിലനാശ്രയമെപ്പൊഴും;
വികടരിപുഭടപടയിലുടനുടനേററു വെട്ടിയമർത്തുവാൻ
പ്രകടപടുബലമുടയ ഹരിഹരതനയനിന്നു തുണയ്ക്കു മാം
ധരണിസുരവരമകുടമണി മമ ധാർമ്മികൻ ഗുരുനാഥനും
പരിചിലടിയനു പടുതവരുവതിനേററമാണു തുണയ്ക്കണം
പരമഗുരുവരചരണസരസിജസേവകൊണ്ടു സമസ്തവും

നരെന്ന വിരവൊടു വന്നു,മതൊരു സുരമാരു ചാരു ലഭിക്കേണം
നന്ദികാടവിനായകൻ ഗുരു ബാലരവി പരദൈവതം,
നന്ദി നൽകണമിന്നു മേ തിരുകണ്ടകാപുരി ഭഗവതി
കള്ളർകോട്ടമരുന്ന ശങ്കരനുള്ളിൽവന്നു വിളങ്ങണം;
വെള്ളിമാമല വാസികിള്ള കുറിശ്ശിവാണമഹേശനും.
കാലത്തിൻ പകർച്ചകൾ മനുജക്കു നിനവില്ലാ
കാലത്തെ ഉണരുവാൻ മടി പാരം ബുധന്മാൎക്കും
കാലൻ വന്നണയുമെന്നൊരു പേടിയതുമില്ലാ
കാലാരി ചരിതങ്ങൾ നിനപ്പാനും മനസ്സില്ലാ
വെയിലെന്നും മഴയെന്നും രാവെന്നും പകലെന്നും
വാലേതു തലയേതെന്നറിയാത്ത പുരുഷന്മാർ
കോലുന്ന പരിഹാസം പറഞ്ഞിട്ടും ചിരിച്ചിട്ടും
കാലങ്ങൾ വൃഥാതന്നെ കഴിക്കുന്നു, മരിക്കുന്നു,
ബ്രഹ്മസ്വം മുടിപ്പാനും, ദേവസ്വം മുടിപ്പാനും,
ഡിംഭന്മാക്കൊരുനാളും മടിയില്ലാ മനക്കാമ്പിൽ
ബ്രഹ്മാവു ശിരസ്സിങ്കൽ വരച്ചതു നിരസിപ്പാൻ
ബ്രഹ്മാണ്ഡകടാഹത്തിലൊരുത്തനുമെളുതല്ല
ബ്രാഹ്മണവരന്മാരെപ്പരിചോടു വണങ്ങേണം
ബ്രാഹ്മണർ നമുക്കെല്ലാമീശരെന്നിരിക്കേണം;
ബ്രാഹ്മണ്യമായ ജന്മം ജനിപ്പാനുമെളുതല്ല
ബ്രാഹ്മണ്യമായകൎമ്മം നടത്താനുംപണിതന്നെ
ചണ്ഡാളൻ പറഞ്ഞാലും നല്ലതെങ്കിൽ ഗ്രഹിക്കേണം
ചണ്ഡീശൻ കടാക്ഷങ്ങളവനിലും ഭവിച്ചീടും
ഒട്ടേറെയറിവുള്ള പട്ടേരി പറഞ്ഞാലും
പഠിങ്ങിന്നൊത്തിലെന്നാൽ നിരൂപിച്ചേ നടക്കാവൂ
കാവ്യങ്ങൾ പുരാണങ്ങൾ നാടകങ്ങളിവയെല്ലാം
ദ്രവ്യം കിട്ടുമെന്നാകിൽ പഠിക്കുന്നു ചിലരിപ്പോൾ
ദ്രവ്യത്തിങ്കലല്ലാതെയൊരുനേരം മനസ്സില്ലാ
ഭവ്യന്മാൎക്കതു പിന്നെ മതിയെന്നും വരത്തില്ലാ
ശാസ്ത്രങ്ങൾ പലവട്ടം പഠിച്ചാലും നടിച്ചാലും

ശാസ്ത്രിയെന്നുള്ള നാമം ലഭിപ്പാനുമെളുതല്ല.
ശാസ്ത്രികൾ പലരെയും പറഞ്ഞങ്ങു ജയിച്ചെങ്കിൽ
ശാസ്ത്രി ശാസ്ത്രിയെന്നെല്ലാജനങ്ങളുമുരചെയ്യും
വേദാന്തപ്പൊരുളെല്ലാമറിയുന്ന ബുധന്മാരി-
ങ്ങേതാനും ചിലരുണ്ടാം പലർക്കൂട്ടം സഭതന്നിൽ
വാദത്തിന്നൊരുമ്പെട്ടു മതിയല്ലെങ്കിലും നല്ല
വേദത്തിൽ വെളിവുണ്ടാമതുകൊണ്ടതറിഞ്ഞാലും
മോക്ഷമെന്നു പറയുന്ന സാധനത്തെ ലഭിക്കേണം
രൂക്ഷകർമ്മങ്ങളെയെല്ലാം ത്യജിക്കേണം സുഖിക്കേണം
"സാക്ഷര"ന്മാർ മറിക്കുമ്പോൾ "രാക്ഷസ"ന്മാരെന്നുതീരും
പക്ഷപാതമതുപിന്നെ അക്ഷരവിദ്യയിൽവേണം
ദൂരെനിൽക്കും പറയനിസ്സാരമെല്ലാമറിയാമോ?
ധാരണയ്ക്കു കുറവില്ലാ താരണന്മാരുടെമുമ്പിൽ
ആരണഞ്ഞുപിണങ്ങുന്നു എന്നുമാരുംകലമ്പേണ്ടാ
ഭാരതിതൻ വിലാസങ്ങളാർക്കുമേതും ഭേദമില്ലാ
പാരിടത്തിൽ നിരൂപിച്ചാൽ, നേരുതന്നെയുരചെയ്യാം
സാരബോധം കലികാലേ നീചജാതിക്കേറുമത്രേ.
കേളികേട്ട പാക്കനാരാം പറയന്റെ കുലംതന്നിൽ
കേളികൾക്കുവിരുതുള്ളോരടിയനും പുറന്നുള്ളു.
കാലകാലൻ ഭഗവാന്റെ ചരിതങ്ങളുരചെയ്‌വാൻ
ആളുഞാനെന്നൊരുഭാവമടിയത്തിന്നുണ്ടു താനും.
കാളതന്റെ തോളിലേറിക്കളിക്കും പാർവ്വതീകാന്തൻ
താളമൊന്നും പിഴയ്ക്കാതെ കാത്തുകൊള്ളുന്നുമാമെങ്കിൽ
മേളമോടെ പറഞ്ഞീടാം ത്രിപുരദാഹമെന്നേറാം
കേളിയുള്ള കഥാരത്നം; കേട്ടുകൊൾവിൻ ബുധന്മാരെ!
താരകനാമസുരന്റെ തനയന്മാർ മൂവരുണ്ടായ്
താരകാക്ഷൻ, കമലാക്ഷൻ, വീരനായ വിദ്യുന്മാലി,
താരകേശചൂഡനായ ഭഗവാന്റെ മകനായ
താരകാരിയവരുടെ താതനെക്കൊന്നൊരുശേഷം
നാരദന്റെ കമ്പളംകൊണ്ടവർക്കുള്ളിലൊരിക്കലും

മാരഹന്താവുടേന്നേരെ വൈരമേതും ഭവിച്ചില്ല.
വൈരമെല്ലാം സുരന്മാരിൽ മുഴക്കുന്നു ദിനന്തോറം
ഗൌരിതന്റെ രമണങ്കൽ ഭക്തിയും ചെന്നുറയ്ക്കുന്നു.
ദാരുണന്മാരവർപിന്നെ ഘോരകമ്മങ്ങൾ ചെയ്യാനും,
വൈരികളാം സുരന്മാരെ പോരിലാശു ജയിപ്പാനും,
ഭൂരിഗർവ്വംനടിപ്പാനും ശൂരഭാവംനടിപ്പാനും
വീര്യമുണ്ടാക്കുവാനുള്ള പ്രയത്നത്തിന്നൊരുമ്പെട്ടു.
ക്രൂരിരുട്ടിൽ നിറമോടെ നേരിടുന്ന ശരീരങ്ങൾ
ക്രൂരദംഷ്ട്രങ്ങളുംകണ്ടാൽ, പാരമുള്ളിൽ ഭീതിയുണ്ടാം
ചെമ്പരത്തികുസുമത്തെ കുമ്പിടീക്കും നയനങ്ങൾ
കമ്പമെല്ലാജ്ജനങ്ങൾക്കുമിമ്പമോടേ വരുത്തുന്നു.
വമ്പരാം ദാനവരുടെ മുമ്പിൽനിന്നു പിണങ്ങുന്ന
കൊമ്പനാനത്തലവന്മാർ കൊമ്പുകുത്തി വണങ്ങേണം
അഷ്ടലോകാധിപന്മാരും ഞെട്ടുമാറങ്ങതിക്രൂരം
അട്ടഹാസം മുഴക്കിക്കൊണ്ടെട്ടുദിക്കും നടക്കുന്നു;
വിഷ്ടപത്തെ മുടിപ്പാനും വട്ടമിട്ടു പുറപ്പെട്ടു;
ഇഷ്ടമാകും വരമെല്ലാം കിട്ടണമെന്നുറപ്പിച്ചു:
ദുഷ്ടതയ്ക്കു വിരുതിന്നിക്കിട്ടണം പട്ടണന്തോറും,
തട്ടണം നമ്മുടെശക്തി, മുട്ടണം ദേവകൾക്കെല്ലാം,
പൊട്ടണംഗാത്രവും, ഭേരി കൊട്ടണം, കൊട്ടണച്ചോറ-
ങ്ങൂട്ടണം മന്നവന്മാരെ, കാട്ടണംനമ്മുടെ വീര്യം,
നാട്ടണം തോരണം, കാട്ടിക്കൂട്ടണം വിക്രമമെല്ലാം.

എങ്കിലിന്നു തരത്തിലുള്ള വരത്തെയിങ്ങു വരിക്കണം
ശങ്കയില്ല ജഗത്തു പാടെ മുടിപ്പതിന്നുചരിക്കണം
പങ്കജാലയനേ ഭജിച്ചു വരേണ്ടതൊക്കെ വരുത്തണം
പങ്കമാശുകളഞ്ഞു നമ്മുടെ സങ്കടങ്ങളകററണം
ഇത്തരം നിജ ചിത്തതാരിലുറച്ചുകൊണ്ടസുരത്രയം
സത്വരം വിപിനാന്തരത്തിലകത്തുപുക്കവരൊക്കടം
സത്വഭാവമിയന്നുനിന്നു തപംതുടങ്ങി ദിവാനിശം;
നല്ല നല്ല തടാകവാരിതിരഞ്ഞുചെന്നു കുളിക്കയും

അല്ലലെന്നിയെ ഗോപിചന്ദനമെന്നിതൊക്കെ ധരിക്കയും
ഉള്ളിലംബുജസംഭവാകൃതി ചിന്തചെയ്തുരസിക്കയും
കള്ളമെന്നിയെ നല്ല മന്ത്രവരങ്ങളങ്ങു ജപിക്കയും
അമരവരപുരമമരുവതിനൊരു വിരുതുകരുതിവസിക്കയും,
സമരമുരുതരമപരി വരുമിതി പൊരുതു മമത നിനയ്ക്കയും,
അരിശമരികളിലനിശമതുപൊഴുതതിശയേന ജനിക്കയും,
പരുഷചരിതമൊടനല്പമനവധി വർഷമാശു കഴിക്കയും.
നാലുഭാഗങ്ങളിൽ നല്ലമലരിയുമെരിയിച്ചു
കാലമേതും കളയാതെ ദാനവന്മാരതുകാലം
നാലുവക്ത്രമുടയോൻെറ ലീലപാടിസ്തുതിചെയ്തു
പാലുതേനെന്നിവയെല്ലാം കൊണ്ടു നല്ലാഹുതിചെയ്തു
വെയില് തട്ടിശ്ശരീരങ്ങൾ കോലുപോലെ മെലിഞ്ഞാശു
തോലുചുക്കിച്ചുളിഞ്ഞിട്ടും ഭാവമേതും പകന്നില്ല.
ഹേലയോടങ്ങൊരുകാലും ഭൂതലത്തിലുറപ്പിച്ചു
മീലിതാക്ഷിദ്വയന്മാരായ് നിന്നു നൂറായിരംവർഷം
മുറുമോരോ വള്ളികൂടിച്ചുററിനിന്നു പടരുന്നു
ഏറുവന്നു ചുഴലവും പററിച്ചുററി നിറയുന്നു
താടികളിൽ ചില മാടപ്രാവുവന്നു കൂടുകെട്ടി
മുട്ടയിട്ടു പലകാലം കൂടിയാടിക്കളിക്കുന്നു
കാടുപോലെ വളൎന്നൊരു ജടതന്നിലരവങ്ങൾ
ഓടിവന്നു പലകൂടിക്കെട്ടുപെട്ടു കിടക്കുന്നു
പേടിയാമന്തകൻതൻെറ കിങ്കരന്മാരെന്നപോലെ
കൂടിയാരട്ടുന്നജന്മാരിങ്ങനെ കാനനംതന്നിൽ
ചണ്ഡമായ തപംകൊണ്ടു വിണ്ണവൎക്കും മുനികൾക്കും
ഖണ്ഡമേററം ഭവിക്കയാൽ പുണ്ഡരീകോത്ഭവനപ്പോൾ
ദണ്ഡവും മാലയും തോലും കുണ്ഡികാപുസ്തകംപിന്നെ
മണ്ണുകൊണ്ടു ചമച്ചോരു പിണ്ഡവും പെട്ടിയും കെട്ടി,
തിണ്ണമെല്ലാമെടുത്തും കൊണ്ടെണ്ണമില്ലാ മുനികളും
വിണ്ണവരും താനുമായിട്ടണ്ഡജത്തിൻ മുകളേറി,

ചണ്ഡവേഗമെഴുന്നെള്ളി, കണ്ണടച്ചു വസിക്കുന്ന
പൊണ്ണന്മാരോടരുൾചെയ്തു പണ്ഡിതനാം വിധാതാവും:—
"ഉണ്ണികളെ! മടിയാതെ കണ്ണു മെല്ലെത്തുറന്നാലും
നിർണ്ണയം ഞാനഭിലാഷം പൂർണ്ണമങ്ങു തരുന്നുണ്ട്
വേണ്ടതെല്ലാം പറഞ്ഞാലും വേണ്ട ഖേദമിനിമേലിൽ
കുണ്ഠഭാവം കളഞ്ഞെന്നെക്കണ്ടുകൊൾവിൻ പുരോഭാഗേ."
ഇത്ഥമുള്ള വിരിഞ്ചന്റെ അരുളപ്പാടതുകേട്ടു
ബദ്ധമോദമസുരന്മാർ നയനങ്ങൾ തുറന്നാശു
ഭക്തിയോടങ്ങെഴുന്നേററു മൂന്നുപേരും കരംകൂപ്പി
പത്തുനൂറു നമസ്കാരം ചെയ്തുകൊണ്ടങ്ങുണർത്തിച്ചു:—
"പങ്കജസംഭവാ! പോററീ നിൻകൃപകൊണ്ടടിയങ്ങൾ
ശങ്കരന്റെ ഭക്തരായി ശങ്കവിട്ടുനടക്കേണം
വിശ്വമെല്ലാമടിയങ്ങൾക്കൊത്തവണ്ണം വരുത്തേണം
വിശ്വനാഥന്മാരിദാനീമടിയങ്ങളായ് വരേണം
വിശ്വസിക്കുന്നവർക്കെല്ലാം കൊടുക്കുന്നു ഭവാനെന്നീ-
വിശ്വലോകങ്ങളിലെല്ലാം വിശ്രുതമല്ലയൊ പോററീ?
ഞങ്ങളോടു നേരിടുന്ന ജനമെല്ലാം മടങ്ങേണം
ഞങ്ങളെക്കൊല്ലുവാനാരും മതിയല്ലെന്നിരിക്കേണം
ഭംഗിവാക്കൊന്നരുൾചെയ്താൽ കൂട്ടാക്കില്ലെന്നറിഞ്ഞാലും
ഞങ്ങളൊട്ടും ഭോഷരല്ല വെണ്ടകൊട്ടിക്കയും വേണ്ടാ
എന്തിനായിട്ടിവിടേക്കു വന്നു ചാടിയതിൽപിന്നെ
ചിന്തകൊണ്ടും കണക്കില്ല കിട്ടിയല്ലാതയക്കില്ല
അന്തണർക്കും സുരന്മാർക്കും ബന്ധുവായ ഭവാനിപ്പോൾ
അന്തരം തെല്ലുണ്ടുതാനുമെന്തുചെയ്യാം നിരൂപിച്ചാൽ
വേണ്ടതെല്ലാം തരാനുള്ള മനസ്സില്ലെങ്കിലിന്നേതും
വേണ്ട, ഞങ്ങളിനിയും നിന്നൊട്ടുകാലം തപംചെയ്യാം.
വേണ്ടതെല്ലാമുരചെയ്യാം തരാമെന്നാൽ മടിക്കാതെ
രണ്ടുമൂന്നുവിധം വേണം വരമെന്നേ മതിയാവൂ
ഭവനങ്ങൾ മൂന്നുവേണം വേണ്ടതെല്ലാമതിൽവേണം
ഭുവനവാസികളെല്ലാമതുകണ്ടാൽ നടുങ്ങേണം

ദേവനായ ഭഗവാങ്കൽ ഭക്തി ഞങ്ങൾക്കുറയ്ക്കേണം
ആയിരം വത്സരം ഞങ്ങൾ വേർപിരിഞ്ഞു നടന്നീടും
ആയതങ്ങു കഴിയുമ്പോൾ കൂടിയെത്തുമൊരുദിക്കിൽ
മുപ്പതുനാഴികകൊണ്ടങ്ങെട്ടു കൂറിട്ടു കണ്ടെന്നാൽ
അല്പകാലമൊരുകൂററിൽ കൂടിവാഴും മൂന്നുപേരും
അപ്പൊഴങ്ങൊരസ്ത്രം കൊണ്ടൊരുത്തൻമൂന്നുപേരെയും
ഒപ്പമാശു വധിച്ചെന്നാലന്നു ചാവാൻ മടിയില്ല.
പിന്നെയും വേർപെടും ഞങ്ങളായിരം വത്സരംകാലം
പിന്നെയും കൂടുമവ്വണ്ണം വരംകൊണ്ടു വരുത്തേണം
ആമെങ്കിൽ വരമിന്നു വിരവോടിങ്ങു തന്നാലും
അല്ലെങ്കിലിളയ്ക്കാതെ തെരിയ്ക്കെന്നു നടന്നാലും
വല്ലാതെവരുമെന്നന്നതുകൂടെ കരുതേണം,
ചൊല്ലിക്കൊണ്ടടുത്തങ്ങു മറിക്കും ഞങ്ങളിക്കാലം"
എന്നെല്ലാമവരുടെ വാക്കുകേട്ടു വിരിഞ്ചനും
ഒന്നിച്ചുവന്നവരെ നോക്കിമെല്ലെച്ചിരിച്ചുംകൊ-
ണ്ടുന്നിച്ച കോപമുള്ളിലടക്കി നിന്നരുൾചെയ്തു:-
"തന്നേക്കാമുണ്ണികളേ! നിങ്ങളുടെ അഭിപ്രായം"
ആശാരിപ്പണിക്കനാമ്മയന്തന്നെ വരുത്തീട്ട-
ങ്ങാശയ്ക്കുതക്കപോലെ പുരം മൂന്നു പണിയിപ്പിൻ
നാശങ്ങളണയാത്ത പുരങ്ങളിലിരുന്നുകൊ-
ണ്ടാശാന്തങ്ങളിലെല്ലാം നടന്നാലും ഭവാന്മാരും
നിങ്ങൾക്കു മനതാരിലുള്ളവണ്ണം ഭവിക്കട്ടെ!
നിങ്ങൾക്കു ത്രിപുരന്മാരെന്നു പേരും ഭവിക്കട്ടെ."
ഇങ്ങിനെ വരംനൽകി സുരന്മാരും വിരിഞ്ചനും
തിങ്ങിന മുനിമാരും ഗമിച്ചാരംബരംനോക്കി
"താരകനാമസുരൻെറ മക്കളായത്രിപുരന്മർ
സാരമായ ശിവഭക്തി മുഴുത്തു മാനസതാരിൽ
ചാരുവായ ജടാഭാരം ധരിച്ചു തുമ്പയും ചൂടി
ചാരമെല്ലാമടിതൊട്ടു മുടിയോളം പൂശി നന്നായ്,
ചേരുമാറു പുലിത്തോലുമുടുത്തു കൌതുകത്തോടെ,

DEFIN... No. 1127 LIBRARY

ഭൂരി രുദ്രാക്ഷജാലങ്ങളണിഞ്ഞു കണ്ഠദേശത്തിൽ,
സ്വൈരമോടേ ശിവലിംഗം ധരിച്ചു മാറിടംതന്നിൽ,
ഘോരമായ തിരുനാമം ജപിച്ചുമൂവരുംകൂടെ.
"തരുണേന്ദുകലാധര! പാഹി വിഭോ!
കരുണാവരുണാലയ! പാഹി വിഭോ!
ഹരശംകര ശംകര! പാഹി വിഭോ!
ഗിരിജാപ്രിയവല്ലഭ! പാഹി വിഭോ!
സിതഭൂതിവിഭൂഷണ! പാഹി വിഭോ!
ശിതികണ്ഠ! മഹേശ്വര! പാഹി വിഭോ!
കൃതകാലവിനാശന! പാഹി വിഭോ!
ജിതമാര! ജടാധര! പാഹി വിഭോ!
നരകിന്നരസേവിത! പാഹി വിഭോ!
പരമേശ്വര! ശാശ്വത! പാഹി വിഭോ!
ഭുവനാധിപ! കാമദ! പാഹി വിഭോ!
ഭവഭഞ്ജന! മഞ്ജുള! പാഹി വിഭോ!"
ഇപ്രകാരം തിരുനാമം ഉരുചെയ്തുനടക്കുന്ന
മുപ്പുരന്മാർ, മയൻതന്നെ സ്മരിച്ചാരാദരവോടെ
ശില്പിമാരിൽമികവേറും മയനാശു പോന്നുവന്നു
അപ്രമേയം മയൻതന്റെ കൌശലം മന്ദിരംതീർപ്പാൻ
അരംവേണ്ടാ വാളുവേണ്ടാ വാച്ചിവേണ്ടാ ഉളിവേണ്ടാ
മരംവേണ്ടാ നെല്ലുവേണ്ടാ കല്ലുവേണ്ടാ പണംവേണ്ടാ
തരംനോക്കീട്ടൊരുദിക്കിൽ മഴുകൊണ്ടൊന്നുകൊത്തുമ്പോൾ
പുരംതാനേ ജനിച്ചീടും തനിച്ചുപർവ്വതംപോലെ;
"തമ്പുരാന്മാരടിയനെച്ചിന്തചെയ്‌വാനെന്തുമൂലം?
വമ്പിയന്ന ഭവാന്മാരൊന്നരുളിച്ചെയ്തുകേൾക്കേണം
കല്പനകൾക്കുപ്പതിന്നേവം മടിയുമില്ലടിയനു"
ഇപ്രകാരമുണർത്തിച്ചാനസുരാശാരിയുമപ്പോൾ.
എന്നതു കേട്ടൊരുനേരം താരകാക്ഷനരുൾചെയ്തു.
"ഇന്നുതന്നെ ഭവനങ്ങൾ മൂന്നുപേർക്കും ചമച്ചാലും
പൊന്നുകൊണ്ടും വെള്ളികൊണ്ടുമിരിമ്പുകൊണ്ടുമോരോന്നു

ഉന്നതമായിരിക്കേണം വിസ്തൃതമായിരിക്കേണം
പിന്നെവേണ്ടുന്ന വസ്തുക്കളതിൽതന്നെ ജനിക്കേണം
നന്നുനന്നെന്നൊരുപോലെ കേളി നീളെപ്പരക്കേണം”
വെണ്മചേരും വചനങ്ങൾ കേട്ടനേരം മയന്താനും
വെണ്മഴുകൊണ്ടുടൻ മൂന്നു കൊത്തിനാൻ ഭൂതലംതന്നിൽ
വെണ്മണിമാളികോദ്യാനം പ്രൌഢവാപീതടങ്ങളും
പ്രൌഢിയോടേപ്പുരം മൂന്നും വിളങ്ങിക്കാണായിവന്നു.
മാടവും മണിമാടവും പതിനെട്ടുകെട്ടുനിരക്കവേ
നാടശാലകൾ ഹാടകാലയമൊട്ടുകൂടേ ഗൃഹങ്ങളും
ഘോടകാലയജാലവും പലപേടകാലയകോടിയും
ചേടികാലയജാലപീഠിക വാടതോട്ടങ്ങളിമറ്റം
കുങ്കുമാലയമങ്കണങ്ങളുമങ്ങുവെൺകളിമാടവും
ശങ്കരാലയസംഘവും പല മങ്കമാരുടെ വീടുകൾ
കോട്ടമാളിക ചെട്ടിപട്ടണമെട്ടുകെട്ടുകൾ തട്ടുകൾ
മാട്ടുകൂട്ടുകളാട്ടുകൂട്ടുകളാന കുതിരഭട്ടാലയം
ചണ്ഡികാമണിമണ്ഡപം ശശിഖണ്ഡശേഖരമണ്ഡപം
മണ്ഡനാലയമണ്ഡപങ്ങളുമെണ്ണമില്ലതു നിർണ്ണയം
ചെമ്പകങ്ങളിരിമ്പകങ്ങൾ കരിമ്പു രംഭ കരിഞ്ചന
ചെമ്പരുത്തി പരുത്തി പാതിരിയത്തിയിത്തി വടങ്ങളും
മന്ദമാരുതമന്ദകമ്പിതനാളികേരതരുക്കളും
സിന്ദുവാരവുമെന്നുവേണ്ട മരങ്ങളെത്രതരങ്ങളിൽ!
ദാനവാധിപസേനകൾക്കൊരു ഹാനിയില്ലൊരുനേരവും
മാനിനീജനമൊത്തുകൂടി മനോഹരേമണിമന്ദിരേ
മദ്യകുംഭമെടുക്കൽവെച്ചുകുടിച്ചുകൊണ്ടുരസിക്കയും
ഗദ്യപദ്യമുരയ്ക്കയും പലവിദ്യകണ്ടുഹസിക്കയും
മദ്ദളങ്ങളടിയ്ക്കയും കുഴൽകൊമ്പുതാളമടിയ്ക്കയും
തിത്തിവീണ കളിത്തരങ്ങൾ കളിത്തരങ്ങൾ തുടങ്ങിയും
പാക്കുവെറ്റിലതുക്കുപുകയില തിന്നുതുപ്പിയിരിക്കയും
വാക്കുതമ്മിലുരച്ചുകൊണ്ടു ചിരിക്കയും പ്രഹസിക്കയും
നല്ല കള്ളു കുടിച്ചുകണ്ണുമയങ്ങി മണ്ണിലിരിയ്ക്കയും

നല്ലപാട്ടുകളൊട്ടുപാടിയൊട്ടുക്കമൊട്ടുപിഴയ്ക്കയും
പകിടപലതരമാടിയും പകിടിരസമിടകൂടിയും
രസികജനമൊട്ടുകൂടിയും ഹസനപുത്തുമകൾ തേടിയും
വിരവിൽമലഹരി മധുരബലഹരി സുരസനവരസമാടിയും
കലിതരസമിതി പാടിയും കമലസുമുഖികളാടിയും
ദിതിജഭടരുടെ മോടിയും ചിതമിതവരുടെ ധാടിയും
പുടവതുടൽ മണികടകമുടമണിമകുടവരമണികോടിയും
ഉടലിലുടനവർ വാടിയും ചട്ടലമട്ടുമലർചൂടിയും
ധനവുമനവധിതേടിയും മനുജരൊട്ടു പടകൂടിയും
പ്രകടഭടകുലവികടകടുതര കഠിനരവപരീപാടിയും
തരുണപുരമതുതേടിയും പെരിയവഴികളിലോടിയും
അനിശമവർക്കൊരു പേടിയും മനസിനഹിനഹി, ചാടിയും
വിവിധബുധജനനിധനഘനരസമധുവിധികളുപാടിയും
ഇത്തരംപലഘോഷഭീഷണഭൂഷണം ബഹുഭാഷണം
ചിത്തമോഹനമാംപുരത്രയമത്ര തീർത്തു മയാസുരൻ
എത്രയുംകുതുകം കലർന്നൊരു താരകാക്ഷനമക്ഷണം
അത്ര നിന്നഥ തമ്പിമാരോടുകൂടവേ ഗിരമേകിനാൻ:
"ശില്പമെത്രയുമിപ്പുരത്രയമല്പമല്ലൊരു കൌശലം;
കല്പകത്തണലിൽപിറന്ന ദിവസ്പതിക്കുമതെത്തുമോ?
ശില്പിമാരിലൊരുത്തനും പുനരിപ്രകാരമൊരാലയം
തീർപ്പതിന്നെളുതല്ല കില്ലതിനില്ല നല്ല ഗുണാംബുധേ!
എങ്കിലിന്നു ഗമിക്കനീ മയ! ശങ്കയില്ല നമുക്കഹോ!
നിങ്കലെപ്പൊഴുമുണ്ടെനിക്കു പ്രസാദമൊന്നു ധരിക്ക നീ
ശങ്കരൻകൃപകൊണ്ടു ഭാഗ്യമൊക്കെവന്നതികഞ്ഞു തേ
എങ്കിലീ ഭുവനം തകർത്തു തിമിർത്തു വാഴുവനിന്നു ഞാൻ
പാകശാസനനെപ്പിടിച്ചു കൊടിത്തടത്തിൽ മുറുക്കണം
ലോകപാലകരോടിവന്നു പടിക്കലങ്ങുകിടക്കണം
ലോകമൊന്നു മറിച്ചുവെക്കണമേകശാസനമാക്കണം
വാദമില്ല നമുക്കു ചേതസി വിക്രമങ്ങൾ നടത്തണം
പട്ടണംചില ചുട്ടെരിക്കണമൊട്ടുവെട്ടിമടിക്കണം

ഉതോട്ടതൊക്കെ മുടിക്കണം പടക്കൂട്ടിവെക്കമെട്ടുക്കണം
നീക്കമില്ലിനി യക്ഷരാജനൊടിക്ഷണം പടവെട്ടണം
കാക്കൽവന്നുവണങ്ങണം പണമുള്ളതിങ്ങുപറിക്കണം
വെക്കമെങ്ങളുകാപുരത്തിലിരുപ്പുമൻപൊട്ടുപോക്കണം
പൊക്കണങ്ങളണിഞ്ഞുകൊണ്ടവനിന്നിരന്നുനടക്കണം
വരുണനടനിഹ വരണമനവധി തരണമർത്ഥമൊരിക്കലെ
വിരുണനവനൊരുകരുണെവഴുതണമതുനമുക്കുവരുത്തണം
മരണഭയമുടനിയലുമമരകളുമരുവാൻ പണിചെയ്യണം
കരുണനഹി നഹികരളിലൊരു കടുകോളമെന്നിലുമിന്നഹോ
ചന്ദ്രബിംബമെടുത്തെനിക്കൊരു ചാണയാക്കിയുരയ്ക്കണം
സാന്ദ്രശീതളകോമളം പനിനീരുമുണ്ടതിലെപ്പൊഴും
സൂര്യബിംബമെടുത്തെനിക്കൊരു ചൂണ്ടലാക്കിവളയ്ക്കണം
താരകാവലികൊണ്ടെനിക്കൊരു ഹാരമാലചമയ്ക്കണം
താരകാക്ഷനടങ്ങുകില്ല നിനച്ചതൊക്കെ വരുത്തണം.
ഉരഗപതികളുമമരപതികളുമനിശമെന്നെ വണങ്ങണം
പരിചിലവരുടെ ധനവുമനവധി ജനവുമനവധി തിരണം
ജംഭശാസനനും തനിച്ചു നിലിമ്പവൃന്ദമശേഷവും
ഡംഭുകാട്ടിത്തെളിഞ്ഞിരിപ്പതുമിന്നെനിക്കിഹ കാണണം
രംഭമേനക ചിത്രലേഖയുമത്ര വന്നു വണങ്ങണം
ശംഭുദേവപദാംബുജദ്വയമുണ്ടെനിക്കവലംബനം”

വീരനായ താരകാക്ഷനിത്ഥമോരോന്നുരചെയ്തു
പൊൻപുരത്തിലകംപുക്കു പുള്ളിമാടം മുകളേറി
അങ്ങുമിങ്ങും നടക്കുന്നോരസുരന്മാരതുനേരം
തങ്ങൾ തങ്ങൾ പടയോടെ വന്നു വന്നു നിറയുന്നു
ഒററവാളും പരിചയും പത്തിവാളും കോപ്പുവാളും
മററു ശൂലം കട്ടത്തില വേലു ചക്രം ഭിണ്ഡിപാലം,
ഊററമായ പരിഘങ്ങൾ തോക്കു വില്ലും ചുരികയും
കാററുവെല്ലും ശരങ്ങളും കുന്തവും ചന്തമോടെല്ലാം,
അററമില്ലാത്തായുധങ്ങൾ കരങ്ങളിലെടുത്തുംകൊ—

ണ്ടുററവ്വരാമസുരന്മാർ വന്നു ചുററും നിറയുന്നു.
മററുമോരോ പദാർത്ഥങ്ങൾ കാഴ്ചവെച്ചു വണങ്ങുന്നു
ചുററുമെല്ലാം നിറഞ്ഞങ്ങു തിങ്ങിനിൽക്കുന്നു ഭൃത്യന്മാർ
ഉള്ളിൽ പേടിയും തേടി ചിലമന്ത്രിപ്രവരന്മാർ
പള്ളിശ്ശ്രാമ്പി മേലേറിത്തിരുമുമ്പിൽ ചെന്നുമെല്ലെ
പള്ളിക്കട്ടിലിൽ താഴെ നിന്നു മൂക്കിൽ വിരൽരണ്ടും
തള്ളിക്കൊണ്ടു കാൎയ്യങ്ങളുണൎത്തിച്ചു വസിക്കുന്നു.
ചൊല്ലുന്ന നൃപതിക്കു തല്ലുന്ന സചിവന്മാർ,
തല്ലുന്ന നൃപതിക്കു കൊല്ലുന്ന സചിവന്മാർ,
കൊല്ലുന്ന നൃപതിക്കു തിന്നുന്ന സചിവന്മാ-
രെല്ലാമിങ്ങിനെ തന്നെ ചൊല്ലുന്നു മതിമാന്മാർ.
ക്രൂരനാമസുരൻെറ കാൎയ്യക്കാരവരേററം
ക്രൂരന്മാർ പല മീശക്കൊമ്പന്മാരൊരുപോലെ
ദൂരവേ പഞ്ചപുച്ഛമടക്കിക്കൊണ്ടു ചെന്നിട്ട-
ങ്ങീരേഴു ഭുവനത്തെ മുടിപ്പാനാഗ്രഹത്തോടെ,
ഒരുത്തൻ ചെന്നൊരുകാൎയ്യം ധരിപ്പിപ്പാൻ തുടങ്ങുമ്പോൾ
കുരുത്തുള്ള യജമാന്മാർ വിരുദ്ധമായുരചെയ്യും
കരത്തിൽ നാലെട്ടുത്തങ്ങു കൊടുത്താൽ കാൎയ്യമൊട്ടെല്ലാം
വരുത്തും ശീലമവ്വണ്ണം വിരവോടെ ധരിച്ചാലും.
ഒട്ടങ്ങാതുള്ളൊരു വൈരം സുരന്മാരിൽ പണ്ടുപണ്ടേ
തുടങ്ങീ മാനസതാരിൽ അടങ്ങുന്നില്ലതുമൂലം
കടുകോപം കലൎന്നോരു താരകാക്ഷനതുനേരം
കടക്കണ്ണു ചുവത്തിക്കൊണ്ടുരചെയ്താനിപ്രകാരം:—
"കാൎയ്യബോധം തികഞ്ഞുള്ള കാൎയ്യക്കാർ ധരിക്കേണം
കാൎയ്യമൊന്നങ്ങുരചെയ്‌വാൻ തുടങ്ങുന്നു ഞാനുമിപ്പോൾ
വീൎയ്യമേറും മുകുന്ദൻെറ ശക്തികൊണ്ടിജ്ജനമെല്ലാം
നാരിമാരെന്നതുപോലെ ഭയപ്പെട്ടുവസിക്കുന്നു.
നാണമെന്നും ശൌൎയ്യമെന്നും ബോധമെന്നും വീൎയ്യമെന്നും
വേണമെന്നിജ്ജനങ്ങളിലൊരുത്തൎക്കും മനസ്സില്ല.

പ്രാണനിക്കൂട്ടിലുള്ളപ്പോൾ താണിരിപ്പാനെളുതല്ല
ആണിനത്രേ പിറന്നുള്ളു ഞങ്ങളെന്നു ധരിച്ചാലും.
ദാനവന്മാരിളപ്പെട്ടും വാനവന്മാർ ബലപ്പെട്ടും
ഞാനിരിക്കേ ഭവിക്കില്ല; നൂനമെന്നായുധത്താണ
ആനനം നാലുള്ളവൻെറ വരംകൊണ്ടിജ്ജഗത്തെല്ലാം
ഞാനൊരുത്തൻ ജയിച്ചീടാമത്ര ചാകില്ലറിഞ്ഞാലും.
സർവ്വദേവാധിപത്യത്തെ നിർവ്വഹിച്ചു മരുവുന്ന
പർവ്വതാരിക്കൊരുക്കൂട്ടം ഗർവ്വം പാരം മനക്കാമ്പിൽ
സുപർവ്വധൂമാരൊട്ടുകൂടി സർവ്വകാലം രമിക്കുന്ന
നിർവ്വിചാരപ്പെരുമാളിന്നുർവ്വിതന്നിൽ പതിക്കേണം
പണ്ടു പണ്ടേയിവൎക്കെല്ലാമിജ്ജനത്തെക്കൊണ്ടുനന്നായ്
ചെണ്ടകൊട്ടിക്കണമെന്നുണ്ടുള്ളിലോരോ മനോരാജ്യം
കണ്ടുകൊള്ളാമിനി രണ്ടു ദിവസത്തിനകമെല്ലാം
കണ്ട വേണ്ടാസനം ചെയ്താലിണ്ടലുണ്ടാം വിരവോടെ
വേണ്ട വേണ്ടായെന്നു വെച്ചിട്ടൊക്കെയും ഞാൻ ക്ഷമിക്കുന്നു
വേണ്ടതെന്തെന്നറിയാഞ്ഞിട്ടല്ല മന്ത്രീശപരന്മാരേ!
അസ്ത്രമുള്ളന്നിവരുടെ പിച്ചയേതും ഫലിച്ചില്ല;
പൂച്ചയെക്കണ്ടെലിപോലെ വിറച്ചുംകൊണ്ടിരുന്നല്ലോ
അച്ഛനേയുമിവർ തന്നെ തച്ചുകൊല്ലിച്ചതും പിന്നെ;
അച്ചതിവു നിനയ്ക്കുമ്പോളുച്ചകോപം ജ്വലിക്കുന്നു.
പങ്കജബാണനെപ്പണ്ടു ശങ്കരൻെറ കനൽക്കണ്ണിൽ
ശങ്കകൂടാതെ ചാടിച്ചാർ ഹുംകൃതിക്കാർ പലർകൂടി
സന്ന്യസിച്ച ഭഗവാനെക്കൊണ്ടു വേളികഴിപ്പിച്ചു;
മുന്നിലിക്കൈതവം പാരം കണ്ടതും കേട്ടതുമില്ല
എന്നുവേണ്ടാ ശചീകാന്തനെന്നാത്തവണ്ണം കാൎയ്യമെല്ലാം
അന്നുവെട്ടും വാക്കുനെച്ചിട്ടിരിക്കുന്നു ലോകരെല്ലാം:
ദന്ദശൂകാധിപനായ വാസുകിയെക്കയറാക്കി,
മന്ദരപർവ്വതത്തേയും മത്തുമാക്കീട്ടന്നൊരുന്നാൾ,
പാൽക്കടലിൽ നടുവിലിട്ടാക്കമോടേ വലിച്ചപ്പോൾ
വെക്കമോരോ പദാർത്ഥങ്ങളതിങ്കൽ നിന്നുത്ഭവിച്ചു.

കല്പവൃക്ഷങ്ങളുണ്ടായി, നല്ലപെണ്ണുങ്ങളുണ്ടായി
ശില്പമോടേ നാലുകൊമ്പുള്ളാനയും വന്നാശുപൊങ്ങി
അത്ഭുതയാം സുരഭിയും ലക്ഷ്മിയും ചന്ദ്രനും പിന്നെ
കെല്പ്പുപാരം തികയുന്ന നല്ല വെള്ളക്കുതിരയും
ഇത്തരം നല്ല വസ്തുക്കൾ വാനവന്മാർ കൈക്കലാക്കി
അത്രമാത്രമൊന്നുപോലുമിജ്ജനത്തിന്നു തന്നില്ല.
ശങ്കരന്നുമതിലൊന്നും കൊടുത്തില്ലെന്നതേയല്ല,
ശങ്കവിട്ടു ഭഗവാനെക്കാളക്കൂടം കുടിപ്പിച്ചു.
ആരുചൂടും ഭഗവാങ്കൽ കൂറുമില്ല ദേവകൾക്കു്
നൂറുകൂട്ടം പറഞ്ഞീടാമിപ്രകാരം കൈതവങ്ങൾ:
ചീറുമിപ്പോളിതിലൊന്നു പറയുമ്പോളിവരെല്ലാം
മാറുമെല്ലാമിനിമേലിൽ ദേവകൾടെ ദുരാചാരം:
എത്ര പൊന്നും പണങ്ങളും ഛത്രവും ചാമരങ്ങളും
പാത്രവും ചെല്ലവും നെല്ലും നല്ല രത്നക്കല്ലുകളും
വൃത്രവൈരിപുരന്തന്നിൽ മെത്തമെത്തക്കിടക്കുന്നു!
തത്രതത്ര നടന്നോരോന്നിരക്കുന്ന കപാലിക്കു്
അത്രമാത്രം കൊടുപ്പാനും മനസ്സില്ലാ ശഠന്മാർക്കു്.
നേത്രമേറുന്ന രാജാവിന്നതിന്നേതും കൂട്ടമില്ല
അസ്ഥിമാലയെടുത്തീശൻ മുത്തുമാലയണിയുന്നു,
വസ്ത്രമില്ലാഞ്ഞുടൻ നല്ല കൃത്തിതന്നെയുടുക്കുന്നു,
ചെമ്പകപ്പൂമലരില്ലാഞ്ഞമ്പിളിത്തെല്ലു ചൂടുന്നു,
ചന്ദനമില്ലാത്തുമൂലം വെണ്ണീർ കൊണ്ടണിയുന്നു.
മേളമേററം കലർന്നോരു വാഹനമില്ലായ്കകൊണ്ടു്
കാളകണ്ഠൻ ഭഗവാനും കാളയേറി നടക്കുന്നു.
ആളുമില്ല വാളുമില്ല കാശൊവരികയില്ലമൂലം
കാളിയേയും കൂളിയേയും തുണകൊണ്ടു നടക്കുന്നു.
ഇപ്രകാരമിരിക്കുന്ന സുപ്രകാശസച്ചരിതൻ്റെ
അപ്രിയത്തെവരുത്തുന്ന ദുഷ്പ്രഭുക്കൾക്കിന്നുതന്നെ
നിഷ്പ്രകാശം വരുത്തേണം ക്ഷിപ്രമെന്നു ധരിച്ചാലും
ദുഷ്പ്രതാപന്മാരിദാനീം ദുഷ്പ്രതിജ്ഞത്തുടങ്ങേണ്ട

വിപ്രജാതികളോടോരോ വിപ്രമാഥം തുടങ്ങേണം
മൽപ്രതാപംകൊണ്ടു ലോകക്കപ്രിയങ്ങൾ ഭവിച്ചാലും,
അപ്രമാഥിതാരകാക്ഷനുംപ്രകമ്പം തരിമ്പില്ല.
പൊൻപുരത്തിലിരിക്കുന്ന ഞാനുമെന്റെ ഭടന്മാരും
ഉമ്പർകോന്റെ നാടു പാടെ മുടിപ്പാനും തുടങ്ങുന്നു.
തമ്പിയായ കമലാക്ഷൻ വെള്ളിഗേഹേ വസിച്ചുകൊ-
ണ്ടിച്ഛമോടെ ഭൂവിതന്നിൽ പല നാശം വരുത്തേണം.
ഇരിമ്പുമന്ദിരേ വിദ്യുന്മാലിതാനും പാലുകാച്ചി
തരിമ്പും പേടികൂടാതെ ചെന്നു പാതാളലോകത്തെ
പെരുമ്പാമ്പന്മാരെയെല്ലാമൊരുമ്പെട്ടു കരംകൊണ്ടു
കരിമ്പിൻതണ്ടെന്നപോലെ പിടിച്ചൊക്കെപ്പിഴിയേണം."
ഇത്തരമങ്ങുരചെയ്തോരു ദാനവ-
സത്തമനെത്തിന ഭൃത്യജനത്തോടു-
മൊത്തുതകൃത്തു തിമിർത്തുപുറപ്പെട്ടു.
സത്വരമങ്ങുവിളിച്ചു പുളച്ചഥ,
ചെണ്ടപെരുമ്പറകാളം കടുംതുടി
പണ്ടകവുംപല പാണിമേളങ്ങളും
തപ്പുംതകിലും മുരശുമരങ്ങളും
അപ്പടഹങ്ങളനേകഘട്ടങ്ങളും
മംഗലവാദ്യങ്ങൾ ശംഖം മൃദംഗവും
ചേങ്ങിലനല്ലഡമരു പ്രയോഗവും
ഝർഝരവാദ്യങ്ങൾ ഝല്ലരിവല്ലകീ-
നിർഝരഘോഷം കുറയ്ക്കുന്ന ദുന്ദുഭി
ഡിണ്ഡിമമെന്നിവ വാദ്യഘോഷങ്ങളാ-
ലണ്ഡകടാഹം മുഴക്കിപ്പുതുക്കവെ,
മുമ്പിലകമ്പടികൂടി നടക്കുന്ന
വമ്പു പെരുത്തോരസുരപ്പടകളും
അമ്പതുവെള്ളം കുതിരപ്പടകളും
അമ്പോടനേകം ദ്വിരദപ്പടകളും
വെട്ടിത്തടുത്തു പിടിച്ചുകളിക്കയും

തട്ടിവിളിച്ചു പുളച്ചു നടക്കയും
എട്ടുദിഗന്തരം പൊട്ടുമാറങ്ങനെ
വെട്ടിച്ചിരിക്കയും തട്ടിത്തിരിക്കയും.
ബ്രഹ്മാണ്ഡഭാണ്ഡം മുഴങ്ങിത്തുടങ്ങീ
ബ്രഹ്മാവുതാനും കുഴങ്ങീ മയങ്ങീ
ശൈലങ്ങളേഴും കുലുങ്ങീ വിളങ്ങീ
പാലാഴിക്കുടക്കലങ്ങി വിളങ്ങീ
ഭൂലോകമെല്ലാം നടുങ്ങിത്തുടങ്ങീ
മാലോകരെല്ലാം മടങ്ങീ മയങ്ങീ
കാററും പൊടിയും പരന്നു നിരന്നു
മാററലരെല്ലാമിരുന്നു നിരന്നു
കാടും പടലുമുടഞ്ഞുമിടിഞ്ഞും
ചാടും മൃഗങ്ങളിടഞ്ഞും തടഞ്ഞും
നടക്കും വാളെടുക്കും വാലെടുക്കും തമ്മിലക്കൂട്ടം
തടുക്കും വന്നടുക്കും കൈമിടുക്കും കാട്ടുമോരോന്നേ,
ഇരിക്കും, സഞ്ചരിക്കും, നിന്നുരയ്ക്കും ദാനവക്കൂട്ടം,
തിരിക്കും, സംഹരിക്കും കേസരിക്കും പേടിയുണ്ടാക്കും.
കളിക്കും, ചിലരൊളിക്കും, ചിലരിരിക്കും, തങ്ങളിൽത്തന്നെ
വിളിക്കും, ചിലരിളിക്കും, കൈകരംകൊണ്ടിട്ടു
വിളിക്കും ചിലരലയ്ക്കും, ചിലരുലയ്ക്കും നല്ല ശൈലങ്ങൾ,
പിണങ്ങും ചിലരിണങ്ങും ചിലർ, വണങ്ങും തമ്പുരാന്മാരേ.
ഇത്തരംപലഘോഷമാർന്നൊരു ദൈത്യസേനകളോടുടൻ
ഒത്തുകൂടിന താരകാക്ഷ, മഹാസുരൻ ബഹുപൌരുഷൻ
തമ്പിമാരോടു യാത്രചൊല്ലിയനുഗ്രഹിച്ചു പതുക്കവേ
ഉമ്പർകോനുടെ നാടുനോക്കി നടന്നു കിഞ്ചന കോട്ടയും.
മാനമൊക്കെ നിറഞ്ഞുരഞ്ഞിടതിങ്ങിവിങ്ങിന പൊടികളും
മാനമോടുയരപ്പിടിച്ചു നിവർത്തിനിർത്തിന കുടകളും
ദാനവാരിപൊഴിഞ്ഞിഴഞ്ഞു വഴിഞ്ഞ വാരണഘടകളും
ദാനവാരി ജയംനിനച്ചു മനംമദിച്ചൊരു നടകളും
ചട്ടതൊപ്പികളിട്ടു കെട്ടിയുടൻ ധരിച്ചൊരു തടികളും

പൊട്ടിവീണു പൊടിഞ്ഞുപൊങ്ങിന ഭൂഷണങ്ങടെ പൊടി
[കളും
വട്ടമിട്ടുതുടർന്ന കെട്ടുകളൊട്ടിടയ്ക്കിടെ വെടികളും
തൊട്ടുതൊട്ടു തടഞ്ഞിടഞ്ഞു നിരന്നുനിന്നൊരു കൊടികളും
താരകാക്ഷപടജ്ജനങ്ങളുടൻ കടന്നു സുരാലയേ
ഘോരകമ്മമനേകമങ്ങു തുടങ്ങിയോരു ദശാന്തരേ
പാരമുള്ളിലിയന്നു പേടികലർന്നു ദേവകളേവരും
സ്വൈരമങ്ങു വസിക്കമിന്ദ്രനൊടിപ്രകാരമുണ
[ർത്തിനാർ:—
"ഉമ്പർകോനേ! തമ്പുരാനെ! മുടിഞ്ഞു നമ്മുടെ രാജ്യം
വമ്പരായുള്ളസുരന്മാർ വന്നുകൂടി പലകൂട്ടം
പൊമ്പുരക്കരാനെക്കണ്ടു ഭയപ്പെട്ടു ഞങ്ങളെല്ലാം
തുമ്പിപോലെ പറന്നൊരു കോണിലെല്ലാമൊളിക്കുന്നു
ദുഷ്ടർവന്നു നിറക്കുന്നു കഷ്ടമോരോന്നരയ്ക്കുന്നു
പുഷ്ടിയെല്ലാം കുറയ്ക്കുന്നു ശിഷ്ടരേയും തടുക്കുന്നു
നാശമോരോന്നരയ്ക്കുന്നു മീശയെല്ലാം വിറയ്ക്കുന്നു
നന്ദനത്തിൽ കടക്കുന്നു ചന്ദനങ്ങളൊടിക്കുന്നു
മന്ദിരങ്ങൾ പൊടിക്കുന്നു കന്ദരങ്ങടയ്ക്കുന്നു
കളിത്തട്ടിൽ കരയേറി ഞെളിഞ്ഞങ്ങുവസിക്കുന്നു
കളക്കും കാമനീമാരോടൊളിച്ചു കൊണ്ടടുക്കുന്നു
അഭ്രഗംഗാതടം തന്നിൽ വിഭ്രമിച്ചു നടക്കുന്നു
അഭ്രമുവല്ലഭൻതന്റെ ശുഭ്രദന്തം പിടിക്കുന്നു
വിത്തമെല്ലാം മടിയാതെ കുത്തിവാരിക്കളയുന്നു
പത്തുലക്ഷം ദനുജന്മാർ പത്തനങ്ങൾ വളയുന്നു
കാത്തുനിൽക്കുന്നവരെല്ലാമേത്തമിട്ടു വലയുന്നു
കാൽത്തളിരിൽ വീണു വന്ദിക്കുന്നവരിൽ തെളിയുന്നു
പാത്രമെല്ലാമുടയ്ക്കുന്നു ഗാത്രമെല്ലാം തകർക്കുന്നു
ഇജ്ജനത്തിനിതുപാരം ലജ്ജയെന്നു ധരിച്ചാലും
ദുർജ്ജനത്തോടിളപ്പെട്ടാലജ്ജനന്നം വൃഥാതന്നെ.
ഉള്ളിലോരോ കപടങ്ങളുള്ള ശത്രുജനത്തിന്റെ

തുള്ളലും കണ്ടിങ്ങിരിപ്പാനുള്ള ധൈര്യം നമുക്കില്ലാ
വമ്പടവന്നടുക്കുമ്പോൾ തടുക്കാൻ ശക്തിയില്ലെങ്കിൽ
ചെമ്പിലെ ചോറു തിന്നുന്ന ഞങ്ങളെക്കൊണ്ടെന്തുകാര്യം?
ഭൃത്യരായുള്ളെജമാനന്മാരിരിക്കെ നമുക്കെല്ലാം
ദ്രവ്യമില്ലാഞ്ഞൊരുനാളും തോൽവിയുണ്ടാകയുമില്ലാ
ആയുധങ്ങൾ വേണമെന്നാലായതിനും ദണ്ഡമില്ല
കായദണ്ഡത്തിനും പിന്നെത്തായമുണ്ടാം തുടങ്ങുമ്പോൾ
ഒന്നുകൊണ്ടുമിവരോടു തോൽക്കുമാറില്ലടിയങ്ങൾ
ചെന്നുകണ്ടാലറിഞ്ഞീടാമെന്തിനിത്ര പറയുന്നു?”
എന്നു കണ്ട വിരുതുകളുണർത്തിക്കുന്നവരെച്ചെ-
ന്നൊന്നടിച്ചാനൊരു ദൈത്യൻ പിടിച്ചുകൊണ്ടങ്ങു
[പോയാൻ
വാസവന്താനതു കണ്ടുപേടിപൂണ്ടു വിറച്ചു കൊ-
ണ്ടാസനത്തെ വെടിഞ്ഞോടിത്തിരിച്ചാനങ്ങൊരുദിക്കിൽ
ഹാസമോടെ ദാനവന്മാർ നിറഞ്ഞ മന്ദിരംതോറും
ദാസിമാരെ പിടിപെട്ടു താഡനം കൂടിയാരപ്പോൾ:—
“എങ്ങുപോയീ ശചീദേവി? മേനകേ! നീയെങ്ങുപോയി?
നിങ്ങളാരും കുഴപ്പേണ്ടയിങ്ങു പോരിൻ മടിയാതെ
ഞങ്ങടെ തമ്പുരാനാകും താരകാക്ഷനരുൾ ചെയ്തു
നിങ്ങളുടെ നൃത്തവുംപാട്ടും ഭംഗിയിൽ കാണണമെന്നു്.
പൂർവ്വദേവാധിപന്മാരാം ഇജ്ജനത്തോടിടപെട്ടാൽ
സർവ്വസൌഖ്യങ്ങളും പോന്നു മേൽക്കുമേലേ ഭവിച്ചീടും.
ഉർവ്വശീ! ഗർവ്വുകാട്ടാതെ നിർവ്വിവാദം സുഖിച്ചാലും
സർവ്വദാ സർവ്വലോകങ്ങൾക്കാധിപത്യം പുരന്മാർക്കു”
ഇത്തരമങ്ങൊരുകൂട്ടം ദാനവന്മാരുരയ്ക്കുമ്പോൾ
ഉത്തരം ചൊല്ലുവാനാർക്കും വിരുതില്ലാതായിവന്നു
വൃത്രഹന്താവതുനേരം ക്രുദ്ധനായിപ്പുറപ്പെട്ടു
യുദ്ധസന്നാഹവും കൂട്ടി പടക്കൊട്ടും കൊട്ടിയാർത്തു
സിദ്ധവിദ്യാധരന്മാരും കിന്നരന്മാർ ചാരണന്മാർ
സാദ്ധ്യവൃന്ദം യക്ഷവൃന്ദം ദിക്കിലേ നായകന്മാരും

തത്ര മുപ്പത്തിമുക്കോടി ദേവസംഘം പുറപ്പെട്ടു
ബദ്ധകോലാഹലം ചെന്നു വിളിച്ചു ദാനവന്മാരെ:—
"കൂടലപ്പോഴരെ! ധാർഷ്ട്യം കൂട്ടുകില്ലെന്നറിഞ്ഞാലും
ഗൃദ്ധ്രവൃത്തി തുടങ്ങേണ്ടാ കൂട്ടണം സംഗരം തന്നെ
നിങ്ങളും ഞങ്ങളും കൂടിപ്പടയേണ്ണിക്കിറങ്ങുമ്പോൾ
തങ്ങളിലുള്ള ഭേദങ്ങൾ പലർക്കും ബോധിക്കുമല്ലോ"
ഇത്ഥമോരോ വീരവാദം പറഞ്ഞുകൊണ്ടതുനേരം
ബദ്ധകോപം സുരന്മാരുമസുരപുംഗവന്മാരും
യുദ്ധഘോഷം മുഴുത്തോരങ്ങെത്രയും ഘോരമാംവണ്ണം;
തത്ര വന്നു നാരദനും കണ്ടു കണ്ടു രസിക്കുന്നു.
പടകളിരുപുറമാശു കൂടി പടഹചടചടഘോഷമാടി,
പട്ടരതേടിന പലരുകൂടി പരിചൊടസുരകളേറപ്പാടി
അമരതരുണികളേററമോടി അസുരതരുണികൾ നിന്നുപാടി
അരികളോടി, വഴികൾതേടി, അമരവരമുഖമൊന്നു വാടി
അഖിലമുനികളകന്നുകൂടി സഖികളൊരുവഴി യാത്ര തേടി
അമരകോടി വഴികൾ തേടി അധികമവരുടെ മനസി പേടി
അമരവനനടെകുസുമ വാടി-കമലനികരവുമൊന്നു വാടി
അസുരകൊടി അരിമതേടി അരികളുട പട ചേർന്നുകൂടി
പോരിന്റെ പൊലിമകളോരോന്നങ്ങുരചെയ്‌വാന
പോരാ നേരവും, പിന്നെ തീരാശേഷവും ചൊന്നാൽ
പാരാതെ ദനുജന്മാർ നേരെ ചെന്നടുക്കുമ്പോൾ
ഓരോരോ സുരന്മാരങ്ങോരോ ദിക്കിലേക്കോടി
താരകാക്ഷനും വന്നു ചേരുന്ന ദശയിങ്കൽ
തേരീന്നങ്ങുടൻ ചാടി ദൂരത്തിന്ദ്രനും പോയി
വീരന്മാരസുരന്മാരോരോ മന്ദിരം തന്നിൽ
ആരും പണ്ടറിയാതെ സാരമായിരിക്കുന്ന
ഭൂരി ദ്രവ്യസംഭാരം കോരിക്കൊണ്ടു പോരുന്നു
ഈരേഴുഭുവനത്തിലാരുമില്ലവരുടെ
നേരെ നിൽപതിനെന്നു തീരുന്നു ദിനംതോറും
പാരം ഭീതരാം ജംഭവൈരിക്കും സുരന്മാർക്കും

ഭീരുക്കളെന്നതന്നെ പേരും വീണിതക്കാലം
ചേരുന്ന സുഖമെല്ലാമാരോമൽക്കനിവോടെ
സ്വൈരമേ വരുത്തിക്കൊണ്ടാരോട്ടം കുറയാതെ,
വീരനാം താരകാക്ഷൻ മേരുപർവതേ വാണു
നേരമ്പോക്കിനു നല്ല നാരിമാരുടെ നൃത്തം
ശാരികാമൊഴികളും ചാരുവാം വിലാസവും
സാരസ്യങ്ങളും മേളിച്ചോരോ കേളിയുമാടി
വീര്യസ്വാസ്ഥ്യവും കിട്ടി ധീരൻ വാണിതക്കാലം
പാരിടം മുടിപ്പാനായാരാഞ്ഞുനടക്കുന്ന
ക്രൂരനാം കമലാക്ഷൻ ക്രൌര്യങ്ങളിനിച്ചൊല്ലാം
വെള്ളിക്കോട്ടയിൽ വാഴും കമലാക്ഷനവനിയി-
ലുള്ള മാനുഷരുടെ നാടുകളും വീടുകളും
കൊള്ളിവച്ചിരിക്കുന്നു നീളെ സഞ്ചരിക്കുന്നു
ഉള്ളത്തിൽ നിറഞ്ഞേററം കൊള്ളാതെ വഴിയുന്ന
കള്ളംകൊണ്ടോരിക്കലുമെള്ളോളം ഭയമില്ല!
കള്ളന്മാരൊരുക്കൂട്ടം ഭൃത്യന്മാരവർ പിന്നെ
കള്ളിനും കറപ്പിന്നും തിരഞ്ഞങ്ങു നടക്കുന്നു.
ഭള്ളേറെ നടിക്കുന്നു മുള്ളേറെപ്പറയുന്നു
കള്ളേറെക്കുടിക്കുന്നു പിള്ളേരെ പിടിക്കുന്നു
മല്ലന്മാരുടെ പടവില്ലും ബാണവും കുന്തം
എല്ലാം കൃത്തമൂത്തുള്ള പല്ലും ഘോരമാം ദൃഷ്ടി-
ത്തെല്ലും കൈകളിലോരോ കല്ലും കണ്ടുപേടിച്ചു
കൊല്ലും നമ്മളെ വന്നു തല്ലും നമ്മുടെയെല്ലാ-
മെല്ലും തച്ചുപൊട്ടിക്കും തെല്ലും സംശയമില്ല.
നെല്ലും പാത്രവും പിന്നെച്ചെല്ലും പെട്ടകം നല്ലൊ-
രില്ലും ഗോക്കളുമിവയെല്ലാമങ്ങുപേക്ഷിച്ചു
മെല്ലെ ഗാത്രവും കൊണ്ടു വല്ല ദിക്കിനും പോകെ-
ന്നെല്ലാ മാനുഷന്മാരും ചൊല്ലി ധാവതിചെയ്തു
വായെല്ലാം പിളർന്നുകൊണ്ടസുരന്മാരടുക്കുമ്പോൾ
നായന്മാർ തെരുതെരെപ്പായുന്നു പലർകൂടി.

പായും കട്ടിലും വീടും പോയെന്നാകിലും തന്റെ
കായം പോരുമെന്നത്രെ നായന്മാർ നിനയ്ക്കുന്നു.
ചുവരുണ്ടെങ്കിലേ നല്ല ചിത്രമൊള്ളു ധരിച്ചാലും
ചോറുണ്ടെങ്കില്ലിലേ നല്ല കറികൊണ്ടു കണക്കൊള്ളു
അയ്യോ! ദുഷ്ടരിക്കൂട്ടം വന്നടുക്കുന്നേരമെന്റെ
കയ്യിൽ വാളുമില്ലാഞ്ഞു തടുപ്പാനാളുമില്ലാഞ്ഞു,
പൈയ്യുകുത്തുമ്പോഴിപ്പഞ്ചാക്ഷരം കൊണ്ടു കണക്കുണ്ടോ?
പൊയ്യൊന്നേ ഇനിക്കുള്ളു കയ്യേരോടു കണക്കുള്ളു.
കോട്ടക്കാരനും വന്നു വീട്ടിലായെന്നതുകേട്ടു
വേട്ടക്കാരനെന്നെല്ലാം പിണയ്ക്കുന്നെന്നറിഞ്ഞില്ല.
കൂട്ടക്കാരെയ്യുമെല്ലാം പിരിഞ്ഞിപ്പോളിജ്ജനങ്ങൾ
ആട്ടക്കാരുടെക്കൂട്ടു നാടുവിട്ടുനടക്കുന്നു.
പണ്ടു വീട്ടിൽ പരാധീനംകൊണ്ടു കൊച്ചായിരുന്നപ്പോൾ
കണ്ട ദാസപ്രവൃത്തി ചെയ്തുണ്ടാൻ ഞാനറിഞ്ഞാലും
കണ്ടമെല്ലാമത്രമാത്രം കൊണ്ടു ഞാനിന്നലെത്തന്നെ
രണ്ടുപേർക്കു ചിലവിന്നു, വേണ്ട നെല്ലും വിളയുന്നു.
ചെണ്ടകൊട്ടി നമുക്കിപ്പോൾ കാണ്ടകച്ചാർ വിളവെല്ലാം
കൊണ്ടുപോകുന്നതുമിന്നു കണ്ടിരിപ്പാറായിവന്നു
ഉണ്ടചോറു മറന്നോരോ കണ്ട ലായിച്ചുമത്തെല്ലോ
ഞണ്ടുകൊൾവിൻ കർമ്മദോഷം തൊണ്ടനെന്നു പേരു [മായി
നാശം കാൺകെടോ രണ്ടു കാശിന്നും മുതലില്ല,
കാശിക്കു തിരിപ്പാനോ ദേശങ്ങളറിവില്ല
ഇങ്ങനെയൊരുക്കൂട്ടം മനുജന്മാർ പറഞ്ഞിട്ടു്
മങ്ങിന മുഖത്തോടും വനംതോറും നടക്കുന്നു.
ധാത്രിയിലതുകാലം വധം നീളെ ഭവിക്കയാൽ
എത്രയും പേടിയുണ്ടാക്കും ചോരയും മാംസഖണ്ഡവും
ഓരോരോ പ്രദേശത്തു പാരാതെ നിറഞ്ഞപ്പോൾ
ഘോരമാം പിശാചങ്ങൾ ഭൂതവേതാളജാലങ്ങൾ
ആരാഞ്ഞു പുറപ്പെട്ടു സഞ്ചരിക്കുന്നൊരുനേരം

ഓരോ വാക്കുകൾ തമ്മിൽ പ്രാകൃതമായുരചെയ്തു.
പ്രാകൃതം പറയുന്നകൂട്ടമനേകമിങ്ങിനെ വന്നുടൻ
ലോകവാസിജനത്തിനത്തൽ വരുത്തിനാരവരെത്രയും
നാട്ടിലും മലമൂട്ടിലും ചില വലിയ മലയുടെ ഗുഹയിലും
തോട്ടിലും പലകോട്ടിലും ചില പുഴകളൊഴുകിന കുഴിയിലും
ചെന്നുറച്ചു വിറച്ചു മനുജരൊളിച്ചുകൊണ്ടു വസിക്കയും;
വന്നു ദാനവരെന്നു കേട്ടുടനവിടന്നിന്നു തിരിക്കയും
നിന്നുകൊണ്ടുടനസുരഭടരുടെ വൃത്തികൊണ്ടു ദുഷിക്കയും
എന്നുവേണ്ട മഹീതലങ്ങളിലുമളി ശിവശിവ ചൊൽവതോ
താരകാക്ഷസഹോദരൻ കമലാക്ഷനെന്ന മഹാസുരൻ
ഘോരമാം പടയോടുകൂടി മദിച്ചുകൊണ്ടു നടക്കയും
പാരലുള്ള പുരങ്ങളും നഗരങ്ങളും വിഭവങ്ങളും
സാരമായ മരം തടിച്ചവടം തടാകവുമിവകളും
സർവ്വമാശു നശിക്കുമാറു ചരിച്ചുകൊണ്ടു മുടിക്കയും
സർവ്വസാധുജനങ്ങളെപ്പിടിപെട്ടുകൊണ്ടുതിരിക്കയും
സർവ്വസുന്ദരിമാർ വിളങ്ങിന വീടു തേടി നടക്കയും
സരസതരിവള കടകപരിവള താലിമാല പറിക്കയും
അവനിപതികടെ ഭവനമഖിലവുമവനുമവനുടെ കൂട്ടവും
തല്ലിട്ടുപൊടിമയുമവിടെയും പുനരവനർഹിതമതാക്കിയും
കനികളുരുതിഹ മുനികളുരുതിഹ ധനികളുരുതിഹ ഗണിക
യതികളുരുതിഹ പതികളുരുതിഹ സതികളുരുതിഹ [ളും
[കൃതികളും
കല്ലുമരുതിഹ പുല്ലുമരുതിഹ നെല്ലുമരുതിഹ ഭൂതലേ
ഇല്ലുമരുതിഹ ചെല്ലുമരുതിഹ വല്ലുമരുതിഹ നിശ്ചയം
നല്ല തരുണികൾ തെല്ലുമരുതിഹ നല്ല പുരുഷനുമിത്തരം
ചൊല്ലിയുടനുടനല്ലലനവധി കില്ലുകന്നഥ നൽകിനാർ;
അമ്പലത്തിനകത്തു ചെന്നു ബലിത്തിടമ്പു പറിക്കയും
എമ്പ്രാന്തിരിയെപ്പിടിച്ചു മണിക്കിണററിൽ മറിക്കയും
അമ്പലവാസികളെത്തടുത്തു പിടിച്ചുകെട്ടിയടിക്കയും
കൊമ്പനാനകളെപ്പിടിച്ചഥ കൊമ്പുരണ്ടുമൊടിക്കയും

കാത്തുചൊല്ലുകിലുണ്ടുകുററമതോൎത്തു കൊള്ളുക വിപ്രരേ!
കൂത്തുപാട്ടുകളാട്ടമെന്നിവ കാട്ടുകിൽ പിഴയപ്പൊഴേ,
കൂൎത്തമൂൎത്തശരങ്ങൾകൊണ്ടിഹ കോൎത്തുപോമുടലൊക്കവേ
ധൂൎത്തുകാട്ടുകിലാൎത്തിതീൎത്തു നികത്തുവാനെളുതല്ലെടോ.
കുടകൾ തഴകൾ പിടിക്കയും പടകളിടയിൽ നടക്കയും
പടഹമുരജമടിക്കയും പുടവഞൊറിയൊട്ടുടുക്കയും
ഇപ്പറഞ്ഞതിലൊന്നുമെ ഇപ്രളക്കൾ തുടങ്ങൊലാ.
കല്പനയ്ക്കനുകൂലമായിപ്പോൾ നിങ്ങൾ നടക്കണം
നാട്ടിനും നഗരത്തിനും കാട്ടിനും കനകത്തിനും
വീട്ടിനും വിഭവത്തിനും മാട്ടിനും മഹിഷത്തിനും
നായകൻ കമലാക്ഷനെന്നായകാലമൊരുത്തനും
തായമാട്ടു തുടങ്ങൊലാ, പോയകാലമിതല്ലെടോ.
തമ്പുരാനുടെ കാൽത്തലത്തിൽ കുമ്പിടേണമശേഷവും
വമ്പുകൊണ്ടു നടക്കമോ മുമ്പിൽവന്നു കിടക്കണം.
നമ്മുടാൾക്കു പണത്തിനാഗ്രഹമേററമുണ്ടതു നിൎണ്ണയം.
നെന്മണിക്കു പിണക്കമില്ല കണക്കിനങ്ങൊരുനേരവും
ഒട്ടുമേ ചിലവിട്ടുകൂട മനസ്സുമുട്ടി നമുക്കെടോ
കെട്ടിവച്ചതിലൊട്ടു കിട്ടുമതെന്നുതന്നെ നിനച്ചു ഞാൻ
പട്ടുപൊന്നുപണങ്ങൾവേണ്ടതു നമ്മൾതന്നെ വരുത്തണം
ഒട്ടു പെട്ടിയിലിട്ടുപൂട്ടണമൊട്ടു കോപ്പുകൾ തീൎക്കണം
തമ്പുരാനറിയേണ്ട നമ്മുടെ ഗൃദ്ധവൃത്തികളൊന്നുമേ
വമ്പനതുകണക്കുമില്ല കരത്തിൽ വന്നതിനെന്നിയേ
പത്തനങ്ങൾ കവൎന്നു കിട്ടിയ വിത്തമിങ്ങുവരുന്നതിൽ
പത്തിലൊന്നു കൊടുക്കണം നൃപനതുപോരുമിതറികെടോ
പടിക്കൽപാറ പൊന്നെങ്കിൽ പാതി തേവക്കെന്നപോലെ
തുടങ്ങും നമ്മളോടിന്നു യജമാനന്മാരുമെല്ലാം
ഇടയ്ക്കും വേണമിക്കൂട്ടം പടയ്ക്കും വേണമിക്കൂട്ടം.
കൊടുക്കും നേരമൊട്ടെല്ലാം മടിക്കും താനു,മെന്നാലും
മിടുക്കുണ്ടെങ്കിലൊട്ടെല്ലാം കിടയ്ക്കും ദോഷമെന്നാലും
ഉടുക്കും വസ്ത്രവും കൂടെപ്പിടുങ്ങും മന്ത്രിവീരന്മാർ.

കടക്കേണം വീടുതോറും നടക്കേണം നാടുതോറും
മുടക്കേണം യാഗമെല്ലാമടക്കേണം ദ്രവ്യമെല്ലാം
നടിക്കേണം ഭുജാടോപം തുടങ്ങേണം മഹാഘോഷം
കൈയ്യൂക്കലേതാനുമുണ്ടാക്കാൻ തക്കവണ്ണം തുടങ്ങേണം
കൈയ്യൂക്കില്ലാത്തവൻ തന്നിൽ നായ്ക്കമില്ലാ ബഹുമാനം
മന്നവന്മാരുടെ നല്ല മന്ദിരങ്ങളകംപുക്ക
പൊന്നുവെള്ളിത്തരങ്ങണ്ടാലൊന്നുപേക്ഷിക്കയുംവേണ്ടാ
എന്നിതെല്ലാം പലക്കൂട്ടം പറഞ്ഞുംകൊണ്ടസുരന്മാർ
മന്നിലോരോ ദുഷ്ടകർമ്മം തുടങ്ങി പിന്നെയുമെല്ലാം.
ബ്രാഹ്മണൻ ക്ഷത്രിയൻ വൈശ്യൻ ശൂദ്രനുമിന്നാലു ജാതി
ധർമ്മമെല്ലാമുപേക്ഷിച്ചു ഗമിച്ചുവെന്നതേവേണ്ടു-
നാട്ടുവിട്ടു നടപ്പാനായ് തുടങ്ങുമ്പോളൊരുക്കൂട്ടം
വീട്ടുതോറുമ്മറത്തോറുമിരുന്നോരോന്നുരയ്ക്കുന്നു:-
"ഇന്നാലേ രാക്ഷസന്മാർ വന്നുപോലങ്ങൊരു വീട്ടിൽ
കൊന്നുപോലിച്ചരച്ചാരെ തിന്നുപോലശ്ശവമെല്ലാം
നന്നുപോലിജ്ജനം തിന്മാനെന്നുപോലിന്നു കേൾക്കുന്നു
വന്നുപോമെന്നതുപോലെ നിന്നുപോയാലിളയ്ക്കാതെ
വീട്ടിൽവന്നു കമലാക്ഷൻകൂട്ടമെന്നു കേട്ടനേരം
കൂട്ടമില്ലാ കൊച്ചുകോന്തിച്ചേട്ടനേതും മനക്കാമ്പിൽ
അച്ഛനിപ്പോളേകദേശം വയസ്സെൺപത്തിനാലായി
കാഴ്ചയില്ലാ കണ്ണിനൊട്ടും ചെവിരണ്ടും കേട്ടുകൂടാ
കാഴ്ച കാണ്മാനുള്ള മോഹം കിഴവച്ചാക്കെത്രപാരം
പല്ലുപോയിട്ടെത്രനാളായാക്ഷമില്ലാ പരമാർത്ഥം
കല്ലുകൊണ്ടു ചതച്ചാലും വെററതിന്മാനെളുതല്ലാ
കൊല്ലുവാനിന്നസുരന്മാർ വന്നുവെന്നതറിയാതെ
മെല്ലെമെല്ലെപ്പുറപ്പെട്ടാനെ"ന്നൊരുത്തനുരയ്ക്കുന്നു.
പത്തുനൂറു ദനുജന്മാർ വീടുകുത്തിത്തകർക്കുമ്പോൾ
ഉത്തരത്തിൻമുകളേറി പാർത്തുപോലും കുഞ്ഞുരാമൻ
കുത്തിവച്ച പാവയെന്നങ്ങോർത്തുപോയാരസുരർകൾ
ധൂർത്തുകൊണ്ടേ നിന്നുകൂട്ടു എന്നൊരുത്തൻ പറയുന്നു.

ചങ്കരച്ചാരുടെ വീട്ടിൽ കിങ്കരന്മാരകംപൂക്കു
മങ്കമാരെ പിടിച്ചങ്ങു കൊണ്ടുപോകാൻ തുടങ്ങുമ്പോൾ
ചങ്കരച്ചാരെഴുന്നേററു ഞാങ്കൽവാളും പരിചയും
തൻകരത്തിലിളക്കിക്കൊണ്ടങ്കണത്തിൽ ചാടിനിന്നു.
ചുററിനിന്നങ്ങൊരുപോലെ പററത്താണു കളിച്ചപ്പോൾ
അററമില്ലാതസുരന്മാർ തോററുമണ്ടിക്കാട്ടുപുക്കു
കഞ്ഞിക്കേളൻ മിനിഞ്ഞാന്നു് കഞ്ഞിവച്ചുകുടിക്കുമ്പോൾ
പാഞ്ഞുവന്നോരസുരന്മാർ മുഞ്ഞികുത്തിച്ചുതച്ചുപോൽ.
തിട്ടുക്കം വന്നടുക്കുമ്പോൾ മിടുക്കൻ നമ്മുടെ ചേട്ടൻ
പൊട്ടക്കെണറു പുറപ്പെട്ടങ്ങടുക്കളയ്ക്കകം പുക്കു
കിടപ്പെല്ലാമവനിപ്പോളടുപ്പിലെന്നതും കേട്ടു
ഇത്തരമങ്ങോരോ ദിക്കിലെത്തിയ മാനുഷരെല്ലാം
അത്തലോരോന്നുരയ്ക്കുന്നു ചിത്രമെന്തേ പറയാവൂ !
കൂട്ടമോടെ മനുജന്മാർ കെട്ടുകെട്ടിപ്പുറപ്പെട്ടു
കുട്ടികളെ പടിച്ചൊരു കുട്ടകത്തിനകത്താക്കി
രെട്ടുകൊണ്ടു് പൊതിഞ്ഞൊരു പട്ടരച്ചൻ പുറപ്പെട്ടു.
പട്ടരച്ചാ തനിക്കുള്ള കെട്ടിലെന്തെന്നുരക്കുമ്പോൾ.
"കെട്ടിലെന്ന കച്ചകിലെ ഒനക്കെന്ന മലയാളി.
കിട്ടുവാരും നാടുശേഷം കെട്ടുപോച്ചേ എന്ന ശെയ്‌വായ്
ശത്തുപോനാലെന്ന കാര്യം ശെത്തൂരം വഴിവന്തേൻ
വയസ്സൻപട്ടരെക്കൊന്നാൽ ചോദ്യമില്ലെന്നറിയാമൽ
ഇടയിൽ വന്തകപ്പെട്ടേൻ ഗ്രഹചാരങ്കളിനാലെ
കടുവാനാട്ടിലെ പോനാൽ കടുവായും മെത്തമെത്ത-
ക്കടിയാമൽ വിടമോടാ എന്നെടാ ശെയ്യുറേൻ" എന്നു്
"ഇങ്ങനെയങ്ങോരുദിക്കിലൊരു ഘോഷമതുനേരം
എങ്ങിനെ ഞാനിവയെല്ലാമുള്ളവണ്ണം പറയേണ്ടൂ !
സോമവംശത്തിലും പിന്നെ സൂര്യവംശത്തിലുമുള്ള
ഭൂമിപാലന്മാരശേഷം പടയ്ക്കാശു പുറപ്പെട്ടു
കുന്തിഭോജൻ കാശിരാജൻ സിന്ധുരാജൻ സിംഹളേന്ദ്രൻ
[illegible]ന്നിവർമ്മൻ വീര്യവർമ്മൻ വിന്ധ്യപാലൻ വീരപാലൻ

അംഗരാജൻ വംഗരാജൻ മാഗധൻ ചേദിഭൂപലൻ
ശൂംഗപാലൻ കലിംഗേശൻ ശൃംഗിവേരാധിപൻ [പിന്നെ
ചോളരാജൻ ഗൌഡരാജൻ കേരളൻ പാരസീകേന്ദ്രൻ
മാളവേന്ദ്രൻ ഹേഹയേശൻ പിന്നെ വീരപ്പനായ്ക്കന്താൻ
മന്നിലങ്ങു വസിക്കുന്ന മന്നവന്മാർ പടക്കൂടി
ചെന്നണഞ്ഞുപിണങ്ങുന്ന വെള്ളിഗേഹക്കാരനോട്.
ക്ഷോണിപാലപ്രവരന്മാരസുരാധീശചരൻതന്റെ
ബാണമേററു പടതോററു വില്ലുമററു ഞാണുമററു.
ശോണിതങ്ങളണിഞ്ഞങ്ങു ചത്തുശേഷിച്ചവരെല്ലാം
നാണവുംകെട്ടോരുപോലെ താണുവീണു വണങ്ങിനാർ
പ്രാണഹാനി വരുത്താതെ പോണമെന്നങ്ങവർപിന്നെ
വേണ്ടതെല്ലാംകൊടുത്തോരോകോണിലമ്മാറൊളി [ച്ചങ്ങു
വാണുകൊണ്ടോരതുകാലം ക്ഷീണഭാവത്തോടുകൂടെ.
"ഓണമില്ലാ വിഷുവില്ലാ വേലയില്ലാ വിളക്കില്ലാ
ഊണുമില്ലാ വഴിപോലെ ഊട്ടുമില്ലാ നാട്ടിലെങ്ങും
ഏണശാബാക്ഷിമാൎക്കുന്ന മോടിയും പ്രൌഢിയുമില്ലാ
വാണുകൂടാ വസ്തുവൊന്നും, വാണിഭവും നാസ്തിയായി
അന്തണൎക്കു ജപമില്ലാ യാഗമില്ലാ ഹോമമില്ലാ
ഹന്ത കഷ്ടം! തപസ്സില്ല സ്നാനമാനങ്ങളുമില്ലാ.
എന്തുപിന്നെ കൂത്തുപാട്ടും പാഠകം നാടകങ്ങളും?
എന്തിന്നിത്ര പറയുന്നു! വേണ്ടതെല്ലാമസ്തമിച്ചു
സങ്കടം മന്നവന്മാൎക്കു ചുങ്കമൊന്നും നടന്നീടാ
മങ്കമാരൊട്ടു നന്നായിക്കണ്ടുവെങ്കിലസുരന്റെ
കിങ്കരന്മാർ വന്നുകേറിപ്പിടിച്ചങ്ങു കൊണ്ടുപോകും.
കാൎയ്യക്കാരനു രണ്ടു കാശുകിട്ടാൻ വകയില്ല,
നാരിയെ വച്ചിരിപ്പാനും വൈരിയെക്കൊണ്ടെളുതല്ല-
കാൎയ്യസ്ഥന്മാൎക്കു പിന്നെ കായക്ലേശവും വേണ്ട
കോയിക്കലെഴുതേണ്ട വായിക്കുന്നതും പക്ഷേ.

ഈ വണ്ണംവന്നുകൂടി ഭാവങ്ങളതുകാലം
കേവലമസുരൻെറ ദുഷ്ടകർമ്മം മുഴക്കയാൽ
നാട്ടിലെങ്ങുമൊരേടത്തും കോട്ടകളങ്കവുമെല്ലാം
കോട്ടക്കാരനൊപ്പിച്ചേ പൊറിപ്പിപ്പൂ എന്നുവന്നു
പാട്ടനെല്ലുങ്ങളക്കേണം മുപ്പുറയും കൊടുക്കേണം
വീട്ടോലകളും പാട്ടക്കാണവും കൊടുക്കേണം.
തിങ്ങളിൽ തിങ്ങളിൽച്ചെന്നു കാഴ്ചവച്ചു കണ്ടുപോന്നാൽ
തങ്ങടേടം പൊറുപ്പിക്കാം കുലിശ്ശേവവും കിട്ടും
സകലദിക്കുകളിലും കമലാക്ഷനൊത്തപോലെ
സകല ഭൂതലമെല്ലാം പാട്ടിലായെന്നതേ വേണ്ടൂ.

ഇരിമ്പുമന്ദിരക്കാരൻ വിദ്യുന്മാലിയുമപ്പോൾ
ഒരുമ്പെട്ടു പുറപ്പെട്ടുപാതാളമകംപുക്കു
ഉരഗപുംഗവന്മാരെ ജയിച്ചു കോഴയും വാങ്ങി
പരമപൌരുഷത്തോടെ സുഖിച്ചാനെന്നതേവേണ്ടൂ

## രണ്ടാംകളം

ത്രിപുരന്മാരുടെ ദുഷ്ടചരിതങ്ങൾ സഹിയാഞ്ഞു
ത്രിദശന്മാരൊട്ടുക്കുടെ പുറപ്പെട്ടു ദേവരാജൻ
വിരിഞ്ചനും സുരന്മാരും സിദ്ധവിദ്യാധരന്മാരും
തരംചേൎന്നസുരസ്ത്രീകളെന്നു വേണ്ടാ ഖേചരന്മാർ
ഒരുമ്പെട്ടു വിരവോടെ കലശാംഭോനിധിതീരേ
നിന്നങ്ങു മുകുന്ദനെ സ്തുതിചെയ്താരതുകാലം.

"കമലലോചന! ജയ ഹരേ!
ഖലവിനാശന! ജയ ഹരേ!
ഗരുഡവാഹന! ജയ ഹരേ!
ഘനമനോഹര! ജയ ഹരേ!
ങഞണലിപിമയ! ജയ ഹരേ!
ചലിതകുണ്ഡല! ജയ ഹരേ!
ഛലിതദിതിസുത! ജയ ഹരേ!
ജനിതനരസുത! ജയ ഹരേ!
ഝടിതിപാലയ ജയ ഹരേ!
ഞജണമുഖമയ! ജയ ഹരേ!
ടലനവിരഹിത! ജയ ഹരേ!
ഠന്നതഖെശരഥ! ജയ ഹരേ!
ഡമരുദ്ദൂരഗ! ജയ ഹരേ!
ഢവരഗാചല! ജയ ഹരേ!
ണളിനസമ്മുഖ! ജയ ഹരേ!
തരുണഗുണഗണ! ജയ ഹരേ!
ഥതതി വിമഥന! ജയ ഹരേ!
ദനുജസുതഹര! ജയ ഹരേ!
ധരണിപാലക! ജയ ഹരേ!
നമിതരിപുകുല! ജയ ഹരേ!

പരമപൂരുഷ ! ജയ ഹരേ !
ഫണിവപുശ്ശയ്യ ! ജയ ഹരേ !
ബഹളരുചിഭര ! ജയ ഹരേ !
ഭജനഫലകര ! ജയ ഹരേ !
മരണഭവഹര ! ജയ ഹരേ !
യജനപരിചിത ! ജയ ഹരേ !
രജനികരമുഖ ! ജയ ഹരേ !
ലളിതസുചരിത ! ജയ ഹരേ !
വരദ മുരഹര ! ജയ ഹരേ !
ശരണമയി ഭവ ജയ ഹരേ !
ഷഡ്ധ്വൃത്ഥപാലക ! ജയ ഹരേ !
സകല മലഹര ! ജയ ഹരേ !
ഹവനഫലകര ! ജയ ഹരേ !
ളടഭൃകടിതട ! ജയ ഹരേ !
ക്ഷപിത രിപുഭട ! ജയ ഹരേ !”

“ശേഷതല്പം മുകളേറിപ്പള്ളികൊള്ളും ഭഗവാനി
ഘോഷമെല്ലാം കേട്ടനേരത്തുണർന്നു കൌതുകത്തോടെ
തോഷമുള്ളിൽ നിറഞ്ഞേററം കരുണാശാലിയാം ദേവൻ
ദോഷലേശമകന്നോരു ദേവകളോടരുൾചെയ്തു:–
“സ്വൈരമല്ലീ സുരന്മാരെ? മുനിമാർക്കും ഭവാന്മാർക്കും
വൈരമേറുന്നസുരന്മാർ ദൂരവേ വാഴുവോരല്ലീ?
വീരനായ വാസവന്റെ കരത്തിൽ വജ്രമെപ്പോഴും
ഘോരമായി വിലസുമ്പോൾ ഭയത്തിനെന്തവകാശം?
ശുക്രശിഷ്യാദികളുടെ വിക്രമങ്ങളൊരിക്കലും
ശക്രലോകങ്ങളിലെങ്ങും ഫലംചെയ്‌വാനെളുതല്ലാ
വിക്രമങ്ങൾക്കനുകൂലൻ വ്യാഴനല്ലോ ഗുരുഭൂതൻ
വക്രസംസാരങ്ങളൊന്നും നിങ്ങടെ നാട്ടിലില്ലല്ലോ
ഇന്നു നിങ്ങൾ പലർകൂടി വന്നതിൻകാരണമെല്ലാ–
മൊന്നൊഴിയാതുരചെയ്‌വിൻ സുന്ദരീവല്ലഭന്മാരെ!”
എന്നിതെല്ലാമരുളപ്പാടങ്ങു കേട്ടു മുനിമാരും

വന്ദനംചെയ്തുകൊണ്ടേവമുണർത്തിച്ചു വാർത്തയെല്ലാം.
"ദേവ ദേവ! ഹരേ! മുകുന്ദ! ജഗന്നിവാസ! നമോസ്തുതേ;
ദേവവൈരികൾ വന്നു നമ്മുടെ നാടശേഷമടക്കിയേ
ഏവനും ബത ശക്തിയില്ല തടുപ്പതിന്നതുകാരണം
കേവലം കരുണാനിധേ! ശരണംഭവാൻ ശരണം ഭവാൻ
താരകാസുരമക്കളാകിയ മൂന്നുപേരമരാരിമാർ
നേരുകേടുകൾ കാട്ടുവാൻ വിരുതോടുകൂടി നടക്കയും
പാരിടത്തിലുമംബരത്തിലുമങ്ങു സർപ്പഗൃഹത്തിലും
പാരമുണ്ടുമിളത്തരങ്ങൾ മനസ്സുമുട്ടി മഹാമതേ!
കോട്ടകൊണ്ടുനടന്നു ഞങ്ങടെ നാട്ടകം വകയാക്കിയേ
ചേട്ടകൾക്കൊരു കോട്ടമില്ലൊരുകൂട്ടമിങ്ങനെ തിന്നുതേ
ജ്യേഷ്ഠനാകിയ താരകാക്ഷനമർത്ത്യലോകമടക്കിനാൻ,
നാട്ടുകണ്ടുകെസോദരൻ കമലാക്ഷനൂഴിമുടിക്കയും,
രണ്ടുപേരുടെ തമ്പിയാകിയ തണ്ടുതപ്പി മഹാശഠൻ
കണ്ടതൊക്കെമുടിപ്പതിന്നവരങ്ങുനാട്ടിൽ നടക്കയും,
പണ്ടു ഞങ്ങളിവണ്ണമുള്ളൊരു സങ്കടങ്ങളൊരിക്കലും,
കൊണ്ടൽവർണ്ണ! സഹിച്ചുവെന്നൊരു കേട്ടുകേളിയുമില്ലഹോ
ദുർജ്ജനത്തെ നിവർത്തിവച്ചു വരംകൊടുത്തു പുലർത്തുവാ-
നിജ്ജനത്തിലൊരുത്തനേണ്ടതു കുററമില്ലിതു വന്നതും
ഇജ്ജഗത്തുനശിക്കുമങ്ങു കെട്ടുത്തിലെങ്കിലതോർക്കയാൽ
ഇജ്ജളർക്കു വരം കൊടുത്തു തരംകെടുത്തു ജഗത്ത്രയം.
ദക്ഷവൈരിഭഗവാനും പക്ഷപാതം നടിക്കയാൽ
ശിക്ഷവന്നു പുരന്മാർക്കു രക്ഷവന്നു വഴിപോലെ
ത്ര്യക്ഷണന്റെ സേവകന്മാർ കാൽക്ഷണംപോലിളയ്ക്കാതെ
രൂക്ഷകർമ്മം ചെയ്തതെല്ലാമീക്ഷണം ചെയ്കയേ വേണ്ടൂ.
രക്ഷചെയ്യേണ്ടവർ തന്നെ ഭക്ഷണത്തിനൊരുമ്പെട്ടാൽ
കുക്ഷിമാത്രം പൊറുപ്പിപ്പാൻ ഭിക്ഷകൊണ്ടുമെളുതല്ലാ.
യക്ഷികൾക്കും മക്ഷികൾക്കും പക്ഷികൾക്കും കുക്ഷികൾക്കും
ത്ര്യക്ഷനല്ലോ രക്ഷശിക്ഷാപ്രമേയങ്ങൾക്കേകനാഥൻ.

ഇക്ഷുചാപാന്തകൻതന്നെ പക്ഷപാതം തുടങ്ങുമ്പോൾ
രൂക്ഷതയ്ക്കുമിങ്ങു രണ്ടുപക്ഷമില്ലാ പൂരന്മാൎക്കു്
കഷ്ടമിന്നീ യജമാനന്മാരുമെല്ലാം പലപക്ഷം
ദുഷ്ടതയ്ക്കു തുടങ്ങുമ്പോൾ ഇഷ്ടമാകും ചിലർക്കൂടെ
ആഷ്ടിനന്നായ് കഴിച്ചുംകൊണ്ടേഷണിക്കു നടക്കുന്ന
യഷ്ടികളുമതിൽതന്നെ പലരുണ്ടെന്നറിഞ്ഞാലും,
ഇഷ്ടമില്ലാത്തവരെക്കൊണ്ടെത്രക്കൂട്ടം ദൂഷണങ്ങൾ
ഇഷ്ടസേവന്മാരുതന്നെ നിന്നുകെട്ടിച്ചമയ്ക്കുന്നു!
കഷ്ടകാലം നമുക്കെല്ലാമെന്നുമാത്രം പറഞ്ഞേക്കാം
ഇഷ്ടമെല്ലാം പറഞ്ഞുംകൊണ്ടരികിൽ വന്നവരെല്ലാം
ഇഷ്ടബന്ധുക്കളെന്നത്രേ ദേവരാജാവിനു ഭാവം.
ദുഷ്ടരുമുണ്ടതിൽതന്നെ ശിഷ്ടരുമുണ്ടതിൽ തന്നെ
സ്പഷ്ടമായിട്ടറിയാഞ്ഞാൽ നഷ്ടമായി ഭവിച്ചേയ്ക്കും.
ദുഷ്ടരെ ശിഷ്ടരെന്നോൎത്തും ശിഷ്ടരെ ദുഷ്ടരെന്നോൎത്തും
കഷ്ടകൎമ്മം ഭവിച്ചെന്നാലൊഴിപ്പാനാരുമാളല്ല.
വാളെടുക്കുന്നവരെല്ലാം വെളിച്ചപ്പാടെന്നപോലെ,
മേളമേറും പ്രഭുക്കന്മാരെന്നഭാവം ചിലൎക്കുണ്ടു്.
വാളുവെട്ടും പടപ്പോരും ശൌൎയ്യവുമാളടയാരും
കേളിമന്നിലിവയെല്ലാമുള്ളവരെത്രയും തുച്ഛം
കേളികേട്ട പുരുഷങ്കലസൂയകൊണ്ടൊരു കൂട്ടം
താളമൊന്നു പിഴപ്പിപ്പാൻ തരം നോക്കി നടക്കുന്നു.
തോളിൽനിന്നു ചെവിതിന്നുന്നാളുകൾ വിശ്വസിച്ചേട-
ത്തോളമിന്നു കെടുംകാൎയ്യം വരുത്തും നിശ്ചയം തന്നെ.
എനിക്കത്രേ രാജ്യമെന്നും എനിക്കത്രേ രാജ്യമെന്നും
നിനച്ചേററം തെളിയുന്ന തനിച്ചു ബുദ്ധിമാന്മാരും.
തനിക്കത്ര ബലമുണ്ടെന്നൊരുത്തൎക്കുള്ള നിനയ്ക്കാതെ
മെനകെട്ടങ്ങിരിക്കുമ്പോൾ കനക്കേടും ഭവിച്ചേയ്ക്കും
ഉറക്കത്തിൽ പണിക്കത്തമൊരുത്തൎക്കും വരത്തില്ല
കരുത്തില്ലാക്കരുതാനേ കരുത്തെന്നും വരത്തില്ലാ.
കരുത്തൻ ഞാനെന്നുതന്നെ വരുത്തേണമെന്നു വന്നാൽ

ഗുരുത്വം വേണമല്ലാഞ്ഞാലൊരുത്തനുമെളുതല്ല.
ജഗത്തിന്നും നഗത്തിന്നും മൃഗത്തിന്നും ഖഗത്തിന്നും
സുഖത്തിന്നും നഖത്തിന്നും ഇടത്തിന്നും വലത്തിന്നും
മരത്തിന്നും തരത്തിന്നും ശിവത്തിന്നും ജപത്തിന്നും
ഇരുമ്പിന്നും തുരുമ്പിന്നും വരമ്പിന്നും ഞരമ്പിന്നും
ജഗത്തിലുള്ളവസ്തുക്കൾക്കൊക്കവേ കാരണഭൂതൻ
സമസ്തം നിന്തിരുവടിയെന്നു ഞങ്ങളറിയുന്നു.
സ്ഥാവരം ജംഗമം വിഷ്ണു ദേവനാരായണസ്വാമി,
കേവലാത്മസ്വരൂപാ നീ ദേവകൾക്കു തുണയ്ക്കേണം.
നാട്ടുപാടേ നശിക്കുമ്പോൾ ചട്ടുതട്ടും മനക്കാമ്പിൽ
ഓടിവന്നിപ്പ്രദേശത്തു പാട്ടുപാക്കും ഞങ്ങളെല്ലാം.
കൂടെവന്നു ഭവാനപ്പോൾ കൂടലർക്കുലചെയ്യും;
കേട്ടുതീരുമ്പൊളിക്കൂട്ടം നാട്ടുവാഴും വഴിപോലെ.
കൂടവേ കൂടവേ കണ്ടാൽ കൂടെ ഞങ്ങൾക്കൊരിക്കലും
പ്രൌഢതയ്ക്കും കുറവില്ല, മൂഢതയ്ക്കും കുറവില്ല,
ഒന്നുകണ്ടാലറിയാത്ത കൂട്ടമായിത്തീർന്നു ഞങ്ങൾ
വന്നു കണ്ടാലാവലാതിയുണർത്തിപ്പാൻ ശക്തിയില്ല.
എന്നുവേണ്ടാ മിടുക്കന്മാരെന്നഭാവം ചിലർക്കുണ്ടു്,
നിന്നുകൊണ്ടങ്ങുരചെയ്‌വാനെന്നിയേ കൊള്ളരുതാരും
നാട്ടിലെങ്ങുമനർത്ഥങ്ങളൊട്ടുമില്ലാത്തകാലത്തി-
ക്കൂട്ടമെത്ര സമർത്ഥന്മാർ! വലിപ്പമങ്ങിനെതന്നെ.
പെട്ടകം കട്ടകം കട്ടിപ്പട്ടരും വാലിയക്കാരും
പെട്ടിയും കട്ടിലും വട്ടംകൂട്ടിന പൊന്നുറവാളും
വഞ്ചിയും സഞ്ചിയും വെള്ളിക്കാഞ്ചിയും കാഞ്ചനക്കോപ്പും
മഞ്ചവും തഞ്ചവും കിഞ്ചിൽ പുഞ്ചിരിക്കൊഞ്ചലും [കണ്ടാൽ
അഞ്ചുമാറുള്ള ഭാവങ്ങൾ അഞ്ചുമാറുള്ള പൊന്മാലാ
അഞ്ചുമാറാം കളത്രങ്ങൾ നെഞ്ചിലേറും വിനോദങ്ങൾ
ഇക്കണക്കപറഞ്ഞെന്നാലിക്കഥയ്ക്കില്ലവസാനം
നിൽക്കണമിന്നിവയെല്ലാമൊക്കയും ബോധമുണ്ടല്ലോ.

അക്കവികൾ ശിഷ്യരായിട്ടിക്കരിക്കു തുല്യരായി
കക്ക്ശന്മാരസുരന്മാർ ധിക്കരിക്കുന്നു ഹാ കഷ്ടം!
തമ്പുരാനേ! അടിയങ്ങൾ സംഭരിച്ച മുതലെല്ലാം
പൊൻപുരക്കാരനും കൂട്ടർ വമ്പുകൊണ്ടു കൈയ്ക്കലാക്കി
ഉമ്പർനാട്ടിലുള്ളതെല്ലാമുമ്പർനാട്ടിലസ്തമിച്ചു,
കുംഭകോണേ കൃതം പാപം കുംഭകോണേ വിനശ്യതി.
എത്രതന്നെ പറയാവൂ! ദേവകൾക്കെന്നു തോന്നേണ്ടാ
ശത്രു ചെയ്യ്തോരപരാധം സഹിയാഞ്ഞിട്ടുരയ്ക്കുന്നു.
ഊററമാപത്തുകപ്പെട്ടാൽ മാററുവാനെളുതല്ല
ഈററപ്പാമ്പിൻ വിഷമെല്ലാം പാററകളുക്കു സഹിക്കാമോ?
നീററിലുള്ള മുതലകൾ ചീററിവന്നങ്ങടുക്കുമ്പോൾ
മാററിയാവും തവളയ്ക്കങ്ങേററുപോവാനെളുതാമോ?
മററൊരുത്തൻ ഗതിയില്ലിപ്പരിഷയ്ക്കെന്നറിഞ്ഞാലും
ക്രൂററനേരം പോററിതന്നെ മാററലക്കു ക്രൂററകാരൻ
തോററുപോയാൽ കേററുവാനും പോററുവാനും തീററുവാനും
അററമില്ലീവിധം ചൊന്നാൽ മുററുമെന്നേ പറയാവൂ.
ചെററുവാട്ടം വരുത്താതെ ഉററവരേ തുണയ്ക്കേണം
കുററമുണ്ടെങ്കിലുമിന്നു പൊറുപ്പിക്കേണമേ പോററി!"
ദേവകളിത്തരമെല്ലാമാവലാതിപ്രകാരങ്ങൾ
ദേവനോടങ്ങുണർത്തിച്ചു കേവലംനിന്നൊരുശേഷം
സേവകന്മാരുടെ പീഡാഭാവമെല്ലാം കാൺകമൂലം
ഭാവമൊന്നു പകർന്നേവം ദേവദേവനരുൾചെയ്തു:—
"ഞാനൊരുത്തൻ നിരൂപിച്ചാലതിന്നു പോംവഴിയില്ല
ദാനവന്മാരുടെ ബന്ധു പാർവതീവല്ലഭനല്ലോ
ദീനഭാവം കളഞ്ഞാലുമുപായങ്ങളുണ്ടുതാനും
ഹാനി നിങ്ങൾക്കൊരുനാളും ഞാനിരിക്കേ ഭവിച്ചീടാ
പോകടോ നാം മടിയാതെ പാർവതീകാന്തനെ
[ക്കാണ്മാൻ
ശോകമെല്ലാം ശമിപ്പിക്കും ലോകനാഥൻ ചന്ദ്രചൂഡൻ
ആകുലപ്പെട്ടവർക്കെല്ലാമേകബന്ധു ദയാസിന്ധു.

ലോകസൃഷ്ടിസ്ഥിതിധ്വംസക്രിയകൾക്കു ഹേതുഭൂതൻ"
പരമപുരുഷനിവണ്ണമൊന്നരുൾചെയ്തു ദേവകളോടുടൻ
ഗരുഡഗളമതിലേറിയേറിന മന്നിജനങ്ങളുമമരരും
സരസിരുഹഭവനമരപരിവൃഢനമരനാരികളമരരും,
പരിചൊടിളകിന പടകളിടകലവെ തഥടിതി യാത്രതുടങ്ങി [നാർ
രജനികരകലചൂടമീശ്വരനമരുമചലകുലോത്തമൻ
രജതഗിരിവരമമ്പൊടേയവർ കണ്ടു കണ്ടു നടക്കയും
രജനിചരകുലശലഭകാലമഹാനലൻ കരുണാകരൻ
രജനിപരിണതിവേളയിങ്കലടുത്തുചെന്നു മഹാതടേ,
ഇന്ദിരാപതിയാകുമീശ്വരനിന്ദ്രനോടു പതുക്കവേ
മന്ദഹാസരസംകലന്നരുൾചെയ്തു ശേഷജനത്തൊടും:—
"ഇന്നുനിങ്ങളശേഷരും പുനരിന്ദുചൂഡനെയാദരാൽ
വന്ദനംകനിവോടുചെയ്തു തപസ്സുചെയ്യണമേവരും
നാരദൻ മുനിപുംഗവൻ പുനരിങ്ങുപോരിക പോക നാം
സാരമായൊരു കാൎയ്യമുണ്ടിഹ നാമതിന്നു തുടങ്ങുക"
വാരിജാക്ഷനിവണ്ണമൊന്നരുൾചെയ്തു ദേവകളോടുടൻ
നാരദന്റെ കരംപിടിച്ചു ചിരിച്ചുകൊണ്ടു തിരിച്ചുതേ
ബുദ്ധികൌശലശീലനാം പുരുഷോത്തമൻ ഗരുഡ [ധ്വജൻ
ബുദ്ധതാപസവേഷമാശു ധരിച്ചു ബദ്ധകുതൂഹലാൽ
ശുദ്ധമാകുമൊരാൽത്തറപ്പുറമേറി വാണരുളീടിനാൻ
വൃദ്ധനെത്രവയസ്സുചെന്നുനരച്ചുകണ്ണിമകൂടവേ
ക്ഷീരസാഗരവാരിപോലെ വെളുത്തുനീണ്ടൊരു താടിയും
ചാരുപുസ്തകഷായവസ്ത്രവുമുത്തരീയവുമങ്ങിനെ
ഭൂരിപിംഗജടാകലാപവുമങ്ങു യോഗപട്ടങ്ങളും
ചേരുമീവക മുത്തബൌദ്ധനിതെന്നുകണ്ടവർ ചൊല്ലിനാർ
ബന്ധുവാകിയ നാരദൻ മുനിശിഷ്യനെന്നു നടിച്ചുടൻ
ഗ്രന്ഥമൊന്നു കരത്തിലാക്കിയഴിച്ചു നോക്കിയിരിക്കയും
എന്തിതിങ്ങിനെ വായനയ്ക്കുനടപ്പുമില്ല നിനക്കെടോ

ചിന്തയില്ല പഠിച്ചില്ലെങ്കിലടിയ്ക്കുമെന്നൊരു ഭാവവും
വീണയങ്ങരികത്തു വെച്ചു പഠിപ്പുമൊട്ടുനടിക്കയും
കാണിനേരമിളയ്ക്കിലഗ്ഗുരു താഡനങ്ങൾ കൊടുക്കയും
ഇങ്ങിനേയൊരു ശിഷ്യരും ഗുരുവും പെരുത്തൊരു
[കൈതവാ-
ലങ്ങവാണു പുരത്രയം സ്വരൂപിക്കമോൽത്തറമണ്ഡപേ
മൂന്നുലോകമുടൻമുടിച്ചു നടക്കുമപ്പുരദൈത്യരും
മൂന്നുപേരുമൊരായിരം വരിഷം തികഞ്ഞ ദശാന്തരേ
പോന്നുവന്നു ജവേനബോധിമരത്തറയ്ക്കലൊരിക്കലേ
നിന്നുകൊണ്ടഥ തമ്മിൽനോക്കി[redacted]ച്ചുകൊണ്ടവർ
[ചൊല്ലിനാർ:
"നോക്കെടൊ ഒരു മൂപ്പരിന്നിഹ വന്നുകൂടിയതാരെടോ!
നീക്കമില്ലൊരു ശാസ്ത്രിയായതു പിന്നെ നല്ലൊരു ശിഷ്യനും
ബൌദ്ധനെന്നിഹ തോന്നുമാകൃതികാൺകിൽ പുനരെ
[ത്രയും
വൃദ്ധനത്ര നടന്നുവന്നതുമോർക്കിലെത്രയുമത്ഭുതം!"
ഇത്ഥമങ്ങു പറഞ്ഞുകൊണ്ടരികത്തു ചെന്നു പുരത്രയം
വൃദ്ധതാപസബൌദ്ധനോടുരചെയ്തു കൈതവകോവിദം
"ഗ്രന്ഥിയായ ഭവാനുടേ കുലമേതെടോ ഗൃഹമേതെടോ?
ബന്ധമെന്തിഹ വന്നിരിപ്പതിനെന്തുപേരു തനിക്കെടോ?
ഗ്രന്ഥമെന്തു പുരാണമോ, അഥ, കാവ്യമോ ബത ശാസ്ത്ര
[മോ?
സിന്ധുപോലെ പെരുത്ത വിദ്യയിലേതിലിങ്ങു പരിശ്രമം?
താരകാത്മജവാക്കുകേട്ടു മുകുന്ദനൊന്നരുളീടിനാൻ:—
"വീരരാകിയ നിങ്ങൾ മൂവരുമത്രവന്നു വസിക്കെടോ
സാരമാകിയ ബൌദ്ധശാസ്ത്രമിതെത്രയും പുനരുത്തമം
നേരുതന്നെ നിനയ്ക്കിലിന്നിതുകൊണ്ടുവേണമശേഷവും
സാരബുദ്ധി തരിമ്പുമില്ലിഹ നിങ്ങൾക്കു മൂന്നുജനത്തിനും
ആരുചൊല്ലിയതിപ്രകാരമൊരാദ്ധ്യമുദ്ര തുടങ്ങുവാൻ?
ചാരമിങ്ങിനെ നല്ലമേനിയിലാശു പൂശിയതെന്തെടോ?

ചേരുമെന്നു പറഞ്ഞതാരിവ, നീരസങ്ങൾ തുടങ്ങൊലാ
പുസ്തകങ്ങളിലൊന്നിലും പുനരിത്തരം വിധിയില്ലെടോ
വസ്തുബോധവുമില്ല നിങ്ങടെ നാട്ടിലെങ്ങുമിതെന്തെടോ?
വിസ്തരിച്ചു പറഞ്ഞുകേൾക്കണമെങ്കിലിന്നു മഹോ
[ത്സവം
പുസ്തകങ്ങളിലുള്ളതൊക്കെ മനസ്സിലുണ്ടു നമുക്കെടോ
കാമവും പുനരർത്ഥവും പുരുഷാർത്ഥമിങ്ങനെ രണ്ടെടോ
ഭൂമി വെള്ളവുമഗ്നിവായുവുമെന്നു നാലിഹ ഭൂതവും
മോക്ഷമെന്നൊരു വസ്തുവില്ലതിനൊരു സാക്ഷിയതോക്കണം
കാൽക്ഷണം കളയാതെ നല്ല സുഖങ്ങളൊക്കെ വരുത്തണം
ഉള്ളുകാട്ടിഞെളിഞ്ഞിരുന്നു തപസ്സുചെയ്തു വിശന്നു താ-
നുള്ളകാലമൊടുക്കുവാൻ വിടുഭോഷനെന്നിയെ തോന്നുമോ?
വെള്ളവെററില ജാതിപത്രിക പാക്കു തുക്കുപുകേലയും
ഉള്ളനാളിലിളയ്ക്കൊലാ ചിതമല്ലിതെന്നു നിനയ്ക്കൊലാ
ശങ്കവേണ്ട മനക്കുരുന്നിലൊരിക്കലും പുരവീരരേ!
ശങ്കരപ്രിയമെന്നു ചൊല്ലി നിനച്ചു ശിങ്കുകളിക്കൊലാ
എങ്കിലൊന്നു ധരിക്കണം ശിവനെന്നൊരീശ്വരനില്ലെടോ
എങ്കൽനിന്നു ധരിച്ചുകൊൾക സമസ്തശാസ്ത്രവുമിപ്പൊഴേ.
അമ്പിളിക്കലചൂടുവോൻ മലരമ്പനെക്കൊലചെയ്തവൻ
തുമ്പമാലയണിഞ്ഞവൻ പല പാമ്പുകൊണ്ടു ചമഞ്ഞവൻ
ഇത്തരം പലരും പറഞ്ഞതു ഭോഷ്ക്കുതന്നെയതിന്നു ഞാ-
നുത്തരം പറയുന്നനേരമൊരുത്തനങ്ങുരിയാടുമോ?"

മാധവൻെറ വചനങ്ങൾ കേട്ടനേരം ത്രിപുരന്മാർ
ക്രോധമോടെ കണ്ണുരുട്ടി മിഴിച്ചുനിന്നുരചെയ്തു:—
"സാധുവായ ഭഗവാനെ ദൂഷിക്കുന്നതെന്തെടാ മൂഢ?
ബോധിവൃക്ഷത്തറമേൽനിന്നിറങ്ങിപ്പോക വൈകാതെ
വൃദ്ധനായ ബൌദ്ധനേതും ശുദ്ധിയില്ലാ ബുദ്ധിയില്ലാ
മുഗ്ദ്ധചന്ദ്രചൂഡനെക്കൊണ്ടബദ്ധങ്ങൾ പറഞ്ഞെന്നാൽ
ഭക്തരായ ഞങ്ങൾ കേട്ടാൽ ക്ഷമിക്കില്ലെന്നറിഞ്ഞാലും
ഭുക്തിമുക്തിപ്രദൻ സാക്ഷാൽ ജഗന്നാഥൻ മഹാദേവൻ

ശങ്കരൻ പാർവ്വതീകാന്തൻ കാമവൈരി കാലകാലൻ
തിങ്കൾമൌലി കാളകണ്ഠൻ ഞങ്ങടേ തമ്പുരാനല്ലോ
ദോഷവാക്കുപറഞ്ഞെന്നാൽ നാക്കുഖണ്ഡിച്ചുപോമിപ്പോൾ
ഭോഷനായ മൂത്തബൌദ്ധാ! നടക്ക ശിഷ്യനും താനും
ദോഷവാക്കുപറഞ്ഞാലും നിനച്ചാലും ശ്രവിച്ചാലും
ദോഷമുണ്ടെന്നറിക നീ മൂഢനേതും ബോധമില്ല.
പത്തുനൂറുവയസ്സായിട്ടൊരുവസ്തു തിരിയാത്ത
മുത്തമാപ്പിളയ്ക്കു ചാവാൻ മസ്സില്ലാത്തെത്ര കഷ്ടം!
കൃത്തിവാസസ്സിനെക്കൊണ്ടു ദൂഷിച്ചെന്നാലിന്നുതന്നെ
മൃത്യു നിങ്ങൾക്കിരുവൎക്കുമെടുത്തു സംശയമില്ല."

ഇപ്രകാരം കയൎക്കുന്ന പുരന്മാരോടരുൾചെയ്തു
സുപ്രസന്നാനനൻ ദേവൻ മുകുന്ദൻ മന്ദമീവണ്ണം:
"മൂപ്പുരന്മാൎക്കിതുകേട്ടാലെന്തുബന്ധം മനക്കാമ്പിൽ
അപ്രിയം സംഭവിപ്പാനെന്തിതു ചൊല്ലാം പരമാർത്ഥം
ഗാത്രവും ശ്രോത്രവും പിന്നെ നേത്രവും ജിഹ്വയും [ഘ്രാണം
പാൎത്തുകണ്ടാലിവയഞ്ചുമിന്ദ്രിയങ്ങളറിഞ്ഞാലും
അഞ്ചുകൊണ്ടും ശിവനുണ്ടെന്നറിവാനിന്നെളുതല്ലാ
പഞ്ചഭൂതാത്മകമായ ദേഹവും ദേഹിയുമില്ലാ
കുതിരയ്ക്കു രണ്ടുകൊമ്പുണ്ടെന്നൊരുത്തൻ പറഞ്ഞെന്നാൽ
അതുതന്നെ വിശ്വസിച്ചാൽ കണക്കുണ്ടോ പുരന്മാരെ?
മതികൊണ്ടു വിചാരിച്ചു ത്യജിച്ചാലും മോഹമെല്ലാം
ചത്തവൻെറ പ്രസാദത്തെ വരുത്താമെന്നു ചൊല്ലീട്ടു്
ചാത്തമൂട്ടുന്നതും പിന്നെ പാഴിലെന്നു ധരിച്ചാലും
കൊറെറാരുത്തൻ വഴിപോലെ കഴിച്ചെന്നാലതുകൊണ്ടു്
മറെറാരു മാനുഷൻ തൻെറ വിശപ്പുതീരുമാറുണ്ടോ?
കാററുതട്ടി വിളക്കണ്ടു കെട്ടുപോയാലതിൽ പിന്നെ
ആററലോടെ വെളിച്ചെണ്ണ പകൎന്നാൽ കത്തുമാറുണ്ടോ?
ജീവനോടെ വസിക്കുന്ന കാലമെല്ലാം ഭവിച്ചീടും
കേവലം മാനുഷന്മാൎക്കു ദുഷ്കൃതവും സുകൃതവും

ജീവനാശം വന്നുപോയാലൊരുവസ്തു പിന്നെയില്ലാ
ദേവലോകപ്രാപ്തിയെന്നു പറയുന്നു ഭോഷ്ക്കതന്നെ
പട്ടിപോലെ വിശന്നോരോ കോട്ടിലെല്ലാം നടന്നല്പം
കിട്ടിയ തണ്ഡുലംകൊണ്ടു വീട്ടിൽ വന്നങ്ങൊരു നേരം
പൊട്ടിയോരുകലം തന്നിലിട്ടു വെള്ളം പകന്നേവം
ഒട്ടുവെന്താൽ വാങ്ങിവെച്ചു ചുട്ട കഞ്ഞി കുടിച്ചിട്ടു്
കുട്ടികൾക്ക കൊട്ടത്തേതും കൂട്ടുവാനില്ലായ്ക മൂലം
പട്ടിണിപ്രായമായുള്ള കഷ്ടകർമ്മമനുഭവി-
ച്ചൊട്ടുകാലം ദുരിതത്തിൻ പാട്ടിലാകും മനുജൻെറ
ക്ലിഷ്ടമാകുമിഹലോകചേഷ്ടിതങ്ങൾ കണ്ടുകൊൾവിൻ.
അത്രയുമല്ലിനിച്ചൊല്ലാം ചിത്രമായ വിശേഷങ്ങൾ
മാത്രമൈശ്വര്യമുണ്ടെന്നാൽ ധാത്രിയിലീശ്വരൻ തന്നേ
സൂര്യനെന്നിയേ മററു ദൈവമില്ലാ നമുക്കിപ്പോൾ
കാര്യം ഞാൻ പറയുന്നോൻ നേരുകേടെന്നു തോന്നേണ്ടാ
ആര്യസ്വാമിയായുള്ള ചാർവ്വാകഭഗവാൻെറ
സാരമാം മതംതന്നെ ഹിതമെന്നു ധരിച്ചാലും
കാണുന്ന വസ്തുവെല്ലാം പരമാർത്ഥം ജഗത്തിങ്കൽ
കാണാത്ത വസ്തുവെല്ലാം ഭോഷ്ക്കതന്നെ പുരന്മാരേ !
വേണം സ്വർഗ്ഗമെന്നെല്ലാം നിരൂപിച്ചു തപംചെയ്താ-
ലൂണും നാസ്തിയാമല്ലാതൊരു വസ്തു വരത്തില്ലാ.
നോററുംകൊണ്ടൊരു കൂട്ടം താപസന്മാർ വനന്തോറും
കാററുംകൊണ്ടിരിക്കുന്നു കൊററിനില്ലായ്കകൊണ്ടത്രേ !
മാററികൾക്കിന്നിതല്ലാതെ ചെററുമററുംഫലമില്ലാ
കൂററുകാരുമവക്കില്ലാ ദുരിതം കണ്ടുംകൊണ്ടാലും !
മോഹങ്ങൾ തുടങ്ങാതെ ദേഹങ്ങൾ ഭരിക്കേണം
ദേഹങ്ങൾ നശിക്കുമ്പോൾ ദേഹിക്കും കൂടെ നാശം
ആഹാരം കഴിച്ചുകൊണ്ടാഹായെന്നിരിക്കേണം
സ്നേഹിക്കും ജനങ്ങളിൽ സ്നേഹവും ഭവിക്കേണം
ശിവനെന്നും വിഷ്ണുവെന്നുമിവ ചിന്തിച്ചിരുന്നെന്നാൽ
അവരെക്കൊണ്ടൊരു കാര്യം ഭുവനവാസികൾക്കില്ല.

കയ്യിൽപ്പുണ്ണിനുപിന്നെ കണ്ണാടി കൂടെവേണോ ?
കയ്യിൽ ഗ്രന്ഥമുണ്ടല്ലോ, പഠിപ്പിക്കാം വേണമെങ്കിൽ
അയ്യോ! നിങ്ങടെ ജന്മം പാഴിലായെന്നാതേ വേണ്ടൂ.
പൊയ്യല്ലേ പറയുന്നു സാരബോധം ചെററുമില്ലാ"
ഈവണ്ണം പല വാക്കു് കേട്ടപ്പോൾ പുരന്മാൎക്കു
ദൈവമില്ലെന്നു കിഞ്ചിൽ ബോധം വന്നുൽഭവിച്ചു.
ദേവൻെറ കപടങ്ങളേവം മാനസതാരിൽ
മൂവൎക്കും ദൃഢമായ ഭാവത്തെ മറിക്കുന്നു.
നീചന്മാരതുനേരമെഴുന്നേററു വഴിപോലെ
ആചാരം ചെയ്തുനിന്നു ത്രിപുരന്മാർ ഭക്തിയോടെ
"ശാസ്ത്രങ്ങളടിയങ്ങൾക്കത്രമാത്രം ഗ്രഹിക്കേണം
ശാസ്ത്രിയാം ഭവാൻതന്നെ ഗുരുഭൂതനിനിമേലിൽ
താരകൻെറ തനയന്മാരിപ്രകാരമുണത്തിച്ചു
ട്ടരെനിന്നു കരംകൂപ്പി ശിഷ്യഭാവം നടിച്ചപ്പോൾ
നാരദൻെറ കരത്തിന്നാ ഗ്രന്ഥമമ്പോടു മേടിച്ചു
താരകാക്ഷനുടെ കയ്യിൽ കൊടുത്തു ബുദ്ധയോഗീന്ദ്രൻ
പുരന്മാൎക്കു മനക്കാമ്പിൽ ബോധമുണ്ടാക്കുവാനുള്ള
പരീക്ഷക്കായതുനേരമരുൾചെയ്തു പത്മനാഭൻ
"പുരന്മാരെ കണ്ടുകൊൾവിൻ നമ്മുടെ ശാസ്ത്രമാഹാത്മ്യം
പരമാൎത്ഥം കണ്ടതെല്ലാമസത്യം കാണാത്തതെല്ലാം
ഇല്ലെന്നു ഞാൻ പറഞ്ഞാലില്ലെന്നു വരുംതാനും
ഉണ്ടെന്നു ഞാൻ പറഞ്ഞാലുണ്ടെന്നു വരുംതാനും
കണ്ടാലുമെന്നരുളീ തണ്ടാർമാനിനീകാന്തൻ
കിണ്ടിതന്നിലേ വെള്ളം കൊണ്ടങ്ങു തളിച്ചപ്പോൾ
പണ്ടേയുള്ളരയാലും ഭസ്മമായ് ചമഞ്ഞങ്ങു
കണ്ടപ്പോൾ പുരന്മാൎക്കു് വിസ്മയം പാരമുണ്ടായി
ഉണ്ടെന്നങ്ങരുൾ ചെയ്തു പിന്നെ വെള്ളം തളിച്ചപ്പോൾ
കണ്ടു വന്മരമായോരരയാലും വന്നുപൊങ്ങിയെന്നല്ലാ
നീചരാകും ത്രിപുരന്മാൎക്കുറച്ചു സത്യമെന്നല്ലും
സാരമായ ബൌദ്ധശാസ്ത്രം പഠിപ്പാനങ്ങൊരുമ്പെട്ടു

നാരദമാമുനിശ്രേഷ്ഠനന്വേഷണിക്കം പുറപ്പെട്ടു
സ്വൈരമോടെ വീണ തോളിൽധരിച്ചു പൊൻപുരം
[പുക്കാൻ.

കോട്ടമാളിക മേലിരുന്നൊരു കൂട്ടമസുരവധൂജനം
പാട്ടുപാടി രസിക്കുമത്തൊഴിൽ കേട്ടു മുനിവരനാദരാൽ
കൂട്ടി വീണ പതുക്കെയങ്ങിനെ മീട്ടി മലഹരി തോടിയും
കൂട്ടി വായനയും തുടങ്ങിയടുത്തു ചെന്നരുളീടിനാൻ:—
“ധർമ്മപത്നികളായ നിങ്ങടെ കർമ്മദോഷമിതെന്തുവാൻ
ചർമ്മമൊക്കെ വെടിഞ്ഞു നല്ലൊരു ശർമ്മബുദ്ധി തുടങ്ങുവിൻ
താരകാക്ഷനിതെത്ര കണ്ടകനാരു ചേരുമവന്നഹോ!
നീരസൻ വികൃതൻ വിലക്ഷണനേതുമേ തിരിയാത്തവൻ
സരസിജാക്ഷികളായ നിങ്ങടെ കാലദോഷമിതെത്രയും”
നല്ലകൗശലത്തോടേ നാരദന്റെ വചനങ്ങ-
ളെല്ലാം കേട്ടതു നേരം കാര്യമെന്നു ബോധിച്ചു
തെല്ലും സംശയം കൂടാതസുരനാരിമാരെല്ലാം
വല്ലാതങ്ങിനെയാക്കിച്ചമച്ചു നാരദൻ പിന്നെ
മെല്ലേ വീണയുമായി വെള്ളിഗേഹമകം പുക്കു
വെള്ളിക്കോട്ടയിലുള്ള നാരിമാർക്കുമതുപോലെ
കള്ളങ്ങൾ പഠിപ്പിച്ചങ്ങിരിമ്പുമന്ദിരം പുക്ക്
വിദ്യുന്മാലിയെന്നുള്ള വിദ്വാന്റെ ഭാര്യമാരേ
അദ്രിക്കിലുള്ളവർകൾക്കൊത്തവണ്ണമാക്കിവെച്ചു.
മുപ്പുരന്മാരതുനേരം ബൌദ്ധശാസ്ത്രങ്ങളെയെല്ലാം
അല്പകാലം കൊണ്ടശേഷം പഠിച്ചു ദക്ഷിണചെയ്തു
കെല്പിനോടെ ശിവനില്ലാ ശിവനില്ലെന്നൊരുപോലെ
എപ്പൊഴും നിന്നുരചെയ്തു ശിവലിംഗമുപേക്ഷിച്ചു
നല്ല രുദ്രാക്ഷവും പിന്നെക്കല്ലുകൊണ്ടു പൊടിച്ചാശു
വല്ലഭന്മാർ പുലിത്തോലും കീറി ദൂരത്തുപേക്ഷിച്ചു
ഉത്തമാംഗേ വിളങ്ങുന്ന ജടാഭാരങ്ങളെയെല്ലാം
കത്തിയമ്പുകൊണ്ടശേഷം ചിരച്ചു ദുഷ്ടരന്നേരം
മേനിതന്നിലണിഞ്ഞോരു ചാരമെല്ലാം തുത്തുവാരി

സ്നാനവും ചെയ്തോരുപോലെ മൂന്നുപേരും വന്നിരുന്നു.
മാനമേറും ദനുജന്മാർ മോടികൂട്ടി വഴിപോലെ
മാനിനിമാരോടുകൂടിക്കോട്ടപുക്കു സമർത്ഥന്മാർ.
കച്ചമുണ്ടു ഞെറിഞ്ഞുടുത്തു
ചേർച്ചയുണ്ടതിനെന്നുരത്തു
പച്ചമുക്കിന കച്ചകൊണ്ടതി മെച്ചമാകിയ മട്ടുടുത്തു
കൂട്ടുകറികളരച്ചണിഞ്ഞു
നാട്ടുപുഴുവുമെടുത്തണിഞ്ഞു
പട്ടുപുട്ടുവകളോടു പലവക കെട്ടിയങ്ങൊരുവിധമണിഞ്ഞു
ചന്ദ്രകാവി വളച്ചുകെട്ടി
ചന്ദ്രകാന്തികളേററു തട്ടി
ചന്ദനാം പുനരിന്ദു ചൂർണ്ണവുമെന്ന വേണ്ടവിധങ്ങൾ കൂട്ടി
വീണവായനയും തുടങ്ങി
വേണു വാദനവും തുടങ്ങി
നാണമങ്ങൊരു കോണിലാക്കളെവ്വാണിമാക്കു പതുക്കെ മണ്ടി
ഹന്ത കഷ്ടമിതൊക്കെയൊന്നു മറിഞ്ഞു തീർന്ന [ദശാന്തരേ
മുല്ലമാല സുഗന്ധപുഷ്പമെനിക്കെനിക്കു ധരിക്കണം
നല്ല മദ്യനിഷേവണങ്ങളെനിക്കെനിക്കു തുടങ്ങണം
വല്ല വസ്തുവുമാഗ്രഹിച്ചതെനിക്കെനിക്കു വരുത്തണം
ഈ വിധങ്ങൾ നടിച്ചുംകൊണ്ടസുരന്മാർ മൂന്നുപേരും
ശൈവനാമം മറന്നോർത്തു മദിച്ചാരെന്നതേ വേണ്ടു .
ദേവദേവൻ പത്മനാഭൻ മറഞ്ഞു മെല്ലവേ ചെന്നു
ദേവവൃന്ദങ്ങളിൽകൂടി തപംചെയ്തു വാണരുളി.
ഏഷണിക്കാരനായുള്ള മുനിശ്രേഷ്ഠൻ പുറപ്പെട്ടു
ഭീഷണികളിവയെല്ലാം ശംഭുതന്നോടറിയിപ്പാൻ
ഭോഷരായ ത്രിപ്പുരന്മാക്കടുത്തു നാശമെന്നോർത്തു
തോഷമോടങ്ങു കൈലാസപർവ്വതത്തിൻമുകളേറി
തുമ്പയും ചാമ്പലും പാമ്പും അമ്പിളി ഗംഗയും ചൂടും
തമ്പുരാന്റെ പുരംതന്നിലിമ്പമോടെ ചെന്നു കേറി

നിന്നനേരം ചന്ദ്രചൂഡൻ മന്ദമൊന്നങ്ങരുൾചെയ്തു:—
"വന്നിതോ താപസശ്രേഷ്ഠൻ നന്നു വന്നിങ്ങിരുന്നാലും
ഇന്നെനിക്കു വിനോദങ്ങളൊന്നുമില്ലാഞ്ഞിരിക്കുന്നു
വന്നകാര്യം പറഞ്ഞാലും നിന്നു കാലും കഴയ്യേണ്ട
എന്നുടെ മുമ്പിലാമ്മാറങ്ങിരുന്നാലും വഴിപോലെ
നിന്നുടെ വാക്കുകൾ കേൾപ്പാൻ പാർവ്വതിക്കാഗ്രഹംപാരം
ഒന്നു നമ്മോടറിയിപ്പാൻ വന്നുവെന്നിങ്ങു തോന്നുന്നു
ഒന്നുകൂടാതൊരിക്കലും കാണുമാറില്ലെടോ തന്നെ"
എന്നിതെല്ലാമരുളപ്പാടങ്ങു കേട്ടു മുനിശ്രേഷ്ഠൻ
വന്ദനംചെയ്തുകൊണ്ടേവമുണർത്തിച്ചു വാർത്തയെല്ലാം :—
" ചന്ദ്രചൂഡാ ഭഗവാനെ ! വന്നകാര്യമുണർത്തിക്കാം
ചന്ദനമെന്നോർത്ത വൃക്ഷം കാഞ്ഞിരമായ്‌വന്നതിപ്പോൾ
മാലയെന്നു നിനച്ചേവം വിശ്വസിച്ച വസ്തുവെല്ലാം
കാലസർപ്പങ്ങളുമായി കാലദോഷത്തിന്റെ മൂലം
ഇത്രനാളും ഭക്തരായി നടന്നോരു ത്രിപുരന്മാർ
എത്രതന്നെ ഭഗവാനെ ദൂഷിക്കുന്നു കശ്മലന്മാർ !
അക്ഷസൂത്രം ശിവലിംഗം വ്യാഘ്രചർമ്മം ജടാഭാരം
രക്ഷയും തൽക്ഷണം ദൂരത്തുപേക്ഷിച്ചു കശ്മ[ലന്മാർ !
ശിവനെന്നുള്ളനാമത്തെ കേട്ടുകൂടാതൊരിക്കലും
ശിവനില്ലാ ശിവനില്ലെന്നോർത്തുപോലെ ജപിക്കുന്നു.
ഒരുകൂട്ടം ബൌദ്ധശാസ്ത്രമുളവാക്കി വഴിപോലെ
ഗുരുവായിട്ടൊരുവിദ്വാൻ വന്നിരുന്നു പഠിപ്പിച്ചു
പരമാത്ഥമിവയെല്ലാമുറച്ചു കാമലോഭത്തി-
നൊരുമ്പെട്ട ത്രിപുരന്മാർ മറന്നു നിൻ ചരിതങ്ങൾ
ദുഷ്ടതയ്ക്കു വിരുതുള്ള ത്രിപുരന്മാരുടെ കൂട്ടം
കഷ്ടമെന്നേ പറയാവൂ കാലകാലാ ! ഭഗവാനെ!"
നാരദന്റെ വചനങ്ങൾ കേട്ടനേരം ഘോരഘോരം
മാരഹന്താവുടെ ഭാവം പകർന്നു കാണായി വന്നു.

"വികടനിടിലതടത്തിലേററം
ഭ്രുകുടി വടിവിലുയൎന്നുവന്നു
ചടുലമുടലുമുടൻ വളൎന്നു
ഝടുതി നയനമുടൻ ചുവന്നു
ശിരസി സുരനദിതന്നിലേന്തും
തിരകളിളകിമറിഞ്ഞുലഞ്ഞു
കടകഭുജഗമുണൎന്നിരുന്നു
കഠിനവിഷനികരം ചൊരിഞ്ഞു
ജടകളഖിലമഴിഞ്ഞുലഞ്ഞു
കുടിലഫണിപടലം വിളങ്ങി
തരളനിടിലവിലോചനാന്തേ
പരിചിലനലകണം ജ്വലിച്ചു
തുടകളിടയുമുടൻ കുലുങ്ങി
തുടിയിൽ ഗിരിമകളും നടുങ്ങി."

അന്തകാന്തകനാകുമീശ്വരനന്ധകാസുരനാശനൻ
അന്ധരാമസുരത്രയത്തെയെരിച്ചു ഭസ്മമതാക്കുവാൻ
ചിന്തതന്നിലുറച്ചുകൊണ്ടു കഠോരമായ കുഠാരവും
ചന്തമേറിന ശൂലവും കരതാരിലാക്കി മഹേശ്വരൻ
സിന്ധുമൌലിഭുജംഗഭൂഷണനെത്രയും ബഹുതേജസാ
ശങ്കരൻെറ രൂപഭേദപ്രൌഢി കണ്ടു ഭൂതവൃന്ദം
സംഭ്രമിച്ചു സൎവ്വരുമങ്ങൊത്തു കൂടിയതുനേരം
ഭൃംഗിരടീ തുംഗകേതു ഭൃഗവും ഭീഗ്രവും പിന്നെ
ക്രൂശ്മവൎണ്ണൻ ലോകകൎണ്ണൻ ജംബുകീടൻ വ്യാഘ്രകേശി
വീരനാകും വീരഭദ്രൻ വീരസിംഹോദരൻതാനും
അരിതാരമരച്ചാത്തു മുഖത്തുതേച്ചൊരു കൂട്ടം
അരികൊണ്ടും കരികൊണ്ടും വരച്ചുംകൊണ്ടൊരുകൂട്ടം
മരത്തിൻെറ തോലുകൊണ്ടങ്ങുടുത്തുംകൊണ്ടൊരുകൂട്ടം
നൂറും മഞ്ഞളും കൂട്ടിയണിഞ്ഞുംകൊണ്ടൊരുകൂട്ടം
ആറുമധ്വചത്തും കൂടെ കെട്ടുപെട്ടങ്ങൊരുകൂട്ടം
ഇത്തരം പലവേഷമങ്ങു ചമഞ്ഞുഭൂതഗണങ്ങളും

സത്വരം പല വാക്കുതമ്മിലുരത്തുകൊണ്ടു രസിക്കയും
"ഏതൊരുത്തനൊടിന്നു നമ്മുടെ തമ്പുരാൻ പടകൂട്ടുവാൻ
ചേതസാ കലഹിപ്പതിന്നെഴനേററു കാരണമെന്തെടോ?
കേട്ടുഞാനുമതിൻെറ സംഗതി കൂട്ടരാമസുരത്രയം
പാട്ടുപാടി ജഗത്രയേ ശിവനില്ലയെന്നു നടന്നുപോൽ
നാട്ടുപാഴരെയിന്നുതന്നെയടിച്ചു കൊല്ലണമൊക്കവേ
കൂട്ടുകാരുടെ കൂട്ടവും പല കൂട്ടമങ്ങുനശിക്കണം.
ഞാനൊരുത്തനടുത്തുചെന്നു പിടിച്ചുകെട്ടി വരിഞ്ഞഹോ
മാനഹാനി വരുത്തിയങ്ങു വരുത്തുവൻ പുരവീരരെ"
താനതിന്നു പുറപ്പെടേണ്ട തനിക്കതിന്നെളുതല്ലെടോ
ദാനവത്രയമത്ര ദുർബലമല്ല കില്ലതിനില്ലെടൊ
ഇന്നു മറെറാരു ശത്രു വന്നു പിണങ്ങുമോ ശിവനോടഹോ!
ഇന്ദുശേഖരനോട്ടു കേറിയെതൃത്തതേതൊരു യേഷ്ടിയാൻ
ഇന്നു നമ്മുടെ നാരദൻമുനി വന്നനേരമറിഞ്ഞുതേ
ഇന്നു നല്ലൊരു യുദ്ധമിങ്ങിനി വന്നുകൂടിടുമെന്നതും"
കാളികൂളികളിത്തരം പലവാക്കുതമ്മിലുരത്തുടൻ
മേളമേറിന വെള്ളിമാമല തള്ളിയുന്തി നടക്കയും
ഭദ്രകാളി കളിച്ചുകൊണ്ടുടനദ്രിതന്നിൽ നടക്കയും
രൌദ്രകോപമടുത്തു ചെന്നഥ രുദ്രനോടിടകൂടിയും
കച്ചകെട്ടി മുറുക്കി നല്ലൊരു വാല്യമിട്ടൊരു സുന്ദരൻ
മെച്ചമേറിന ഭൂതനാഥനുമശ്വമേറിനടക്കയും
മൂഷികൻെറ ഗളത്തിലേറിന വിഘ്നരാജനുമങ്ങിനെ
വേഷഭീഷണനങ്ങു ഘോഷിതഭാഷണത്തൊടടുക്കയും.

ഇത്ഥമോരോ മഹാഘോഷത്തോടുകൂടെപ്പുറപ്പെട്ടു
കൃത്തിവാസാ മഹാദേവൻ ചിത്തകോപം സഹിയാഞ്ഞു
വെട്ടിവെട്ടിച്ചിരിക്കുമ്പോളെട്ടുദിക്കും നടുങ്ങുന്നു
തട്ടിമുട്ടിത്തകൎക്കുന്നു ഭൂതജാലങ്ങളന്നേരം
കാലുകൊണ്ടു മഹാരുദ്രൻ നാലുഭാഗേ ചവിട്ടുമ്പോൾ
ശൈലമെല്ലാം വിറയ്ക്കുന്നു നാലുപാടും നടുങ്ങുന്നു
ശൈലഭാഗേ തപം ചെയ്യും വാനവന്മാരുടെ മുമ്പിൽ

ചാലവേയങ്ങെഴുന്നള്ളി പ്രകാശിച്ചു നിന്നരുളി:—
"ദേവകളും മുനിമാരും മുകുന്ദനുമിന്നിവിടെ
സേവചെയ്‌വാനവകാശം പറഞ്ഞാലും വഴിപോലെ"
ശങ്കരന്റെയരുളപ്പാടതുകേട്ടു ദേവകളും
തിങ്കൾമൌലി ചന്ദ്രചൂഡൻ തന്നെ നോക്കിസ്തുതിചെ
[യ്താർ

"ശങ്കരായ, ശിവശങ്കരായ, നിരഞ്ജനായ, നമോസ്തുതേ
പങ്കജായുധഭഞ്ജനായ, നിരഞ്ജനായ, നമോസ്തുതേ;
ചന്ദ്രചൂഡ നമോസ്തുതേ, ഹര! ഗൌരീനാഥ! നമോസ്തുതേ,
ബാലചന്ദ്രവിഭൂഷണ! ഹര! നീലകണ്ഠ! നമോസ്തുതേ,
ഫാലലോലകൃശാനുരൂപവിലോചനായ, നമോസ്തുതേ,
ലോകനാഥ! നമോസ്തുതേ, നിഖിലേശ! കാമവിനാശന!
കാലകാല! നമോസ്തുതേ, കരുണാനിധേ! ശരണം ഭവാൻ

"അടിയങ്ങടെ നാടുകൾ വീടുകളും
മുടിയുന്നിതു പോററി! ധരിക്കേണമേ
പാട്ടുപാഴരനേകമൊരായിരവും
പടനായകരും പട്ടദാനവരും
ഉടനേ പുരദാനവകണ്ടകരും
വടിവോടു മുടിച്ചു ജഗത്തഖിലം
അവരോടു പടയ്ക്കിഹ നേരിടുവാൻ
ഭുവനത്തിലൊരുത്തനുമില്ല ദൃഢം
അവനത്തിലൊരിത്തിരിയില്ല,ഭവാൻ
ഇവയൊക്കെയറിഞ്ഞു തുണയ്ക്കണമേ.
മറിമാൻമഴു ശൂലകടുന്തുടിയും
മണിവട്ടകമാല കപാലമതും
ജടയും മുടിയിൽ സുരവാഹിനിയും
തുടയിൽ ഗിരിതന്നുടെ കന്യകയും
നടനങ്ങളുമെന്നിവ നിൻചരിതം
അടിയങ്ങടെ ചേതസി തോന്നണമേ.
പടതോററു മടങ്ങി ജഗത്തഖിലം

തടവില്ലൊരു ദിക്കിലവക്ക് വിഭോ!
"മുക്കണ്ണ ഭഗവാനേ! മൂർഖന്മാരസുരന്മാ-
രൊക്കത്തെക്കവേ മൂന്നേമുക്കാൽ നാഴികകൊണ്ടു
ചിക്കെന്നു വധിച്ചെന്നാലക്കാലം നാശമെന്നു
തൃക്കയ്യാൽ വരമേകി പാക്കുന്നു വിരിഞ്ചനും
ഇക്കാലമതിനുള്ള തക്കവുമുളവായി
ധിക്കാരികളായുള്ള മൂർഖന്മാരസുരരേ
തീക്കണ്ണിലെരിപ്പാനായ് തിരുവുള്ളം ഭവിക്കേണം
ഇത്ഥമോരോ സ്തുതിവാക്യം കേട്ടുകേട്ടു പ്രസാദിച്ചു
കൃത്തിവാസാ മഹാദേവൻ സത്വരമൊന്നരുൾചെയ്തു!
"ദുഷ്ടരാകുമസുരരേയിപ്പോഴേഞാൻഹനിച്ചീടാം
ഒട്ടുമേനിങ്ങടെയുള്ളിലാധിയും വ്യാധിയും വേണ്ടാ.
വില്ലും ബാണവും നാസ്തി വിദഗ്ദ്ധൻസൂതനുംനാസ്തി
ഇല്ലല്ലോ കുതിരകൾ നല്ലൊരു രഥമില്ല
എല്ലാമിങ്ങുളവാക്കാനെല്ലാരും ശ്രമിക്കേണം
അല്ലാതെ പുരന്മാരെക്കൊല്ലാനിങ്ങെളുതല്ലാ"
കാലകാലൻ മഹാദേവനിത്രമാത്രമുരചെയ്തു
ലീലയായി മഹാമേരു പർവ്വതത്തെപ്പിഴുതാശു
താലവൃക്ഷക്കഴപോലെ നിവിർത്തിനിർത്തിനാൻപിന്നെ
ചാലവേ തന്നിടങ്കയ്യിലാക്കിനാൻ ശ്രീമഹാദേവൻ
"താരകന്റെസുതന്മാരാം പുരന്മാരെക്കുലചെയ്‌വാൻ
ഭാസുരമാം കരന്തന്നിൽ കടകമായ്ക്കിടക്കുന്ന
വാസുകിയോടരുൾചെയ്തു ഭഗവാൻശ്രീമഹാദേവൻ:-
മേരുശൈലം ചാപമാക്കിക്കുലപ്പാനായ് തുടങ്ങുന്നു.
വീരനായവാസുകേ! നീ ചാരുഞാണായ് ചമഞ്ഞാലും
ഭൂരിദീർഘം കലർന്നോരു ശരീരത്തെ ധരിച്ചാലും"
ശങ്കരന്റെയരുളപ്പാടതുകേട്ടു സർപ്പരാജൻ
കങ്കണത്വം വെടിഞ്ഞാശു വളർന്നു കാണായിവന്നു
തങ്കശൈലാധിപൻതന്റെ ശിരസ്സിങ്കൽ കെട്ടുപെട്ടു
വൻകയറായ്നീണ്ടുനീണ്ടു നൂറുനൂറായിരക്കാതം

ഭൂമിദേവി രഥമായി വിരിഞ്ചൻ സാരഥിയായി
സോമനും സൂൎയ്യനും രണ്ടു വണ്ടിയായിച്ചേൎന്നുകൂടി
നാലുവേദങ്ങളും നാലു കുതിരകളായ് ച്ചമഞ്ഞു
മൂലമന്ത്രസ്വരൂപമാം പ്രണവം ചമ്മട്ടിയായി
ശരമായി വിഷ്ണുദേവൻ തൂവലായി വായുദേവൻ
ശരത്തിന്നു ശയിപ്പാനങ്ങനന്തൻ തൂണിയുമായി
തരത്തിൽ മൂവ്വരെക്കൊണ്ടും ശരം തീൎത്തു ശംഭുദേവൻ
സൎപ്പജാലം പലകൂടിച്ചട്ടയായി തൊപ്പിയായി.
കെല്പിനോടെ പടക്കോട്ടം കൊട്ടിനാൻ നന്ദികേശ്വരൻ
മേരുശൈലം വളച്ചുപിടിച്ചു
മാരവൈരി വലിച്ചുകുലച്ചു.
അമ്പെടുത്തു തൊടുത്തുനിറച്ചു
അമ്പിളിക്കല നിന്നുവിറച്ചു
കമ്പമേററം ജഗത്തിന്നുറച്ചു
ചെമ്പകബാണവൈരി മദിച്ചു
ആറലച്ചു കൂറിളച്ചു, ആഹവത്തിനു മോഹമുറച്ചു
കാളകണ്ഠശരീരം വളൎന്നു
കാളിക്കൂളികളേററമിയന്നു
ആൽത്തറയ്ക്കുടുത്തു ചെന്നപ്പോൾ
ചീൎത്തവേദന ദാനവന്മാൎക്കും
ആരിതെന്നു വിചാരം തുടങ്ങി
താരകാക്ഷനു ഭീതി തുടങ്ങി.
കാമവൈരി കാലവൈരി കാലതാമസമെന്നിയേ തേടി
ശ്രീപതി ബാണമുഖത്തിങ്കൽ നിന്ന്
ദാവാനലജ്വാല കത്തിത്തുടങ്ങി
ശ്രീപരമേശ്വരൻ ത്രിനേത്രത്തിന്ന്
ഘോരമായ് ധൂമമെഴുന്നുതുടങ്ങി
ശുക്രമുനിതന്റെ ശിഷ്യരായുള്ളോരു
മുപ്പുരന്മാരും ദഹിച്ചിതപ്പോഴേ
ശംഭോ! മഹാദേവ! ശംഭോ! മഹാദേവ!
ശംഭോ! മഹാദേവ! ശങ്കര ശംഭോ!

സമാപ്തം

# ത്രിപുരദഹനം

## (പറയൻതുള്ളൽ)

---

### വ്യാഖ്യാനം

തുള്ളൽക്കഥകളെ, ഓട്ടൻ, ശീതങ്കൻ, പറയൻ ഇങ്ങനെ മൂന്നുജാതികളായി തിരിച്ചുകാണുന്നു. ഇവ തമ്മിലുള്ള വ്യത്യാസം, തുള്ളൽക്കാർ ധരിക്കേണ്ട വേഷസമ്പ്രദായത്തേയും പാട്ടുകൾ ചൊല്ലേണ്ട രീതിഭേദത്തേയും ആശ്രയിച്ചുള്ളതത്രേ. ഇവയിൽ എല്ലാററിലും ദ്രുതഗതിയിലുള്ളതു് ഓട്ടനും, അതിനേക്കാൾ പതിഞ്ഞതു ശീതങ്കനും, അതിലും ഇഴഞ്ഞമട്ടിലുള്ളതു് പറയനും ആകുന്നു. പറയനു പ്രത്യേകമായുള്ള രീതി സംസ്കൃതത്തിലെ മല്ലികാവൃത്തംതന്നെ. അതിൽ വൈചിത്ര്യം വരുത്താൻ നമ്പ്യാർ, ശീതങ്കനിലെ കൃശമദ്ധ്യ-വക്ത്ര എന്നീ ദ്രാവിഡവൃത്തങ്ങളെ സാധാരണ കലർത്തിപ്രയോഗിക്കാറുണ്ടു്. ഇതിനും പുറമേ, അപൂവ്മായ് മററു ദ്രാവിഡവൃത്തങ്ങളും ചില സംസ്കൃതവൃത്തങ്ങളും പറയനിൽ പ്രയോഗിച്ചിട്ടുള്ളതായും കാണാം. ഒന്നാംകളം ആരംഭിക്കുന്നതു് "വക്ത്ര"യെന്ന വൃത്തത്തിലാണു്. ഇതു വരിയൊന്നിൽ എട്ടക്ഷരത്തോടു കൂടിയ ഒരു സംസ്കൃതവൃത്തം (അനുഷ്ടുപ്പു) ആകുന്നു. ഈ അനുഷ്ടുപ്പിലെ രണ്ടു പാദങ്ങൾ ചേർന്നു തുള്ളലിലെ ഒരു വരിയെന്നു കണക്കാക്കണം.

L.L. 1–10. പ്രണതവത്സലൻ=ഭക്തവത്സലൻ. പ്രണവപാവനാകാരൻ=ഓങ്കാരസ്വരൂപി. പാവനം=പരിശുദ്ധം. പ്രണയപേശലൻ=സ്നേഹം കൊണ്ടു മൃദുലമായ പ്രകൃതിയോടു കൂടിയവൻ. പ്രണയദായകൻ=പ്രീതിയെ (ലോകക്കു) വരുത്തിക്കൊടുക്കുന്നവൻ. ത്രിണയന്റെ(ശിവന്റെ) ആത്മജൻ (പുത്രൻ)=ഗണപതി). തൃണീ.......ഘാതൻ=ശത്രുസംഘത്തെ തൃണവൽക്കരിച്ചവൻ നിസ്സാരമാക്കിത്തീർത്തിട്ടുള്ളവൻ) ഗണനഹീനം=ഗണിക്കാൻ പാടില്ലാത്തവണ്ണം അത്ര ധാരാളം. മലർ=പുഷ്പം.

L. L. 11–20. പഥികന്മാർ=വഴിയാത്രക്കാർ. തനിച്ച=ഏകസ്ഥരായ. പ്രീണനം=പ്രീതി. ഏണശാബമിഴി=മാൻകുട്ടിയുടെ കണ്ണുപോലെ മനോഹരമായ കണ്ണോടുകൂടിയവൾ (ബഹുവ്രീഹിസമാസം). വാണി=സരസ്വതി. ചക്രം–മണ്ഡലം.

L. L. 21_29. നാണിയം=യോഗ്യത. ശേഷശായികൃപ=ശേഷന്റെ (അനന്തന്റെ) പുറത്തു ശയിക്കുന്ന (ശായി) പത്മനാഭന്റെ കൃപ.

L. L. 30–40. അമ്പലപ്പുഴ.......കരുണാകരൻ, എന്നുള്ള വരിമുതൽ ഇവിടെ വൃത്തംമാറുന്നു. പറയൻ തുള്ളലിനു ജാതീയമായുള്ള മല്ലികയാണ് ഈ വൃത്തം. സംസ്കൃതഛന്ദോനിയമമനുസരിച്ചുള്ള ഇതിന്റെ നിയമം. "രംസജംജഭരേഫമിഗ്ഗണയോഗമത്ര്'ഹി മല്ലികാ എന്നാകുന്നു. (ര_സ-ജ-ജ_ഭ-ര_എന്നു ഗണങ്ങളായി ആകെ പതിനെട്ടക്ഷരവും ഇരുപത്തിയാറു മാത്രയും വരിയോരോന്നിലും ഉണ്ടായിരിക്കണം.) തുള്ളലിലെ ഗാനം ദ്രാവിഡരീതിക്കുള്ളതാകയാൽ മാത്രയ്ക്കുമാത്രം പ്രാധാന്യം കല്പിച്ച് ലഘുമയങ്ങളായ അക്ഷരങ്ങളേക്കൊണ്ടു് യഥേഷ്ടം 26 മാത്രകൾ കിട്ടത്തക്കവണ്ണം മല്ലികാപാദങ്ങളെ നമ്പിയാർ തുള്ളലിൽ രചിച്ചു ചേർത്തിട്ടുണ്ടു്. വമ്പനായകിരീടി.......മുടിച്ചവൻ=ഇവിടെ ഭാരതയുദ്ധത്തിൽ ശ്രീകൃഷ്ണൻ, അർജ്ജുനസാരഥിയായിരുന്ന സംഗതിയെ സൂചിപ്പിച്ചിരിക്കുന്നു. ജൃംഭണം=വർദ്ധന. ചമ്പ....നാരായണൻ=ചെമ്പകപ്പൂപോലെകോമളവും മൃദുലവുമായ ആകാരസുഷമയുള്ള ദേവനാരായണൻ (ചെമ്പകശേരിരാജാവു്) ആവലി=കൂട്ടം. (ചെമ്പകശേരി രാജാക്കന്മാരുടെ സ്ഥാനപ്പേരാണ് ദേവനാരായണൻ' എന്നതു). നൽകുലഭൂഷണൻ=ഈ രാജവംശത്തിനു അലങ്കാരമായിട്ടുള്ളവൻ. ''സകലഗുണഗണ" എന്നു തുടങ്ങുന്ന ഈ വരിമുതൽ അടുത്ത ആറു വരികളും ലഘുമയമായ മല്ലികയ്ക്കു ദൃഷ്ടാന്തമെന്നു കാണുക. ഗുണഗണനിലയൻ=അനവധി ഗുണങ്ങൾക്കിരിപ്പിടമായവൻ. ഭൂതനാഥൻ=ശിവൻ. അനാമയൻ=യാതൊരു ദുഃഖവുമില്ലാത്തവൻ.

L. L. 41_49. പടു=കാര്യക്ഷമം (സമർത്ഥം) ഹരിഹരന്റെ (ശിവന്റെ) തനയൻ–ശാസ്താവു്. ധരണി.......മണി=ധരണിസുര(ബ്രാഹ്മണ)വരന്മാർക്കു (ശ്രേഷ്ഠന്മാർക്കു) മകുടമണി (ശിരോലങ്കാരം) ആയവൻ. (ഇവിടെ ദ്രോണമ്പള്ളി ആചാര്യനെയാണ് ക

വി നിർദ്ദേശിക്കുന്നതു). പടുത=സാമർത്ഥ്യം .പരമ........സേവ=പരമഗുരുവരൻെറ (ഉത്തമനായ ശ്രേഷ്ഠഗുരുവിൻെറ) ചരണങ്ങൾ (കാലുകൾ) ആകുന്ന സരസിജങ്ങളുടെ സേവ താമരകളെ സേവിക്കയെന്നതു). (രൂപകാഭാസം) സുരദാരു=കല്പവൃക്ഷം. നന്ദികാടവിനായകൻ=നന്ദിക (നന്നി)+അടവി (കാടു)–നന്ദിക്കാട്_എന്നു പേരുള്ള ഭവനത്തിലെ നായകൻ. (നന്നിക്കാട്ടു ഉണ്ണിരവിക്കുറുപ്പിനെ, കവി ഇവിടെ നിർദ്ദേശിക്കുന്നു). കണ്ടകാപുരി=കണ്ടങ്കരി. വെള്ളിമാമല=കൈലാസം.

L L. 50_59. കാലത്തിൻ.......നിനവില്ലാ. ഈ വരികളിൽ വൃത്തം മാറുന്നു. ഇവിടെ ഓരോ വരിയിലേയും രണ്ടാമത്തെ പ്പകുതി മുൻപറഞ്ഞ വക്ത്രതന്നെ. എന്നാൽ അതിനോടു ചേർത്തിട്ടുള്ള ആദ്യത്തെ പകുതി "കൃശമദ്ധ്യ" യെന്ന ഒരു ദ്രാവിഡവൃത്തമാണ്. "അടിയൊന്നിലെഴുത്തേഴം നാലിലോ അഞ്ചിലൊ ലഘു; മററുള്ളതെല്ലാം ഗുരുവാം കൃശമദ്ധ്യാഖ്യമാമിതു" എന്നു അതിൻെറ ലക്ഷണം. ഏഴക്ഷരമുള്ള ഈ കൃശമദ്ധ്യയെ വക്ത്രത്തോടു കലർത്തി പ്രയോഗിക്ക സാധാരണയാണ്. കാലാരി=ശിവൻ അദ്ദേഹത്തിൻെറ ചരിതങ്ങൾ. ഡിംഭന്മാർ=വിഡ്ഢികൾ.

L. L. 60–69. ചണ്ഡീശൻ=ശിവൻ. അദ്ദേഹത്തിൻെറ കടാക്ഷങ്ങൾ. പട്ടാങ്ങു=സത്യം. ഒത്തീലയെന്നതിനു പകരം വൃത്തത്തിനുവേണ്ടി 'ഒത്തില' എന്നു ഹ്രസ്വമാക്കിയിരിക്കുന്നു. നിരുപിച്ചേ=നല്ലവണ്ണം ആലോചിച്ചതിൽ പിന്നീടുമാത്രമേ.

L. L.70–81. മതിയല്ല=അതിനു മതിയാകുന്നില്ലെങ്കിലും (വാദത്തിൽ ജയിക്കുന്നില്ലെങ്കിലും) വേദം=അറിവ്.

L. L. 82_90. സാക്ഷരന്മാർ....തീരും=(ഇവിടെ ദ്വയാർത്ഥപ്രയോഗംകൊണ്ടു നമ്പിയാർ ഒരു ഫലിതം വരുത്തിയിരിക്കുന്നു.) (i) അഭ്യസ്തവിദ്യരായ ജനങ്ങൾ, മറിക്കുംപോൾ (അവർക്കുള്ളവിജ്ഞാനത്തെ അവർ വേണ്ടാത്തവിധം പ്രയോഗിക്കുമ്പോൾ) അവരെല്ലാം രാക്ഷസന്മാരായിത്തീരുന്നു. (2) 'സാക്ഷരപദത്തിലെ ആദ്യത്തേയും മൂന്നാമത്തേയും അക്ഷരങ്ങൾക്കുമാത്രം സ്ഥാനം മാററം വരുത്താമെങ്കിൽ 'രാക്ഷസ' എന്നാകുമെല്ലൊ. അതാണ് 'സാക്ഷരന്മാർ' മറിക്കുക (അക്ഷരങ്ങൾക്കു പരസ്പരം സ്ഥാനമാററം വരുത്തുക) എന്നു പറഞ്ഞിരിക്കുന്നതു്. പക്ഷപാതം=പ്ര

ത്യേകമായ താൽപര്യം. അക്ഷരവിദ്യ=വിദ്യാഭ്യാസം. (ക്ഷരം (നാശം) ഇല്ലാത്ത സാക്ഷാത്തായ ജ്ഞാനമെന്നും) ധാരണ= പഠിപ്പ്. ഭാരതി—വാണി.

L. L. 91-99. പാക്കനാര്—പ്രസിദ്ധജ്യോതിശ്ശാസ്ത്രജ്ഞനായ വരരുചിയുടെ പന്ത്രണ്ടു പുത്രന്മാരിലൊരുവൻ. ബ്രാഹ്മണസ്ത്രീയെടുത്തു വളത്തിയ ഒരു പറയസ്ത്രീയായിരുന്നു വരരുചിയുടെ ഭാര്യ. വരരുചി, ഭാര്യാസമേതനായ് കേരളത്തിൽ സഞ്ചരിച്ചപ്പോഴ് ഉണ്ടായ സന്താനങ്ങളെ, അവിടവിടെ 'വാ കീറിയിട്ടുണ്ടെങ്കിൽ ദൈവം ഇരയും കൽപ്പിച്ചിട്ടുണ്ടു" എന്നും പറഞ്ഞു ഉപേക്ഷിച്ചുപോവുകയാണ് ചെയ്തിട്ടുള്ളതു്. ഈ സന്താനങ്ങളെ ഓരോ ജാതിക്കാരെടുത്തുവളത്തി. ഇവർ ഓരോരുത്തരും അതാതുജാതിക്കാരായ് വളന്നു ഓരോവിധത്തിൽ അതിപ്രശസ്തന്മാരായിത്തീന്നു. ഇവരെയാണ് "പറയിപെററ പന്തിരുകുല"ത്തിൽ പെട്ടവരെന്നു പറയാറുള്ളതു്. മേളത്തോളഗ്നിഹോത്രി, വട്ടതലനായർ, നാറാണത്തു ഭ്രാന്തൻ, അകവൂർ ചാത്തൻ, പാക്കനാർ എന്നിവർ ഇക്കൂട്ടത്തിൽ അതിപ്രസിദ്ധരായിരുന്നു. പാക്കനാരെ വളത്തിയതു പറയജാതിക്കാരായിരുന്നതിനാൽ, പാക്കനാർ പറയനായുംതീന്നു. പാക്കനാർ തപശ്ശക്തിയുള്ള ഒരു ശിവഭക്തനും വലിയ തത്വജ്ഞാനിയുമായിരുന്നു. കേളികേട്ട=കീർത്തിയുള്ളവനായ കേളികൾക്കുവിരുതു്=കളികളിൽ സാമർത്ഥ്യം. ദാഹം=ദഹനം.

L. L. 100-110. താരകേശനെ (ചന്ദ്രനെ) തലയിൽ ധരിച്ചിരിക്കുന്നവൻ (ചൂഡൻ)—ശിവൻ. (ശിവന്റെ മകനായ സുബ്രഹ്മണ്യൻ താരകാസുരനെ വധിച്ച കഥയാണ് ഇവിടെ സൂചിപ്പിച്ചിട്ടുള്ളതു്.) മാരഹന്താവു്=കാമദേവനെ നിഹനിച്ച ശിവൻ. ദാരുണന്മാർ=ഭയങ്കരന്മാർ.

L. L. 111-120. അഷ്ടദിക്പാലന്മാർ=ഇന്ദ്രൻ, വഹ്നി-പിതൃപതി, നിരൃതി, വരുണൻ, മരുത്തു്, കുബേരൻ, ഈശൻ, എന്നിവർ. വിഷ്ടപം=ലോകം.

L. L. 121-126. കൊട്ടണ....ന്മാരെ=രാജാക്കന്മാരെ ദരിദ്രന്മാരാക്കണം.

L. L. 127-137. എങ്കിലിന്നു....വരിക്കണം-ഇവിടെ പിന്നെയും മല്ലികാവൃത്തം. ചരിക്കണം=സഞ്ചരിക്കണം. പങ്കജാലയ

യൻ=ബ്രഹ്മാവ്. പങ്കം=പാപം. അസുരത്രയം=മൂന്നുഅസുരന്മാരും. സത്വരം=വേഗം. ഉൽക്കടം=കഠിനം (തപസ്സിന്റെ വിശേഷണം). ദിവാനിശം=പകലും രാത്രിയും. അംബുജസംഭവാകൃതി=ബ്രഹ്മാവിന്റെ രൂപം. മന്ത്രവരം=ശ്രേഷ്ഠമായ മന്ത്രം.

L. L. 138-141. ഇവിടെ ലഘുമയമായ മല്ലികാവൃത്തം അമരവരന്റെ (ദേവേന്ദ്രന്റെ) പുരം (ലോകം) സമരം=യുദ്ധം മമത=കൌതുകം. അനഘം=പാപരഹിതം.

L. L. 142-150. ഇവിടെ വക്ത്ര പിന്നെയും തുടങ്ങുന്നു. മലരി=അഗ്നി.ദാനവന്മാർ=അസുരന്മാർ.നാലുവക്ത്രമുടയോൻ=ബ്രഹ്മാവ്. ആഹുതി=ഹോമം. ഹേല=കളി. മീലിതാക്ഷിദ്വയം=അടച്ചിരിക്കുന്ന രണ്ടുകണ്ണും.

L. L.151-160. അരവങ്ങൾ=സർപ്പങ്ങൾ. ചണ്ഡം=കഠിനം. പുണ്ഡ്രകോത്ഭവൻ=ബ്രഹ്മാവ്. ദണ്ഡം—വടി. കുണ്ഡികാ=തമല. വിണ്ണവർ=ദേവന്മാർ.

L. L. 161-170. അണ്ഡജം=പക്ഷി (ഇവിടെ അരയന്നം) ചണ്ഡവേഗം=വളരെവേഗത്തിൽ. വിധാതാവ്=ബ്രഹ്മാവ്. പുരോഭാഗം=മുമ്പിൽ.

L. L. 171-180. ബദ്ധാമോദം=സസന്തോഷം. വിശ്രുതം=പ്രസിദ്ധം.

L. L. 181-190. മതിയല്ലെന്നു=മതിയാകയില്ലെന്നു. ചെണ്ടകൊട്ടിക്ക=കബളിപ്പിക്ക. അന്തരം=മാററം. (സംശയം)

L. L. 191-200. ഭവൻ=ശിവൻ. കല=അംശം. (അതായതു മൂന്നേമുക്കാൽ നാഴികസമയം എന്നർത്ഥം)

L. L. 201-210. ആമെങ്കിൽ=സാധിക്കുമെങ്കിൽ. ഇളയ്ക്ക=താമസിക്ക. ഉന്നിച്ച=അവരുടെ നേക്കുതോന്നിയ.

L. L. 211-219. മയൻ=അസുരന്മാരുടെ ആശാരി. ആശാന്തങ്ങൾ=നാനാദിക്കുകളിലും. വിരിഞ്ചൻ=ബ്രഹ്മാവ്. അംബരം=ആകാശം.

L. L. 220-227. ഹാരം=ഹരനെ (ശിവനെ) സംബന്ധിച്ച.

L. L. 228-240. ഈ സ്തുതി സംസ്കൃതവൃത്തമായ

'തോടക'ത്തിലാണ് "സഗണംകില നാലിഹ തോടകമാം" എന്ന ലക്ഷണം. തരു....ധര=ബാലചന്ദ്രനെ ശിരസ്സിൽ ധരിച്ചിട്ടുള്ളവനേ! കരു....ലയ=കൃപാസമുദ്രമേ! ഗിരിജ=പാർവതി. സിതം=വെളുത്ത. ഭൂതി=ഭസ്മം. ശിതികണ്ഠൻ=ശിവൻ. കൃത...ശന=കാലനെ നശിപ്പിച്ചിട്ടുള്ളവനേ! ജിതമാര!=കാമദേവനെ ജയിച്ചിട്ടുള്ളവനേ! വര....ഷണ=നല്ലസർപ്പങ്ങളെ ചമയമായ് ചാർത്തുന്നവനേ! നര....വിത=മനുഷ്യരാലും കിന്നരന്മാരെന്ന വർഗ്ഗക്കാരാലും സേവിക്കപ്പെട്ടവനേ! ശാശ്വത=എന്നും ഉള്ളവനേ! കാമദ!=ആഗ്രഹങ്ങളെ സാധിച്ചുകൊടുക്കുന്നവനേ! ഭവഭഞ്ജന! സംസാരദുഃഖത്തെയില്ലാതാക്കുന്നവനേ! മഞ്ജുള!=മനോഹര!

L L. 241-253. ഇവിടെ വക്ത്രവൃത്തം. അപ്ര...തില്ലാൻ=വിട്ട പണിയാൻ മയനുള്ള കൌശലം (സാമർത്ഥ്യം) അളക്കാൻ പാടില്ലാത്തതാകുന്നു. അതെന്തുകൊണ്ടെന്നു പിന്നാലെ വിവരിക്കുന്നു. വാച്ചി=ചിന്തേരു് (മിനുസപ്പെടുത്തുന്ന ആയുധം)

L, L.254-262. വെണ്മണിമാളിക=വെള്ളനിറമുള്ള വലിയ നല്ല മാളിക.

L L. 263-270. മല്ലികാവൃത്തം. ഹാ! കാലയം=കനകാലായം. ശുദ്ധ=ശുദ്ധ. ഘോടകാലയം=കുതിരലായം. പേടകം=പെട്ടി. (ഈട്ടവെപ്പുമുറികളോടുകൂടിയ ഭവനങ്ങൾ) കോടി=അനവധി. ചേടികമാർ=പരിചാരികമാർ. വാട=കോട്ട.

L L. 271-280. ചണ്ഡിക=ദേവി. ശശിഖണ്ഡശേഖരൻ=ശിവൻ. മണ്ഡനം=അലങ്കരണം. അകങ്ങൾ=മുറികൾ. രംഭ=വാഴ. വടവൃക്ഷം=അരയാൽ. മന്ദകമ്പിതം=സാവധാനത്തിൽ ചലിച്ചുകൊണ്ടുനിൽക്കുന്ന. സിന്ദുവാരം=സിന്ദൂരവൃക്ഷം. മാനിനീ=സ്ത്രീ.

L L. 281-290. "പകിടപലതര" എന്നു തുടങ്ങുന്നവരികളിൽ ലഘുമയമായ മല്ലിക. പകിടിരസമിടകൂട്ടുക=കള്ളം പറഞ്ഞു കളിക്ക.

L. L. 291-298. ദിതിജഭടർ=അസുരസേനകൾ. ചിതം=വഴിപോലെയുള്ള. കടകം=വള. ഉടമണി=വസ്ത്രത്തിലുള്ള രത്നം. മകുടം=കിരീടം. വാട്ടുക=ക്ഷീണിക്ക. മട്ടമലർ=തേനുള്ളപുഷ്പം. നഹി=ഇല്ല. നിധനം=കൊല. അധമവഴികൾ=ദുർവിധങ്ങൾ. പരിപാടി=കാര്യമുറകൾ.

L. L. 299—302. തത്ര=അവിടെ. ഗിരമേകി=പറഞ്ഞു. ഇവിടെ പിന്നെയും സാധാരണ രീതിക്കുള്ളമല്ലിക.

L. L. 303—335. ശില്പം=കരകൌശലം. കല്പകം=കല്പവൃക്ഷം. ദിവസ്പതി=ദേവേന്ദ്രൻ. കില്ല=സംശയം. പാകശാസനൻ=ദേവേന്ദ്രൻ. ചേതസി വാദമില്ല=മനസ്സിൽ യാതൊരുശങ്കയുമില്ല. യക്ഷരാജൻ=കുബേരൻ. അളകാപുരം, കുബേരന്റെ വസതിയുള്ള പേരു്. അർത്ഥം=ധനം. വിരുണൻ=നശിച്ചവൻ. കരുണവഴുതണം=അത്യന്തദയനീയനാവണം, മരണ...പണിചെയ്യണം=ദേവന്മാർ സദാ ജീവഭയത്തോടുകൂടി വസിക്കാൻ ഇടയാകണം. സാന്ദ്രം=ധാരാളം. താരകാവലി=നക്ഷത്രങ്ങളുടെ കൂട്ടം. ഹാരം=മുത്തുമാല. ഉരഗപതി=സർപ്പശ്രേഷ്ഠന്മാർ. അനവധിതീരണം=ഒട്ടുവളരെ നശിക്കണം. ജംഭശാസനൻ=ദേവേന്ദ്രൻ. തനിച്ചു=ഡംഭുനടിക്കുന്നു.

L. L. 336—363 ഇവിടെ വക്ത്രവൃത്തമായ് പിന്നെയും മട്ടുമാറുന്നു. ഇത്ഥം=ഇപ്രകാരം. ഭിണ്ഡിപാലം=എറിഞ്ഞുകൊള്ളിക്കുന്ന ഒരായുധവിശേഷം. കട്ടത്തില=വളഞ്ഞവാൾ. പരിഘം=ഇരിമ്പുലക്ക. കാററുവെല്ലുംശരങ്ങൾ=കാററിനേക്കാൾ വേഗത്തിൽ പായത്തക്ക അമ്പുകൾ. പത്തിവാൾ=ചെറുതരംവാൾ. (തോക്കിനു കേരളത്തിൽ അന്നു പ്രചാരമുണ്ടായിരുന്നെന്നു കാണാം) കോല്പുവാൾ=പടക്കോപ്പിനോടുകൂടിയുള്ള വാൾ. ശ്രാമ്പി (സ്രാമ്പി)=(ഇവിടെ) രാജാവു് അധിവസിക്കുന്ന സ്ഥലം. ചൊല്ലുന്നു.... തിന്നുന്നു സചിവന്മാർ=ഈ വിവരണം കൊണ്ടു്, മന്ത്രിമാർ രാജാക്കന്മാരുടെ അഭിലാഷങ്ങളെ ന്യായബുദ്ധികൂടാതെ സാഹസികമായി സാധിച്ചുകൊള്ളുന്നുവെന്നു വ്യഞ്ജിപ്പിക്കുന്നു. മീശക്കൊമ്പന്മാർ. കേമന്മാർ എന്നു നടിക്കുന്നവർ. പഞ്ചപുരമടക്കുക=മനുഷ്യർ സ്വാതന്ത്ര്യമായ് സാധാരണ വ്യാപരിപ്പിക്കാറുള്ള അംഗങ്ങളെ—കൈ—കാൽ—നാക്കു—മൂക്കു—കണ്ണു—എന്നീ അഞ്ചിനേയും, ഒതുക്കിവച്ചുകൊള്ളുക. (രാജസന്നിധിയിലും മററുംപ്രജകൾ വായ്ക്കു കൈയ്യും പൊത്തി ഓഛാനിച്ചു നിൽക്കുന്നനില) നാലു=നാലുപണമോ, രാശിയോ എന്നർത്ഥം.

L. L. 364—379. മുകുന്ദൻ=വിഷ്ണു (മോക്ഷം ദാനം ചെയ്യുന്നവൻ) ഇളപ്പെടുക=തോൽക്കുക. വാനവന്മാർ=ദേവന്മാർ. വാൻ=സ്വർഗ്ഗം) നൂനം=നിശ്ചയമായും.

**L. L. 380—399.** പവ്താരി=ദേവന്ദ്രൻ. (ലോകോപദ്രവികളായ് പണ്ടു സഞ്ചരിച്ചുവന്ന പർവതങ്ങളുടെ ചിറകുകളെ ഇന്ദ്രൻ തൻെറ വജ്രായുധപ്രയോഗത്താൽ ഛേദിച്ചിട്ടുണ്ടെന്നു പുരാണപ്രസ്താവം) സ്വവ്വധൂ=ദേവസ്ത്രീ. നിവി....മാരം=സുഖലോലുപനായ ദേവേന്ദ്രനെ നിർദ്ദേശിച്ചുള്ള ഈ പെരുമാരംപ്രയോഗം ദേവേന്ദ്രൻെറ പുരാണപ്രസിദ്ധപ്രകൃതിക്കു് എത്രയും യോജിച്ചതായിരിക്കുന്നു. പതിക്ക=വീഴണം. ചെണ്ടകൊട്ടിക്ക = വഞ്ചിക്ക. ഉള്ളു+അന്നു്=ഉള്ളുന്നു (സംഭാഷണരീതിക്കുള്ള ലോപം) പിച്ചയേതും നടന്നില്ല=(ഇവരുടെ) കളികളൊന്നും അന്നു നടപ്പില്ലായിരുന്നു. ഉച്ച (മായ) കോപം=വലിയ ദ്വേഷം. പങ്കജബാണൻ=കാമദേവൻ (ശിവൻെറ തപോനിഷ്ഠയ്ക്കു ഭംഗംവരുത്തുവാൻ ശ്രമിച്ച കാമദേവനെ ശിവൻ, നയനാഗ്നികൊണ്ടു് ദഹിപ്പിച്ചതായി പുരാണ കഥ). കനല്ക്കണ്ണു്=തീപ്പൊരി ചിതറിയ കണ്ണു്. ഘംകൃതിക്കാർ=തകർപ്പന്മാർ. സന്ന്യ....ഗവാൻ=ശിവൻ. (ദേവന്മാരുടെ ഉത്സാഹത്താൽ ശിവൻ സന്ന്യാസവൃത്തിയിൽ നിന്നും വ്യതിചലിച്ചു് പാവ്തിയെ പരിണയിച്ചു. ശചീകാന്തൻ=ദേവേന്ദ്രൻ. അന്നു....രെല്ലാം=ഇപ്പോഴ ആളുകളെല്ലാം അപ്പോഴപ്പോഴത്തെ സ്വാർത്ഥങ്ങൾ നേടാൻ സേവയ്ക്കു നിൽക്കുന്നു.

**L. L. 400—414.** ദന്ദശൂകാധിപൻ=സർപ്പശ്രേഷ്ഠൻ നല്ലപെണ്ണുങ്ങൾ=ലക്ഷ്മിയും ഉവ്ശി മുതലായ അപ്സരസ്ത്രീകളും. (പാലാഴിമഥനംകഥ) ശില്പമോടെ=വളരെ ഭംഗിയാകുംവണ്ണം. നാലുകൊമ്പുള്ളആന=ഐരാവതം. സുരഭി=ദിവ്യമായ പശു. കുതിര=ഉച്ചൈശ്രവസ്സു് (വേവേന്ദ്രൻെറ കുതിര) കാളക്രൂടം=വിഷം. ആറുചൂടുംഭഗവാൻ=ഗംഗയെ ശിരസ്സിൽ ധരിച്ചിരിക്കുന്ന ശിവൻ. ദേവകടെ(ദേവകളുടെ എന്നതിൻെറ ദുഷ്ടരൂപം). ഛത്രം=കുട. മെത്തമെത്തക്കിടക്കുക=ധാരാളമായുണ്ടായിരിക്ക. കപാലി=ശിവൻ (കപാലം=തലയോടു് കൈയിൽ കൊണ്ടുനടന്നു ഭിക്ഷാടനംചെയ്യുന്നവൻ) നേത്ര ...രാജാവു്=ദേവേന്ദ്രൻ (ഇന്ദ്രനു ആയിരം കണ്ണുകളുണ്ടെന്നു പുരാണസങ്കല്പം) ക്രൂട്ടം=ചേർച്ച. കൃത്തി=തോൽ. അമ്പിളിത്തെല്ലു=ചന്ദ്രക്കല. വെണ്ണീർ=ചാമ്പൽ. സ്വപ്ര...രൂപി=ശിവൻ. നിഷ്പ്രകാശം=മങ്ങൽ. ഇദാനീം=ഇപ്പോൾ. വിപ്രജാതി=ബ്രാഹ്മണവഗ്ഗം. വിപ്രമാഥം=പോരു്. അപ്ര ാഥി (ശത്രുക്കളില്ലാത്തവൻ) ആയ താരകാക്ഷനു്. ഉമ്പർകോൻ=ദേവേന്ദ്രൻ. പെരുമ്പാമ്പന്മാർ=നാഗന്മാർ (പാതാളവാസികൾ).

L. L. 444—466. ഇവിടംമുതൽ വൃത്തം മാറുന്നു. ശീതങ്കനിൽ പ്രയോഗിക്കാറുള്ള കിളിപ്പാട്ടിലെ കാകളിയാണു് ഇവിടുത്തെ വൃത്തം. അതിന്റെ ലക്ഷണം.—"മാത്രയഞ്ചക്ഷരം മൂന്നിൽ വരുന്നോരു ഗണങ്ങളേ— എട്ടുചേർത്തുള്ളീരടിയ്ക്കു— ചൊല്ലാം കാകളിയെന്നു പേർ". ഓരോ വരിയിലും പന്ത്രണ്ടു് അക്ഷരവും ഇരുപതു മാത്രയും വീതം ഉണ്ടായിരിക്കണം. ദ്രാവിഡവൃത്തനിയമമനുസരിച്ചു് ലഘുക്കളെ വേണ്ടിവരുന്നേടത്തു ഗുരുവാക്കി നീട്ടാമെന്നുണ്ടല്ലോ.

— ◡ — — ◡ — — ◡ — — ◡ —

ഇ ത്ത ര, മ ങ്ങ ര, ചെ യ്യോ രു, ദാ ന വ;

ഈ വരിയിലെ ഓരോ ഗണത്തിലേയും അന്ത്യലഘുക്കളെ പ്രസ്തുത നിയമമനുസരിച്ചു് നീട്ടി ഗുരുവാക്കി ഗണിച്ചിരിക്കുന്നതു നോക്കുക. ഇതുപോലെ മററു ദിക്കുകളിലും കണ്ടുകൊള്ളണം.

സത്തമൻ=ശ്രേഷ്ഠൻ. പണ്ടകം=വലിയ പണ്ടം. (ഉള്ളുവലിപ്പം) ഉള്ള ചെണ്ട. മരം=വലിയ തപ്പു്. ഡമരു=ചെറിയ തപ്പു്. ഝർഝരം=കുഴിത്താളമെന്ന വാദ്യ വിശേഷം. ഝല്ലരീ=കൈമണി. വല്ലകീ=വീണ. നിർഝരം=അരുവി. ദുന്ദുഭി=പെരുമ്പറ. ഡിണ്ഡിമം=വീക്കുചെണ്ട. വെള്ളം=ഒരു വലിയ സംഖ്യ. ദിരദം=ആന. വെട്ടിത്തടുക്കുക=യുദ്ധം ചെയ്തുതടുക്കുക. വെട്ടിച്ചിരിക്ക=പൊട്ടിച്ചിരിക്ക.

L. L. 467-476 ഇവിടെ പത്തുവരി ദ്രുതകാകളിയാകുന്നു. അതിന്റെ ലക്ഷണം—(കാകളിയുടെ) "രണ്ടുപാദത്തിലുംപിന്നെ അന്ത്യമായ ഗണത്തിനു—വർണ്ണമൊന്നു കുറഞ്ഞെന്നാൽ—ദ്രുതകാകളികിത്തന്നേ" ഓരോ വരിയിലേയും ഒടുവിലത്തെ ഗണത്തിന്നു് മൂന്നക്ഷരത്തിനു പകരം രണ്ടക്ഷരംമാത്രമുണ്ടായിരിക്കും. അതിനാൽ ഓരോ വരിയിലും പതിനൊന്നക്ഷരംമാത്രമേ ഉണ്ടായിരിക്കയൊള്ളു.. ശൈലങ്ങൾ ഏഴു്=കുലപർവ്വതങ്ങൾ. മഹേന്ദ്രം, മലയം, സഹ്യൻ, ശുക്തിമാൻ, ഋക്ഷൻ, വിന്ധ്യൻ, പാരിയാത്രൻ-എന്നാണു് അവയുടെ പേരുകൾ. മാററലർ=ശത്രുക്കൾ. മിടിയുക=പരസ്പരം കൂട്ടിപ്പിണയുക.

L. L. 477—484. ഇവിടെ വൃത്തം വക്ത്രയായിട്ടുമാറുന്നു. കേസരി=സിംഹം. കളിക്കും ചിലരെന്നു തുടങ്ങുന്നവരികളിൽ "ചില" എന്ന രണ്ടു ലഘുക്കളെ, ഗുരുവായ ഒരക്ഷരത്തി

ൻെറ നിലയ്ക്കു പ്രയോഗിച്ചിരിക്കുന്നുവെന്നും അറിയേണ്ടതാണു്. ഒലയ്ക്കുക=ശബ്ദമുണ്ടാക്കുക.

L. L. 485-500. ഇവിടെ പിന്നെയും മല്ലികാവൃത്തം. കാഞ്ചനം=സ്വർണ്ണം. (ആദ്യത്തെ) മാനം=ആകാശം (പിന്നത്തെ) മാനം=അഭിമാനം. (ആദ്യത്തെ) ദാനവാരി=ആനയുടെ കവിൾപ്രദേശത്തുനിന്നും മദംപൊട്ടിയൊഴുകുന്ന വെള്ളം (പിന്നത്തെ) ദാനവാരി=അസുരന്മാരുടെ ശത്രുവായ ദേവേന്ദ്രൻ. വാരണഘടം=ആനയുടെ കവിൾത്തടം. തടികൾ=ആയുധങ്ങൾ. (പൊടിഞ്ഞുവീണ ആഭരണങ്ങളുടെ പൊടികൾ) സുരാലയേ=ദേവലോകത്തു.

L. L. 501-530. ഇവിടം മുതൽ വക്ത്രാവൃത്തം. നന്ദനം=ദേവലോകത്തെ ഇന്ദ്രൻെറ ഉദ്യാനം. കന്ദരം=ഗുഹ. അഭ്രഗംഗ=ആകാശഗംഗ. അഭ്രമുവല്ലഭൻ=ഐരാവതം. ശുഭ്രദന്തം=വെളുത്തകൊമ്പു്. ഭവ്യർ=യോഗ്യതയുള്ളവർ. ഉള്ള+യജമാനൻ-ഉള്ളെജമാനൻ (എന്നു പ്രാകൃതരീതിക്കുള്ള ലോപം) തായം=ഉപായം.

L. L. 531-560. വാസവൻ=ദേവേന്ദ്രൻ. പൂർവ്വദേവാധിപന്മാർ=അസുരന്മാർ (ഒരു കാലം ദേവന്മാരായുള്ളവർ തങ്ങൾക്കുപുണ്യക്ഷയം നേരിട്ടപ്പോൾ അസുരന്മാരായിത്തീരുന്നു. അതുകൊണ്ടു് അസുരന്മാർക്കു മുമ്പു ദേവന്മാരായിരുന്നവരെന്നു അർത്ഥമുള്ള പൂർവ്വദേവസംജ്ഞയുംവന്നുകൂടി) പോന്നു്=താനേതന്നെ വന്നുചേർന്നു. വൃത്രഹന്താവു്=ദേവേന്ദ്രൻ (വൃത്രാസുരനെകൊന്നിട്ടുള്ളതുകൊണ്ടു്) സിദ്ധവിദ്യാധരന്മാർ എന്നു തുടങ്ങുന്ന രണ്ടുവരികളിൽ ദേവഭൃത്യഗണങ്ങളെ പരിഗണിച്ചിരിക്കുന്നു. കൂടലപ്പാഴർ=മായാവികളായ നിസ്സാരന്മാർ. മുതുത്താർ=ആരംഭിച്ചാർ.

L. L. 561-568. ഇവിടം ലഘുമയമായ വക്ത്രത്തിനുദാഹരണം. അമരതരുണികൾ=ദേവസ്ത്രീകൾ. അരികൾ=ശത്രുക്കൾ. അമരവരമുഖം=ഇന്ദ്രൻെറ മുഖം. കുസുമവാടിയിലെ (ഉദ്യാനത്തിലെ)കമലനികരവും (താമരക്കൂട്ടവും) ഒന്നു വാടി. അരിമ (അരുമ) പ്രാധാന്യം.

L. L. 569-588. ഇവിടെ വൃത്തം കൃശമദ്ധ്യ. ഭൂരി=വളരെ. ഈരേഴുഭുവനം=പതിന്നാലുലോകങ്ങൾ (ഭൂമി–ഭുവർ–സ്വർ–മഹർ-ജന–തപോ–സത്യ-എന്നീ ലോകങ്ങൾ മുകളിലും, അതല-വിതല- സുതല- രസാതല- തലാതല– മഹാതല_പതാള– എന്നീ

ലോകങ്ങൾ താഴെയും ഇങ്ങനെ ആകെ പതിന്നാലു ലോകങ്ങൾ) ഭീതർ=ഭയപ്പെട്ടവർ. ജംഭവൈരി=ദേവേന്ദ്രൻ. ശാരികാമൊഴികൾ=കിളിമൊഴികളായ സ്ത്രീകൾ.

L. L. 589_599. അവനി=ഭൂമി. മുള്ളു=കൊള്ളിവാക്കു്.

L. L. 600_622. ധാവതിചെയ്തു=ഓടി (വത്തമാനകാലത്തിലുള്ള സംസ്കൃതക്രിയോട് 'ചെയ്തു' ചേർത്തു ഭൂതരൂപമുണ്ടാക്കിയിരിക്കുന്നു) കായം=ദേഹം. പഞ്ചാക്ഷരം="നമശ്ശിവായ" എന്ന ശൈവമന്ത്രം. പൊയ്യൊഴന്നേ=ഇനി ആ കള്ളന്മാരോടു കള്ളം പ്രയോഗിക്കാതെ തരമില്ല.

L. L. 623_630. പിന്നെയും വൃത്തം വക്ത്രം. കണ്ടകന്മാർ=ദുഷ്ടന്മാർ. തൊണ്ടൻ=വിഡ്ഢി.

L. L. 631_640. കൃശമദ്ധ്യയിൽ തുടങ്ങുന്നെങ്കിലും ഇടയ്ക്കു വക്ത്രവും കലർത്തിയിട്ടുണ്ടു്. പ്രാകൃതം=സംസ്കൃതത്തിലെ പ്രാകൃതഭാഷ. (ആ ഭാഗം പാഠപുസ്തകത്തിൽ വിട്ടിരിക്കയാണു ചെയ്തിരിക്കുന്നതു്.

L. L. 641_672 മല്ലികാവൃത്തം. നാട്ടിലും എന്നു തുടങ്ങുന്ന വരികളിലുംമററും ഇടയ്ക്കു യഥേഷ്ടം ലഘുമയത്വം വരുത്തിയിരിക്കുന്നതു നോക്കുക. അമളി=പരിഭ്രമം സരസതരിവള എന്നു തുടങ്ങുന്ന വരികളിൽ ലഘുമയമായ മല്ലിക. അവനിപതികടെ (പതികളുടെ) അവനം, അവന്റെ കൂട്ടവും. അവനരഹിതം=രക്ഷയില്ലാത്ത. കനി=ഖനിയെന്ന സംസ്കൃതപദത്തിന്റെ തൽഭവം. പ്രമാണി ഗണി (ഗണിക)=വേശ്യകൾ. കൃതികൾ=വിദ്വാന്മാർ. സതികൾ=പതിവ്രതകൾ. വല്ലം=പാത്രമെന്നും സാമർത്ഥ്യമെന്നും. ഓത്തുചൊല്ലുക=വേദപാരായണം ചെയ്ക. നികത്തുക=പരിഹാരമുണ്ടാക്കുക.

L. L. 673_682. കുടകൾ തഴകൾ എന്നു തുടങ്ങുന്ന രണ്ടു വരികൾ ലഘുമയമായ വക്ത്രം. മുരജം (മുരച്ച്)=പെരുമ്പറയേക്കാൾ ചെറുതായ വാദ്യവിശേഷം. ഇപ്പറഞ്ഞതിലൊന്നമേ എന്നിടം മുതൽ ശരിക്കുള്ള വക്ത്രം. മഹിഷം=എരുമ. തായമാട്ടു്=വഞ്ചന.

L. L. 683–692. ഇവിടെ പിന്നെയും മല്ലിക. ഇടകലത്തി പ്രയോഗിക്കുവാൻ മല്ലികയും വക്ത്രവും വളരെ സമുചിതമാണെന്നു കാണാം. മല്ലികയ്ക്കു പതിനെട്ടും വക്ത്രയ്ക്കു പതിനാറും അക്ഷരങ്ങളും, മാത്രയാണെങ്കിൽ യഥാക്രമം ഇരുപത്തിയാറും ഇരുപത്തിനാലും വീതമാണല്ലോ ഉള്ളതു്—തമ്മിൽ, രണ്ടു മാത്രയുടേയും രണ്ടക്ഷരത്തിന്റേയും ഭേദഗതിയേ ഉള്ളൂ.

L. L. 693–709 വക്ത്രവൃത്തം. പടിക്കൽ........തേവക്കു=വെറുതേ കിട്ടുന്നതാണു ധനമെങ്കിൽ, അതിൽ പകുതി തേവക്കു കൊടുക്കുവാൻ ദണ്ഡം ഉണ്ടാകയില്ലല്ലോ. ഭുജാടോപം=ബാഹുപരാക്രമം.

L. L. 710–771. രായ്ക്കു=രാത്രിയിൽ. ഇവിടെ നിന്നു് ഇളകാതെ (അനങ്ങാതെ) ഇരുന്നാൽ. കമലാക്ഷന്റെ കൂട്ടം. കൂട്ടം=കൂസൽ. പല്ലു........പരമാർത്ഥം=ഇപ്പോൾ കാണുന്നപോലെ പല്ലു കൊഴിഞ്ഞു കണ്ടുതുടങ്ങിയിട്ടു് എത്രകാലമായിയെന്നുപോലും ആർക്കും നിശ്ചയമില്ല. ധൂർത്ത്=“ഇതുപോലെയുള്ള” കള്ളത്തരം. തൊങ്കൽവാൾ=തൂക്കിയിട്ടിരിക്കുന്ന വാൾ. പററത്താണുകളിക്ക=വശം നോക്കി നിന്നു യുദ്ധത്തിനാരംഭിക്ക. രെട്ട=കട്ടിത്തുണി (ചാക്കു്) ഗ്രഹചാരം=ഗ്രഹപ്പിഴ. മെത്തമെത്തെ=ധാരാളമായ്. സോമ—സൂര്യവംശത്തിലുമുള്ള (ഭാരതീയരാജാക്കന്മാരെല്ലാം ചന്ദ്രവംശത്തിലൊ സൂര്യവംശത്തിലൊ നിന്നുൽപന്നന്മാരാണു) അംഗരാജ്യം=ഗംഗാതീരത്തുണ്ടായിരുന്ന ഒരു രാജ്യം. (കർണ്ണൻ പണ്ടു ഇവിടുത്തെ രാജാവായിരുന്നു) കുന്തിഭോജനൻ=ഒരു യാദവരാജാവു്. സിന്ധുരാജൻ പഞ്ചാബ് ദേശത്തെ രാജാവു്. സിംഹളം=സിലോൺ. വംഗരാജ്യം_കിഴക്കേ ബംഗാൾ വിഭാഗം. മഗധരാജ്യം=ഇപ്പോഴത്തെ തെക്കൻ ബിഹാർ പ്രദേശം. ചേദി=നർമ്മദാതീരത്തുള്ള ഇപ്പോഴത്തെ ബുൺഡിൽക്കണ്ഡും പരിസരങ്ങളും. ശൃംഗിവേരാധിപൻ=ഗംഗാതിരത്തുള്ള ഇപ്പോഴത്തെ മിർസാപൂരിനടുത്തുള്ള രാജ്യത്തെ രാജാവു്. കലിംഗം=ഇപ്പോഴത്തെ വടക്കൻ സർക്കാർ രാജ്യം. ചോളം=തെക്കൻ മൈസൂർരാജ്യം. ഗൌഡം=വടക്കൻ ബംഗാൾ പ്രദേശം. പാരസികം=ആധുനിക പെർഷ്യൻ ദിക്കു്. ഹേഹയേശൻ=നമ്മദാതീരത്തുള്ള മറെറാരു രാജ്യം (ഇവിടെയായിരുന്നു പണ്ടു കാർത്തവീര്യാർജ്ജുനൻ രാജ്യം വാണതു). ശോണിതം=രക്തം.

L. L. 772-809. വേല=വേലകളി. വാണുകൂടാവസ്ഥ=വസ്തുക്കളിലെ അനുഭവമെടുത്തുകൂടാ. ചുങ്കംനടത്തുക=കരംപിരിക്ക. അങ്കം=യുദ്ധം (സൈന്യസംരക്ഷണമെന്നിവിടെ നിർദ്ദേശിച്ചിരിക്കുന്നു) ഒപ്പിച്ചേ=കമലാക്ഷൻെറ ആഗ്രഹപ്രകാരമേ. മുപ്പറം=പത്തിൽമൂന്നുപറ_വീട്ടോല=ഓരോ വീട്ടിൽനിന്നും ഇത്രമടൽ ഓലയെന്നു കണക്കുവെച്ചു പതിവായ് കൊടുക്കേണ്ട ഓല. പാട്ടക്കാണം=പാട്ടംകൊടുത്തതിനു പാട്ടക്കാരൻ കൊടുക്കേണ്ട പ്രത്യേകസമ്മാനം. തിങ്ങൾ=മാസം. ഉരഗപുംഗവന്മാർ=നാഗശ്രേഷ്ഠന്മാർ (പാതാളവാസികൾ)

## രണ്ടാംകളം

L. L. 1–6. വൃത്തം വക്ത്ര തന്നെ. ഖേചരന്മാർ=(ആകാശത്തുകൂടിസഞ്ചരിക്കാവുന്ന) ഗന്ധർവാദികൾ. കലശാംഭോനിധി=പാലാഴി. (ഇവിടെ ഒടുവിലത്തെവരികൃശമദ്ധ്യയും വക്ത്രയുംകൂടി കലർന്നതാകുന്നു.)

L.L. 7–41. ഈസ്തുതിരചിച്ചു കണ്ടുന്നതു് ഗാനത്തിനുതകുന്ന ഒരു തരം "മാത്രാസമക"വൃത്തത്തിലാണ്. ഓരോ വരിയിലും പന്ത്രണ്ടുമാത്രയും ലഘുപ്രചുരിമയും ഉണ്ടായിരിക്കണം. ഖലന്മാർ=ദുഷ്ടന്മാർ. ഘനം=മേഘം. ങ ഞ ണ എന്ന ശൂന്യാക്ഷരങ്ങളിൽ പോലും നിറഞ്ഞിട്ടുള്ളവൻ (സർവവ്യാപിയും അക്ഷരസ്വരൂപിയും ആയ) ഈശ്വരൻ. ചലിത=ഇളകിക്കൊണ്ടിരിക്കുന്ന. ഛലിതദിതിസുത!=ദിതിസുതനായ മഹാബലിയെ വാമനവേഷത്തിൽ ചെന്നു കബളിപ്പിച്ച മഹാവിഷ്ണോ! ജനിതനരസുര!=മനുഷ്യനായും ദേവനായും അവതരിച്ചിട്ടുള്ളവനേ! ഝടതി=വേഗം. പാലയ=രക്ഷിച്ചാലും ഞജണമുഖം=ജ്ഞാനം (ജ. ഞ ന. (ണ). ഈ മൂന്നക്ഷരങ്ങളെക്കൊണ്ടുള്ള് പദം=ജ്ഞാനം) ടലനം=ബന്ധം. വിരഹിതം=വേർപെട്ടതു്. ഠനതം=വൃത്താകാരത്തിലുള്ള. ഖഗം=ഗരുഡൻ ആകുന്ന രഥത്തോടുകൂടിയവൻ വിഷ്ണു. ഡമരദൂരഗൻ=ഭയത്തെദൂരെപ്പായിച്ചിട്ടുള്ളവൻ. ഢവരഗാചലൻ=അചലത്തെ (പർവതത്തെ) ഢവരം (പരിശ-കുട) ആക്കിത്തീർത്തവൻ (ഇവിടെ കൃഷ്ണൻെറ ഗോവർദ്ധനോദ്ധാരണകഥ സൂചിതം) ണളിനം=നളിനം താമര. തരുണഗുണഗണൻ=പ്രസന്നപ്രകൃതിയോടുകൂടിയവൻ. ഥതതി=പർവ്വതക്കൂട്ടം. (പർവ്വതങ്ങളേ അമർത്തായ ദേവേന്ദ്രനും വിഷ്ണുവിൻെറ

അംശമാണല്ലോ) മനുജസുതൻ=മഹാബലി-ഫണിവപുസ്സിന്മേൽ (അനന്തനിൽ) ശയിക്കുന്നാവൻ. ബഹളം=വിചിത്രവും വിവിധവും ആയ. രുചി=ശോഭ ഭജനത്തിനുഫലം വരുത്തിക്കൊടുക്കുന്നവൻ. ഭവം=സംസാരദുഃഖം. യജന....ചിതിൻ=യാഗങ്ങളിൽ ഉപാസിക്കപ്പെടുന്നാവൻ. രജനികരൻ=ചന്ദ്രൻ. ലളിതം=മനോഹരം. വരദൻ=വരങ്ങളെ പ്രദാനംചെയ്യുന്ന. മുരഹരൻ=മുരാസുരനെ കൊന്നിട്ടുള്ള വിഷ്ണു. ആയി (സംബോധനയെ സൂചിപ്പിക്കുന്നു) ശരണം ഭവ=രക്ഷയായ് ഭവിച്ചാലും. ഷഡൃതു=ആറ ഋതുക്കൾ. വസന്തം (മേടം ഇടവം) ഗ്രീഷ്മം_വർഷം,ശരത്തു്, ഹേമന്തം, ശിശിരം. ഇങ്ങനെ ഈരണ്ടുമാസംവീതമുള്ള ആറ് ഋതുക്കളേയും അതാതു കാലഘട്ടങ്ങളിൽ നിയമനം ചെയ്യുന്നാവൻ. ഹവനം=ഹോമം. ളുടഭം=മനോഹരം. കടിതടം=ദേഹത്തിൻെറ മദ്ധ്യപ്രദേശം. ക്ഷപിത=നശിപ്പിച്ച (ഈ സ്തുതിഗീതത്തിലെ വരികൾ ഓരോന്നും ആരംഭിക്കുന്നതു്. മലയാളം അക്ഷരമാലയിലെ ക. ഖ. ഗ എന്നുള്ള വ്യഞ്ജനക്രമത്തിനാണെന്നു കണ്ടുകൊൾക. ങ_ഞ_ട_ഠ_എന്നും മറ്റും അക്ഷരങ്ങളിലാരംഭിക്കുന്ന പദങ്ങൾ അപൂർവ്വമാകയാൽ ഇവിടെ കവിത കൃത്രിമവും ചില ഘട്ടങ്ങളിൽ അസുന്ദരവും ആണെന്നു പറയാതെ തരമില്ല)

L. L. 42_57. വക്ത്രാവൃത്തം. തോഷം=സന്തോഷം. വജ്റായുധം_ശുക്രശിഷ്യന്മാർ=അസുരന്മാർ. ശക്രൻ=ദേവേന്ദ്രൻ. വ്യാഴം=ബൃഹസ്പതി (ദേവഗുരു). വക്രം=കുടിലം (വ്യാജം)

L. L. 58_77. മല്ലികാവൃത്തം. അമരാരിമാർ=ദേവശത്രുക്കൾ. അംബരം=ആകാശം (ഇവിടെ സ്വർഗ്ഗലോകം). കോട്ടത്രിപുരന്മാരുടെ ഭവനം. നാട്ടകം=നാട്ടിനുള്ളിൽ. നാട്ടുകണ്ടകൻ=ഭൂലോകത്തിനു നാശംവരുത്തിയവൻ. അരവങ്ങൾ നാട്=പാതാളലോകം. കൊണ്ടൽ=മേഘം. നിവിത്തിവെയ്ക്കുക=അമർത്തുക. കൊട്ടത്തില (വൃത്തത്തിനു വേണ്ടി കൊട്ടത്തിലയെന്നതിനെ ലോപിപ്പിച്ചിരിക്കുന്നു.)

L. L. 78_161. ഇവിടെ, വക്ത്രവൃത്തം തുടങ്ങുന്നു. ദക്ഷവൈരി=ശിവൻ. ശിക്ഷവന്നു=അഭ്യാസംസിദ്ധിച്ചു. ത്ര്യക്ഷണൻ=ശിവൻ (മൂന്നുകണ്ണുകളുള്ളവൻ) ഈക്ഷണംചെയ്ക=നോക്കിക്കാണുക. ഭിക്ഷ=യാചിച്ചുനടക്കുക. മക്ഷികൾ=ഈച്ചകൾ.

കൂക്ഷികൾ=എല്ലാപ്രാണികളും. പ്രക്ഷയം=നാശം. ഇക്ഷു (കരിമ്പ്), ചാപമായുള്ളവൻ. (കാമദേവൻ) അയാൾക്ക് അന്തകനായവൻ ശിവൻ .രൂക്ഷത=ക്രൌര്യം. യഷ്ടികൾ=ബുദ്ധിയില്ലാത്തവർ. വാളെടു പ്പാട്=വാസ്തവത്തിലുള്ള യോഗ്യതയില്ലാതെ തക്കം നോക്കി പ്രമാണിത്തം നടിക്കുന്നവർ. താളംപിഴപ്പിക്ക=തകെരാറിലാക്കുക. തോളൽനിന്നു ചെവിതിന്നുക=കൂടെനടക്കയും. മനപ്പൂർവ്വം കാലേൽ ചവിട്ടുകയും ചെയ്യുക. തനിച്ച=വിവേകമില്ലാത്ത മെനക്കെട്ട്=മുൻകരുതലോടുകൂടി പ്രവൃത്തിക്കാതെ സ്വാസ്ഥഭാവത്തിൽ. കനക്കേട്ട് (ഘനക്കേട്ട്=അഭിമാനക്ഷയം) ഉറ...........ത്തില്ല=പ്രവൃത്തിക്കുമ്പൊഴേ മിടുക്ക് അറിയാൻസാധിക്കയൊള്ളു. ഉറക്കത്തിൽ ആ മിടുക്ക് അറിയാൻ സാധിക്കയില്ല. കരുത്തി....വരത്തില്ല=സ്വതേ മിടുക്കില്ലാത്തവനു് പരപ്രേരണകൊണ്ടു മിടുക്കുവരുന്നതുമല്ല. നഗം=പർവ്വതം. ഖഗം=പക്ഷി ശിവം=സുഖം. (സകല സംഗതികൾക്കുമെന്നേ ഇവിടെ വിവക്ഷയുള്ളൂ, സ്ഥാവരം=ഇളകാത്തവ (അചരങ്ങൾ) ജംഗമം=ഇളകുന്നവ (ചരങ്ങൾ) ദേവനാരായണസ്വാമി=വിഷ്ണു. പട്ടവാക്കു (കാര്യനിവൃത്തി വരുന്നവരെ സത്യഗ്രഹമനുഷ്ഠിക്ക) കൂടലർ=ശത്രുക്കൾ. കൂടവേ.......ണ്ടാൽ=ഞങ്ങൾ അങ്ങേ ഇപ്രകാരം കൂട്ടക്കൂടെ വന്നു കണ്ടുകൊണ്ടിരുന്നിട്ടും. വന്ന ......ശക്തിയില്ലാ=സന്നിധിയിൽ നിന്ന സങ്കടം പറയാൻ പോലും സാമർത്ഥ്യമില്ല. വഞ്ചി=പണപ്പെട്ടി. കാഞ്ചി=അരഞ്ഞാണ്. മഞ്ചം=കട്ടില്. അഞ്ചുമാറ്= വിസ്മയിക്കുമാറ്. അഞ്ചുമാറ് നീളമുള്ള-അഞ്ചും ആറുംവീതം ഭാര്യമാർ ഓരോരുത്തർക്കും. ആ കവി=ആ ദേവനായ ശിവന്നു്. ദിക്കരി=ദിഗ്ഗജങ്ങൾ. ഐരാവതം-പുണ്ഡരീകൻ-വാമനൻ-കുമുദൻ—അഞ്ജനൻ-പുഷ്പദന്തൻ-സാർവ്വഭൌമൻ-സുപ്രതീകൻ ഇവ എട്ടുമാണു് ദിക്കുകളെ സംരക്ഷിക്കുന്ന ആനകൾ.കുംഭ........നശ്യതി=കുംഭകോണമെന്ന പുണ്യസ്ഥലത്തു താമസിച്ചു പാപം ചെയ്തു് അതിനവിടത്തന്നെ പരിഹാരമുണ്ടാക്കുന്നപോലെ, ത്രിപുരന്മാർ ദേവലോകത്തു താമസിച്ചുകൊണ്ടു അവിടത്തെ മഹിമയെല്ലാമസ്തമിപ്പിക്കുന്നു. ഈററപാമ്പ്=മുട്ടയിട്ടുകിടക്കുന്ന പാമ്പിനു് വിഷവും വീറും കൂടുമല്ലോ. മാററി=ശത്രു. ഏററുപോവുക=ഏണീററു ഉപദ്രവം തട്ടാതെ പോവുക. കൂററൻ=കാള. പോററി=(വൃഷഭവാഹനനായ) ശിവൻ. മാററലർ=ശത്രു. കേററുക=കരയേററുക. പൊറുപ്പിക്ക=സ്വാസ്ഥമായ് താമസിപ്പിക്ക.

L. L. 162-173. ആവലാതിപ്രകാരങ്ങൾ=ഇങ്ങനെയുള്ള സങ്കടങ്ങൾ. കേവലം=വെറുതെ (അനാങ്ങാതെ) പോംവഴി=പരിഹാരമാർഗ്ഗം ശോകം=ദുഃഖം.

L. L. 174-209. ഗരുഡൻെറഗളം (കണ്ഠം) ഇവിടം മുതൽ 181-ാമത്തെ വരിവരെ ലഘുവ്വമയപ്രാരംഭത്തോടുകൂടിയ മല്ലിക. സരസിരുഹഭവനും (ബ്രഹ്മാവും) അമരപരിവൃഢനും (ദേവേന്ദ്രനും) അമരനാരികളും (ദേവസ്ത്രീകളും) അമരരും (ദേവകളും) ഇടകവെ=തമ്മിൽ ഇടഞ്ഞുകൊണ്ടു രജ.......കല=ചന്ദ്രക്കല. ഈശ്വരൻ (ശിവൻ) അമരുന്ന അചലകുലോത്തമൻ=ശ്രേഷ്ഠപർവ്വതമായ കൈലാസം. രജതഗിരി (വെള്ളിമാമല) രജനി.......നലൻ=രജനിചരകുലങ്ങൾ (രാക്ഷസവംശങ്ങൾ) ആകുന്ന ശലഭങ്ങൾക്കു കാലമഹാനലൻ (കാലാഗ്നി) ശിവൻ കരുണയ്ക്കു ആകരം (ഇരിപ്പടം) ആയവൻ. രജനി (രാത്രി)യുടെ പരിണതി (അവസാന) ഘട്ടത്തിൽ. ഇന്ദിരാപതി=വിഷ്ണു. ശേഷജനം=മററുള്ളവരോടും പുരുഷോത്തമൻ=വിഷ്ണു. ക്ഷീര........വാരി =പാലാഴിയിലെ വെള്ളം. പുസ്തം=പുസ്തകം. പിംഗം=തവിട്ടുനിറത്തിലുള്ള. കലാപം=കൂട്ടം. യോഗപടം=സന്യാസിമാർ ധരിക്കാറുള്ള വസ്ത്രവിശേഷങ്ങൾ. പഠിച്ചില (പഠിച്ചീല) ഇളയ്ക്കിൽ=അമാന്തിക്കുന്നതായാൽ.

L. L. 210-247. നിക്കമില്ല=നിശ്ചയം തന്നെ. പുരത്രയം=ത്രിപുരന്മാർ. കൈ.....വിദം=കള്ളം പ്രയോഗിക്കുന്നതിൽ വളരെസാമത്ഥ്യത്തോടുകൂടി. ഗ്രന്ഥി=ഗ്രന്ഥാകല്പിലുള്ള (നിങ്ങളുടെ) സിന്ധു=സമുദ്രം. പരിശ്രമം=പഠിപ്പു ആഢ്യമുദ്ര=ശ്രേഷ്ഠതത്തിൻെറ ലക്ഷ്യമായ് ഭസ്മം പൂശുക മുതലായതു്. കാമ......ങ്ങടെ (ധർമ്മവും മോക്ഷവുംനീക്കിവെച്ചു് ശേഷമുള്ള രണ്ടിനെ മാത്രം ഇവർ അംഗീകരിക്കുന്നു.) അതുപോലെ, പഞ്ചഭൂതങ്ങളിൽ ആകാശത്തെയും ഇവർ ഉപേക്ഷിക്കുന്നു. അതായതു് വെറും ഭൌതികമായ(materialistic) അനുഭവങ്ങളെ മാത്രം ഇവർ ഗണിക്കുന്നുള്ളു. ഭള്ളു=വെറും നാട്യം. തുക്കുപ്പുകയില=നല്ല നീളവും വീതിയുമുള്ള പുകയില. ചിതം=നല്ലതു്. ശിങ്കുകളിക്കുക=മണ്ടൻ കളിക്കുക. മലരമ്പൻ=കാമദേവൻ.

L. L. 248-269. പിന്നെയും വൃത്തം വക്ത്രം. ബോധിവൃക്ഷം=ഇവിടെ ആരാധനയ്ക്കു യോഗ്യമായ ആൽവൃക്ഷം. (ഗൌതമ

ബുദ്ധന്ന് ജ്ഞാനോദയം ഉണ്ടായ അത്തിവൃക്ഷച്ചുവട്ടിനാണു സാധാരണ ബോധിവൃക്ഷമെന്നുള്ള പേരു് കൊടുത്തുകാണുന്നതു്.) മുഗ്ദ്ധൻ=മനോഹരൻ. ഭുക്തിയേയും (അനുഭവസുഖവും) മുക്തിയേയും (മോക്ഷവും) പ്രദാനം ചെയ്യുന്നവൻ (കൊടുക്കുന്നവൻ). കൃത്തി (തോൽ) വാസസ്സു (വസ്ത്രം) ആയുള്ളവൻ (ശിവൻ)

L. L. 270_318. ജിഹ്വ=നാക്കു്. ഘ്രാണം=നാസിക. ദേഹി=ആത്മാവു്. കണക്കണ്ടോ=ചേരുമോ. മതി=ബുദ്ധി. കൊററു്=ആഹാരം. ആററൽ=താൽപര്യം. തണ്ഡുലം=അരി. ക്ലിഷ്ടം=ക്ലേശപൂർണ്ണം (ഇവിടെയെല്ലാം കൃശമദ്ധ്യയും വക്ത്രയും കൂടിക്കലർത്തിയും ചിലപ്പോൾ കൃശമദ്ധ്യയായിട്ടുതന്നെയും വൃത്തപ്രയോഗം ചെയ്തുകാണുന്നു) മാത്ര.......ഈശ്വരൻ=ലോകത്തിലെ ആരാധനയ്ക്കു നിദാനം ഐശ്വര്യമാണു്. ചാർവാകൻ—നിരീശ്വരമതസ്ഥാപകനായ ഒരു തത്വജ്ഞാനി=ഹിതം=സ്വീകാരയോഗ്യം. മാററികൾ=തോൽവിപററിയവർ.

L. L. 319–346. ഇവിടെ വൃത്തം കൃശമദ്ധ്യ തുടങ്ങുന്നു. കിഞ്ചിൽ=കുറേശ്ശ. തണ്ടാർ(തൺ—തണുത്ത-+താർ) താമര. അതിലുള്ള മാനിനി (സ്ത്രീ)—ലക്ഷ്മി. അവരുടെ കാന്തൻ=വിഷ്ണു. ഒട്ടകം വൃത്തം വക്ത്ര.

L. L. 347–355. ഇവിടുത്തെ വൃത്തം മല്ലിക. മീട്ടി=വിസ്തരിച്ചു. ശർമ്മം=സുഖം.

L. L. 356–376. വൃത്തം കൃശമദ്ധ്യവും വക്ത്രയും കൂടികലർന്നതു്. വെള്ളിഗേഹം—ത്രിപുരന്മാരിൽ നടുവനായ കമലാക്ഷന്റെ ഭവനം.

L. L. 377–388. ഇവിടെ തുടങ്ങുന്ന വൃത്തത്തിൽ, മല്ലികയെ നടുക്കുവെച്ചു മുറിച്ചു് ഓരോ പകുതിയിലെ അന്ത്യാക്ഷരത്തെ ഗുരുവാക്കിക്കൊണ്ടു് ഈ അക്ഷരങ്ങളെ പ്രത്യേകവരികളാക്കി കല്പിക്കയും, അപ്രകാരമുള്ള രണ്ടുവരികൾ കഴികെ ഒരു സാധാരണമല്ലിക പ്രയോഗിക്കയും ചെയ്തിരിക്കുന്നു. ഇത്തരത്തിൽ അർദ്ധമല്ലികയേയും കൂട്ടിക്കലർത്തിയിട്ടുള്ള പ്രസ്തുത വൃത്താത്തെമല്ലികയുടെ ഒരു പ്രയോഗഭേദമായിട്ടേ ഗണിക്കേണ്ടതുള്ളു.

ഠ ഠ ഠ ഠ
— — — — — —
ക ച്ച മു ണ്ട ഞെ റി ഞ്ഞു ട ത്തു (ഇരുപത്തിയാറു) മാത്രയു ള്ള മല്ലികയുടെ പകുതിക്കുവരേണ്ട പതിമ്മൂന്നും ഒട്ടവിലത്തെ അക്ഷരം ഗുരുവാക്കിയതിനാൽ അധികപ്പററുവന്നു ചേർന്നു. ഒരുമാത്രയുംകൂട്ടി ഇതിൽ 14 മാത്ര (അർദ്ധമല്ലിക) ഇതുപോലെ തന്നെ, പതിന്നാലുമാത്രയുള്ള അടുത്തചെറിയ വരിയും കഴിഞ്ഞു പച്ചമുക്കിന എന്ന നീണ്ട (സാധാരണമല്ലികയും) പ്രയോഗിച്ചിരിക്കുന്നു. ഇതുപോലെ 385-ാമത്തെവരിവരെയെന്നും കണ്ടറിയണം.

ചന്ദ്രകാവി=ചന്ദ്രകാന്തക്കല്ലിൻെറ നിറത്തിലുള്ള വസ്ത്രവിശേഷം. ഇന്ദുചൂർണ്ണം=കപ്പൂരപ്പൊടി.

L. L. 389-392. മല്ലികാവൃത്തം. നിഷേവണം=സേവനം.

L. L. 393-430. വൃത്തം വക്ത്ര പിന്നെയും. ശൈവനാമം=ശിവൻെറ നാമം. ഭീഷണികരം=ശിവനേ സംബന്ധിച്ച ത്രിപുരന്മാർ തുടങ്ങിയിട്ടുള്ള ദ്രോഹപ്രാരംഭങ്ങൾ. അക്ഷസൂത്രം=ജപിക്കാനുപയോഗിക്കുന്ന മാല. വ്യാഘ്രചമ്മം=പുലിത്തോൽ.

L. L. 431-444-ഇവിടെ മറെറാരുവൃത്തമായ മദമന്ഥരയാണ്. ലക്ഷണം.''ആറുമെട്ടും പതിന്നാലു മാത്രയായാൽ മദമന്ഥരാ" വരിയുടെ നടുക്കുയതിയും യതിക്കു മുമ്പു ആറും പിമ്പ് എട്ടും മാത്ര വരത്തക്ക അക്ഷരനിബന്ധനയും. ലഘുപ്രചുരിമയും ആണു മദമന്ഥരയുടെ ലക്ഷണങ്ങൾ.

ഠ ഠ ഠ ഠ ഠ ഠ ഠ ഠ
— — —
വി ക ട നി ടി ല ത ട ത്തിലേററം-ഇങ്ങനെ 6-ം 8-ം പതിന്നാലുമാത്രയും, നടുക്കു യതിയും, അക്ഷരങ്ങളിലധികവും ലഘുവായും കണ്ടുകൊൾക. ഭ്രുകുടി=പുരികക്കൊടി. പട്ടലം=ഇളകുന്നു. സുരനദി=ഗംഗ. കടകം (വളകൾ) ആയ ഭുജഗം=സപ്പം. നികരം=കൂട്ടം. ഫണിപടലം=പത്തിക്കൂട്ടം. തരളം=ചലിച്ചുതുടങ്ങിയ നിടിലം=നെററി. അനലൻ=അഗ്നി. തുടി=ചലനം. ഗിരിമകൾ=പാവ്വതി.

L. L. 445-483. മട്ടുമാറി,മല്ലികതുടങ്ങുന്നു. അന്ധക....ശനൻ അന്ധകാസുരനെ കൊന്നിട്ടുള്ള ശിവൻ. (സ്വർഗ്ഗത്തുനിന്നും പാരിജാതപുഷ്പംഅ പഹരിക്കാൻ ശ്രമിച്ച ഈ അസുരനെ ശിവൻ

നിഹനിച്ചു.) സിന്ധു (ഗംഗ) മൌലി (ശിരോലങ്കാരം) ആയി ധരിക്കുന്നവൻ (ശിവൻ) ഭുജംഗം (സർപ്പം) ഭൂഷണം (ചമയം) ആയിട്ടുള്ളവൻ. (ശങ്കരന്റെ രൂപഭേദപ്രൌഢി എന്നു തുടങ്ങുന്ന വരിമുതൽ, ആറുമമ്പതുമെന്നാദിയായ വരിവരെ ഇടയ്ക്കുവക്ത്രയാണു വൃത്തം) ഭൃംഗി രടി മുതലായ ഭൂതഗണങ്ങളുടെ പേരുകളെ ഇവിടെ പരിഗണിച്ചിരിക്കുന്നു. അരിതാരം ("ഹരിതാലം" എന്ന സംസ്കൃത പദത്തിന്റെ തത്ഭവം) ഒരു തരം മഞ്ഞച്ചായം. (താരൽ—താവൽ എന്ന രണ്ടുപദങ്ങൾക്കും "പൊടിച്ചതു്" എന്നർത്ഥം) നൂറു്=ചുണ്ണാമ്പു്. ഇത്തരം പലവേഷം—ഈ വരിമുതൽ പിന്നെയും മല്ലിക. ചേതസാ=മനസ്സു് കൊണ്ടു്. പാഴർ=നിസ്സാരന്മാർ. യേഷ്ടിയാൻ=യഷ്ടി (ധൂർത്തൻ) മൂഷികൻ=എലി (ഗണപതിയുടെവാഹനം)

L. L.484-495. ഇവിടെ വൃത്തം വക്ത്ര. ശൈലഭാഗേ=കൈലാസത്തിൽ. വാനവന്മാർ=ദേവന്മാർ· ചാലവെ=അടുത്തുമുമ്പിൽ

L. L. 496 – 502. ഈ സ്തുതി, മല്ലികാവൃത്തം. ശങ്കരായ നമോസ്തുതേ=ശങ്കരനേ അങ്ങേയ്ക്കു നമസ്കാരം. (ഇതുപോലെ മറ്റു പദങ്ങളിലും അന്ത്യത്തിൽ കാണുന്ന ആയ എന്നുള്ളതു്, ആയിക്കൊണ്ടെന്ന അർത്ഥമുള്ള സംസ്കൃത വിഭക്ത്യന്തപ്രത്യയമാണെന്നു് അറിയണം.) പങ്കജായുധനേ (കാമദേവനെ) ഭഞ്ജിപ്പിച്ചിട്ടുള്ളവൻ (ശിവൻ) നിരഞ്ജനൻ=അഞ്ജനം (മാലിന്യം) ഇല്ലാത്തവൻ. ഫാലത്തിൽ (നെറ്റിയിൽ) ലോലമായ (ഇളകുന്ന) കൃശാനുവിന്റെ (അഗ്നിയുടെ) രൂപത്തിലുള്ള ലോചനത്തോടു (കണ്ണോടു) കൂടിയവൻ.

L. L. 503—520· ഇവിടുത്തെ വൃത്തം മുമ്പുപറഞ്ഞിട്ടുള്ള തോടകം ആകുന്നു. പോററി=അല്ലയോ രക്ഷിതാവേ! ധരിക്കണമേ=അവിടുന്നു ഈ സംഗതികളെല്ലാം അറിയേണമേ. പടുപാഴർ=വളരെധൂർത്തർ. പടുദാനവർ=സമർത്ഥന്മാരായ അസുരന്മാർ. പുരദാനവകണ്ടകർ=അതിദുഷ്ടന്മാരായ ത്രിപുരാസുരന്മാർ. അവനു് ആകട്ടെ, (ത്രിപുരന്മാരിലൊരുത്തനുമാകട്ടെ) ഒരിത്തിരിയും (സ്വല്പംപോലും) അത്തൽ (ദുഃഖം) ഇല്ലതന്നെ. കടുന്തുടി=ഇടയൊട്ടിയ ചെറു ഇടയ്ക്ക എന്നവാദ്യവിശേഷം. മറിമാൻ=മറുവുകൾ—മനോ

ഹരമായ പുള്ളികൾ ദേഹത്തുള്ള മാൻ. ശൂലകട്ടന്തുടി=ശൂലവും കട്ടന്തുടിയും (എന്നു ദ്വന്ദ്വസമാസം) മണിവട്ടക=പാനപാത്രം കപാലം=തലയോട്ട. അവക്കു=ത്രിപുരസംഹാരത്തിന്.

L. L 521—527–ഇവിടമിത്രയും കൃശമദ്ധ്യകലർപ്പില്ലാതെ പ്രയോഗിച്ചിരിക്കുന്നു. ഒക്കത്തെക്കവേ=എല്ലാവരേയുമൊരുമിച്ചു് ചിക്കെന്നു....വിരിഞ്ചനും=മൂന്നു് അസുരന്മാരെയും ഒരുമിച്ചു;അങ്ങു് ശിവൻ) കൊല്ലുംപോൾ മാത്രമേ അവക്കു നാശമുണ്ടാകയൊള്ളു എന്നാണു ബ്രഹ്മാവു് കൊടുത്തിട്ടുള്ളവരം. മൂർഖന്മാരായഅസുരരേ.

L. L. 528–558. വൃത്തം വക്ത്രം. (ഇടയ്ക്കു കൃശമദ്ധ്യയും കലർത്തിക്കാണും). സത്വരം=പെട്ടെന്നു. വിദഗ്ദ്ധൻ=സമർത്ഥൻ. സൂതൻ=തേരാളി. നാസ്തി=ഇല്ല. താലവൃക്ഷക്കഴ=നീണ്ട കരിമ്പനത്തടി. കടകം=വള. വാസുകി=ഒരു വലിയസർപ്പം. വാസുകേ=വാസുകി"യെന്ന പദത്തിന്റെ സംബോധന. ചാരുതോൾ=മനോഹരമായ തോൾ. ഭൂരി=വളരെ. കങ്കണത്വം=വളയെന്നനില. തങ്കശൈലാധിപൻ=മഹാമേരു. കാതം=ഏകദേശം അഞ്ചുനാഴികവരുന്നദൂരം. നാലുവേദങ്ങൾ (ഋക്–യജുസ്സ്–സാമം–അഥർവ്വം എന്നിവ.) തൂണി=അമ്പുകൾ ഇട്ടുസൂക്ഷിക്കാനുള്ള ആവനാഴി. മൂവ്വർ=ബ്രഹ്മാവിഷ്ണുമഹേശ്വരന്മാർ. (അമ്പിന്റെ അറ്റത്തുള്ള ഇരുമ്പായുധം ഈ മൂന്നുപേരുടെ അംശം കൊണ്ടു തീർത്തു എന്നർത്ഥം) നന്ദികേശ്വരൻ=ശിവന്റെ ദ്വാസ്ഥൻ) സന്നിധിയിൽ കാവൽ നിൽക്കുന്ന അംഗരക്ഷകൻ.

L. L. 559–522. ഇവിടത്തെ വൃത്തം മദമന്ധരയാകുന്നു. വികാരാവേശം കാണിക്കുവാനും മററും ദ്രുതഗതിയിൽ ചൊല്ലേണ്ട ഭാഗങ്ങളെ നമ്പിയാർ സാധാരണ മദമന്ഥരയിലാണു രചിക്കാറുള്ളതു്.) കമ്പം=ഇളക്കം. ചെമ്പകബാണന്റെ (കാമദേവന്റെ വൈരി (ശത്രു)–ശിവൻ. ആറു്=ഗംഗ. അലച്ചു=ക്ഷോഭിച്ചു. കൂറ=സ്നേഹം. ഇളച്ചു ഉപേക്ഷിച്ചു. (ഇതേവരെ ത്രിപുരന്മാരോടു് ശിവനുണ്ടായിരുന്ന കൂറ് ഈ അവസരത്തിൽ അദ്ദേഹം തീരേ ഉപേക്ഷിച്ചു) ആഹവം=യുദ്ധം. (ഇവിടെ, ആറലച്ചു.......മുറച്ചു എന്നുള്ള വരി, മദമന്ധരയുടെ ഇരട്ടിയാകുന്നു. ആകെ ഇരുപത്തിയെട്ടുമാത്ര) കാളകണ്ഠശരീരം=ശിവശരീരം. വൃത്തത്തിനുവേണ്ടി ശരീരത്തെ 'ശരിര'മെന്നു ഉച്ചരിക്കണം).

L. L. 573–578. ഇവിടത്തേ വൃത്തം ദ്രുതകാകളി (ലക്ഷണം മുൻപു പറഞ്ഞിട്ടുണ്ടു്) ശ്രീപതി (വിഷ്ണു) ആകുന്ന ബാണത്തിൻെറ മുഖത്തുനിന്നു. ദാവാനലജ്ജ്വാല=കാട്ടുതീയിൽ നിന്നുമെന്നപോലെയുള്ള അഗ്നിജ്ജ്വാല. ത്രിനേത്രം=മൂന്നാംകണ്ണു്. ധൂമം=പുക. ശുക്രമുനി=അസുരഗുരു.

579- 580. ഒടുവിലത്തേ ഈരടി, ഊനകാകളിവൃത്തത്തിലുള്ളതാകുന്നു. അതിൻെറ ലക്ഷണം (കാകളിയുടെ) "രണ്ടാം പാദാവസാനത്തിൽ– വരുന്നോരു ഗണത്തിനു- വർണ്ണമൊന്നു കുറഞ്ഞീടിൽ- ഊനകാകളിയാമതു". ഊനകാകളിയുടെയും, സാധാരണകാകളിയുടെയും ആദ്യപാദങ്ങൾക്കു തമ്മിൽ യാതൊരു വ്യത്യാസവുമില്ല. എന്നാൽ രണ്ടാംപാദത്തിൽ ഒരക്ഷരത്തിൻെറ കുറവുമാത്രം ഊനകാകളിക്കുണ്ടായിരിക്കുമെന്നേ തമ്മിൽ ഭേദഗതിയുള്ളു. ദ്രുതകാകളിക്കാകട്ടെ, രണ്ടുപാദങ്ങളിലും കാകളിയേ അപേക്ഷിച്ചു ഓരോ അക്ഷരം കുറവായിരിക്കും. ഇതാണു് ഊനകാകളിയും ദ്രുതകാകളിയും തമ്മിലുള്ള വ്യത്യാസമെന്നും അറിഞ്ഞു കൊള്ളണം.

# ഈ പാഠാവലിയിൽ ഉൾപ്പെ
# മററുപുസ്തകങ്ങൾ

---

1. ഉണ്ണിരവി നാടകം

(ഗ്രന്ഥകാരൻ കെ. ശങ്കരപ്പിള്ള ബി. ഏ.)

Text for the Intermediate Examination

Malayalam part II 1937

Price 10 as.

2. അദ്ധ്യാത്മരാമായണം സുന്ദരകാണ്ഡം

(ശ്രീമാൻ കെ. ശങ്കരപ്പിള്ള അവർകൾ ബി. ഏ. എഴുതിയ

നിരൂപണത്തോടും വ്യാഖ്യാനത്തോടുംകൂടിയതു്).

Text for the Intermediate Examination

Malayalam part II 1937.

Price 12 as.

---

DC Library
*00003950*
T61 S58

T61
S58